സദ്ഭാവന
ഓൺലൈനിൽ വായിക്കുവാൻ
ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

# സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച
ശ്രീമഹാരാമായണം
കേൾക്കുവാനും വായിക്കുവാനും
സന്ദർശിക്കുക
യൂട്യൂബ് ചാനൽ
Jaihind Bharat Voice

പ്രതിമാസ മലയാള വാർത്താപത്രം | SATHBHAVANA | The Monthly Malayalam Newspaper

പുസ്തകം 25 ലക്കം 5 തിരുവനന്തപുരം 2026 മേയ് 10 പേജ് 8 വില 20 രൂപ RNI Reg. No. KERMAL /2002/7358



**വേഗത്തിലറിയാൻ**



ആൽബം -08

സ്ഫുടം ചെയ്തെടുത്ത മഹാഭാഷ
സംസ്കൃതം
ചരിത്രം പ്രാധാന്യം - 01
ബി.എസ്. ബാലചന്ദ്രൻ

അർഹതക്ക് അംഗീകാരം
'ഭാരത് സേവക്'
ബഹുമതി നൽകി ആദരിച്ചു
-03, 04, 05, 06

എഴുത്തിന്റെ
ആദരങ്ങൾ
കേന്ദ്ര സാഹിത്യ അക്കാദമി
യുവപുരസ്കാരം - 06

ഗഗനസഞ്ചാരികൾ
ജീൻ-പിയറി ബ്ലാഞ്ചാർഡ്:
ആകാശസീമകൾ കീഴടക്കിയ
സാഹസികൻ - 07

വഴിപാടും നേർച്ചകളും
കൃത്യമായി പാലിക്കണമെന്ന്
രാമായണ പ്രഭാഷണത്തിൽ
ബി.എസ് ബാലചന്ദ്രൻ- 08


## സ്ഫുടം ചെയ്തെടുത്ത മഹാഭാഷ

# സംസ്കൃതം: ചരിത്രം പ്രാധാന്യം


**ബി.എസ്. ബാലചന്ദ്രൻ**

ഭാഷകളുടെ ചരിത്രപരമായ വേരുകൾ തേടുമ്പോൾ യുഗങ്ങൾക്കപ്പുറത്തെ ലോകഭാഷയാണ് സംസ്കൃതമെന്ന് കാണാം !

ലളിതസുഭഗ സൗന്ദര്യവും മോഹനാനുഭൂതിയുമാണ് മലയാളം പകർന്നു നൽകുന്നതെങ്കിൽ പദസമൃദ്ധിയും കാവ്യാത്മകതയും സർവ്വോപരി ഈശ്വരീയതയുംകൊണ്ട് സമ്പന്നമാണ് സംസ്കൃതം. സംസ്കൃതത്തിന്റെ മഹിമയ്ക്കുമുന്നിൽ മറ്റ് ഭാഷകൾ തൊഴുതുനിൽക്കുന്നുവെന്നല്ല ഇതുകൊണ്ടർത്ഥമാക്കുന്നതെങ്കിലും അതിന്റെ പ്രൗഢിയും പ്രതാപവും അനുപമം തന്നെ.

ഇതൊരു ആരാധനാക്രമ ഭാഷയാണെന്നതാണ് മറ്റൊരു സവിശേഷത. അതുകൊണ്ടുതന്നെയാവണം 'വിശുദ്ധീകരിക്കപ്പെട്ടത്' അല്ലെങ്കിൽ 'സ്ഫുടം ചെയ്തെടുത്തത്', 'സംസ്കരിക്കപ്പെട്ടത്' എന്നൊക്കെ അർത്ഥം വരുന്ന 'സംസ്കൃതം' എന്ന പേരുണ്ടായതും! പൗരാണിക വിശ്വാസമനുസരിച്ച് ഇതിനെ ദേവഭാഷയായി കണക്കാക്കപ്പെടുന്നു.

സംസ്കൃതം ഇന്ന് പ്രധാനമായും ഈശ്വരീയ സ്തുതിഗീതങ്ങൾക്കും മന്ത്രങ്ങൾക്കുമുള്ള ഒരു ആചാരഭാഷയായാണ് ഉപയോഗിക്കപ്പെടുന്നത്. സംസ്കൃതത്തെ സംസാരഭാഷയായി ഉപയോഗിക്കുന്നവർ താരതമ്യേന വളരെ കുറവാണ്. എന്നാൽ കർണ്ണാടകയിലെ ശിവമൊഗ്ഗയ്ക്കടുത്തുള്ള 'മത്തൂർ' ഗ്രാമം വിഭിന്നമായിട്ടുള്ളതാണ്! ഈ കൊച്ചു ഗ്രാമം സംസ്കൃതത്തെ ജനങ്ങളുടെ ദൈനംദിന സംസാരഭാഷയായി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തീവ്രയത്ന പരിപാടികളുമായുള്ള പ്രയാണം തുടരുകയാണ്. ഇക്കാര്യത്തിൽ അവർ ഏറെക്കുറെ വിജയിച്ചുകഴിഞ്ഞിട്ടുമുണ്ട്. 'മത്തൂർ' ഗ്രാമത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടേയും സംസാരഭാഷ ഇപ്പോൾ സംസ്കൃതമാണ്.




ഇൻഡോ-യൂറോപ്യൻ ഭാഷാകുടുംബത്തിലെ ഏറ്റവും പുരാതന ശാഖകളിലൊന്നായാണ് സംസ്കൃതത്തെ കണക്കാക്കിയിട്ടുള്ളത്. ഗ്രീക്ക്- ലാറ്റിൻ പോലുള്ള യൂറോപ്പിലെ പുരാതന ക്ലാസിക്കൽ ഭാഷകളുമായുള്ള അടുത്ത ബന്ധത്തിന് പുറമേ ആധുനിക ഉത്തരേന്ത്യൻ ഭാഷകൾ ഇതിൽ നിന്നുമാണ് ഉരുത്തിരിഞ്ഞതെന്നും കാണാം. ദക്ഷിണേന്ത്യൻ ഭാഷകളും സംസ്കൃത പദങ്ങളാൽ പരിപൂരിതമാണ്. പുരാതന ഇന്ത്യ ലോകത്തിന് സംഭാവന നൽകിയ നിധിയാണിതെന്ന് പറഞ്ഞാലും അതൊട്ടുമധികമാവില്ല.

സംസ്കൃതം ഏതുകാലത്താണ് സൃഷ്ടിക്കപ്പെട്ടതെന്നതിനെപ്പറ്റി ഒരു ഏകീകൃതാഭിപ്രായം ഇനിയും രൂപപ്പെട്ടുവന്നിട്ടില്ല. എന്നാൽ വേദങ്ങൾ ലോകത്ത് പ്രചരിക്കപ്പെടുന്നതിന് മുമ്പ് സംസ്കൃതം രൂപപ്പെട്ടിരുന്നു എന്നതിൽ ആർക്കും സംശയമില്ല. വേദങ്ങളുണ്ടായത് പാലി ഭാഷയിലാണ്. പ്രാകൃത ഭാഷയെന്നറിയപ്പെട്ട ഈ വാമൊഴി പിൽക്കാലത്ത് സംസ്കരിക്കപ്പെട്ടാണ് സംസ്കൃതമായി രൂപപ്പെട്ടത്. വേദങ്ങൾ, ഉപനിഷത്തുകൾ, രാമായണ-മഹാഭാരതങ്ങൾ തുടങ്ങിയവയെല്ലാം മേൽപ്പറഞ്ഞ വാമൊഴിയിലൂടെയാണ് ജന്മം കൊണ്ടത്. പിൽക്കാലത്ത് അവയും സംസ്കരിക്കപ്പെട്ട് സംസ്കൃത ഭാഷയിൽ വ്യാപകമായി പ്രചരിക്കപ്പെടുകയാണുണ്ടായത്. തുടർന്ന് പാണിനിയുടെ 'അഷ്ടാധ്യായി'യിലൂടെ ഇത് ക്രോഡീകരിക്കപ്പെട്ടു. പാണിനി, പതഞ്ജലി, യാസ്കൻ തുടങ്ങിയ വ്യാകരണ പണ്ഡിതന്മാർ ഭാഷയെ പരിഷ്ക്കരിക്കുകയും വ്യാകരണ നിയമങ്ങളിലൂടെ ക്രമീകരിക്കുകയും ചെയ്തു. ഇതിനെ 'ലൗകിക സംസ്കൃതം' അല്ലെങ്കിൽ 'ക്ലാസിക്കൽ സംസ്കൃതം' എന്നുവിളിക്കുന്നു.

ആത്മാന്വേഷണവും സാക്ഷാത്ക്കാരവുമാണ് ജന്മത്തിന്റെ പരമമായ ഉദ്ദേശ്യം എന്ന വസ്തുത തിരിച്ചറിഞ്ഞ ഋഷിമാർ തങ്ങളുടെ ധ്യാനാവസ്ഥയിൽ ഉൾത്തടത്തിൽ തെളിഞ്ഞ ജ്ഞാന ശകലങ്ങൾ കോർത്തിണക്കിയപ്പോൾ വേദങ്ങളുണ്ടായി! വേദങ്ങളിൽ ഉപയോഗിക്കുന്ന സംസ്കൃതം വൈദിക സംസ്കൃതം എന്നറിയപ്പെട്ടു. വേദങ്ങൾക്കുപുറമേ ബ്രഹ്മണങ്ങൾ, ഉപനിഷത്തുകൾ എന്നിവയും ഈ കാലഘട്ടത്തിൽ രൂപംകൊണ്ടു.

സംസ്കൃതത്തിലെ ഏറ്റവും പഴക്കമേറിയതും വേദങ്ങളിൽ ആദ്യത്തേതുമായ ഗ്രന്ഥം 'ഋഗ്വേദ'മാണ്. തുടർന്ന് യജ്ജുർ-സാമ-അഥർവ്വ വേദങ്ങൾ രചിക്കപ്പെട്ടു. ഈ വേദങ്ങൾ മുതൽ ആധുനിക കാലത്തെ ശാസ്ത്രഗ്രന്ഥങ്ങൾ വരെ ഈ ഭാഷയിൽ രൂപപ്പെട്ടിട്ടുണ്ട്. ശാസ്ത്രവികാസത്തിന്റെ അത്യാധുനിക

(ശേഷം 8-ാം പേജിൽ)

**ശാസ്ത്ര ലോകം**



ജയ ശ്രീകുമാർ

# പരാജയത്തിൽ വിരിഞ്ഞ വിജയം: സ്പെൻസർ സിൽവറും പോസ്റ്റ്-ഇറ്റ് നോട്ട്സും

**നമ്മൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കണ്ടെത്തിയവരെ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണ് ഇത്**

ലോകത്തെ മാറ്റിമറിച്ച പല കണ്ടുപിടുത്തങ്ങളും വളരെ അപ്രതീക്ഷിതമായി സംഭവിച്ചവയാണ്. എന്നാൽ സയന്റിസ്റ്റ് എന്ന നിലയിൽ വലിയൊരു പരാജയമെന്ന് മറ്റുള്ളവർ കരുതിയ ഒരു കണ്ടുപിടിത്തത്തെ ലോകവിജയമാക്കി മാറ്റിയ വ്യക്തിയാണ് സ്പെൻസർ സിൽവർ (Spencer Silver). പരാജയങ്ങളിൽ തളരാതെ തന്റെ കണ്ടെത്തലിൽ വിശ്വസിച്ച ഒരു ശാസ്ത്രജ്ഞന്റെ നിശ്ചയദാർഢ്യമാണ് ഇന്ന് നമ്മുടെ മേശപ്പുറങ്ങളിലിരിക്കുന്ന മഞ്ഞക്കുറിപ്പുകൾ. പരാജയങ്ങൾ വലിയ വിജയങ്ങളിലേക്കുള്ള പടിവാതിലുകളാണെന്ന് സ്പെൻസർ സിൽവർ തന്റെ ജീവിതത്തിലൂടെ ലോകത്തിന് കാണിച്ചുകൊടുത്തു.



1941 ഫെബ്രുവരി 6-ന് അമേരിക്കയിലെ ടെക്സസിലെ സാൻ അന്റോണിയോയിലാണ് സ്പെൻസർ സിൽവർ ജനിച്ചത്. ഏണസ്റ്റ് സിൽവറിന്റെയും ബെർണിസ് സിൽവറിന്റെയും മകനായിരുന്ന അദ്ദേഹം ചെറുപ്പം മുതലേ ശാസ്ത്രവിഷയങ്ങളിൽ വലിയ താല്പര്യം പ്രകടിപ്പിച്ചിരുന്നു. അരിസോണ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് കെമിസ്ട്രിയിൽ ബിരുദം നേടിയ ശേഷം, 1966-ൽ യൂണിവേഴ്സിറ്റി ഓഫ് കൊളറാഡോയിൽ നിന്ന് ഓർഗാനിക് കെമിസ്ട്രിയിൽ പി.എച്ച്.ഡി കരസ്ഥമാക്കി. ആ വർഷം തന്നെ അദ്ദേഹം പ്രശസ്തമായ 3M കമ്പനിയിൽ സീനിയർ കെമിസ്റ്റായി ജോലിയിൽ പ്രവേശിച്ചു. 1968ൽ വിമാനങ്ങളുടെ നിർമ്മാണത്തിനായി ഉപയോഗിക്കാവുന്ന, അസാമാന്യ ശക്തിയുള്ള ഒരു പശ വികസിപ്പിക്കുക എന്ന ലക്ഷ്യവുമായി അദ്ദേഹം നടത്തിയ

(ശേഷം 7-ാം പേജിൽ)

**ചിറകുള്ള മുന്തിരിപ്പൂക്കൾ**



മഞ്ജു ശ്രീകണ്ഠൻ

# ശകുനവും ഭാഗ്യവും

'ശകുനം' എന്നൊന്നുണ്ടോ...? ഈ ചോദ്യത്തിന് "തെങ്ങാണോ തേങ്ങയാണോ മൂത്തത്?" എന്ന മറു ചോദ്യമായിരിക്കും കൃത്യമായ മറുപടി.


അതേപോലെ തന്നെയാണ് 'ഭാഗ്യം' എന്നതും. ഭാഗ്യവാന്മാരും നിർഭാഗ്യവാന്മാരും ഉണ്ടോ..? എന്ന ചോദ്യത്തിനും അർത്ഥശങ്കക്കിടയില്ലാത്തവിധം മറുപടി പറയാനാവില്ല. എന്നാൽ ഏതെങ്കിലുമൊരു പ്രശ്നത്തിൽ 'തലനാരിഴയ്ക്ക്' രക്ഷപ്പെടുമ്പോൾ എല്ലാവരും ഒരേപോലെ പറയും 'ഭാഗ്യം'!

1991 ലെ ലോക്സഭാ തെരഞ്ഞെടുപ്പ് കാലഘട്ടം. മേയ് 20നായിരുന്നു വോട്ടെടുപ്പ്. നിർമ്മാൺ ഭവനിലെ പോളിംഗ് ബൂത്തിൽ വോട്ടുരേഖപ്പെടുത്താനായി രാജീവ്ഗാന്ധിയും സോണിയാഗാന്ധിയും വരിയിൽ തങ്ങളുടെ ഊഴവും കാത്തുനിൽക്കുകയാണ്.


(ശേഷം 7-ാം പേജിൽ)



രാജീവ് ഗാന്ധി




സോണിയാ ഗാന്ധി



പ്രിയങ്കാ ഗാന്ധി



എസ്.കെ. നായർ



ശ്രീകണ്ഠൻ നായർ



എൻ.കൃഷ്ണൻ നായർ



വൈക്കം ചന്ദ്രശേഖരൻ നായർ

# മുറുകും മുഴയും



ഡോ. രമേശ് ഇളമൺ നമ്പൂതിരി

### പൂർണ്ണത

ഓതിയ മൊഴികളിന്നു ഞാനുറപ്പിക്കും
ഏകിയ വാഗ്ദാനങ്ങളൊക്കെ
സത്യപൂരിതമാക്കും
നിദ്രവിട്ടുണർന്നു ഞാനൊരു പതംഗമായ് പറക്കും
ചിദ്രൂപമേതോ സത്യമെന്റെ കാവലായ്
ചുറ്റും നിൽക്കും
നഷ്ടദിനങ്ങളെ വിസ്മൃതിയിൽ മുക്കി
ക്ലിഷ്ടഭാവങ്ങളെ മുഷ്ടികൊണ്ടൊതുക്കി
ഭൂതകാലത്തിന്റെ ചോരുന്ന ഗേഹങ്ങൾ
വെടിഞ്ഞു ഞാൻ
സാഗര സമാനമൊരു സങ്കല്പ പൂർണ്ണിമയാകും

### അൽപഹർഷം

തൊട്ടടുത്ത ഫാക്റ്ററിയിൽ നിന്നും
ഭീതിദമായ ശബ്ദം.
അതു നിലയ്ക്കുന്നില്ല.
മകൻ വല്ലാത്ത സന്തോഷത്തിലാണ്.
മുറിയിൽ അടച്ചിട്ടിരിക്കുന്ന അച്ഛന്റെ കരച്ചിൽ
മറ്റാരും കേൾക്കുകയില്ലല്ലോ.
ഫാക്റ്ററിയിലെ ഉദ്യാനത്തിലെ മന്ദാരപ്പൂവും
ഒരു നാൾ കൊഴിയുമെന്ന് അവനോർക്കുന്നില്ല.

### അമരത്വം

മഞ്ഞുപെയ്യുന്ന രാവിന്റെ മെയ്യിൽ
ഒന്ന് ചായുവാൻ വല്ലാത്ത മോഹം
നാദം വിതയ്ക്കുന്ന പക്ഷിതൻ പാട്ടിൽ
ഇല്ലാതെയാകുവാൻ മോഹം.
മന്ദം ചിരിക്കുന്ന തെന്നലിൻ കവിളിൽ
ഒന്ന് നുള്ളുവാൻ എന്തൊരു ദാഹം
മൃത്യു ഇല്ലെന്ന തോന്നലീ യാമത്തിൽ
മർത്ത്യനല്ലാതെയാക്കുന്നിതെന്നെ.

### ശൂന്യം

വെള്ള കുഞ്ഞരിപ്രാവ് ചിറകറ്റു താഴേക്കു പതിച്ചു.
അവന്റെ ചിറകുകളിൽ മാരിവില്ലിന്റെ വർണ്ണങ്ങൾ.
ആകാശഗംഗയുടെ സങ്കൽപ്പ ശീതളിമ ഉടലിൽ.
എന്റെ ആകാശത്തിൽ പാറിപ്പറക്കുവാൻ
പിന്നെ പതിക്കുവാൻ ഇനി
ഒരു പ്രാവും ബാക്കിയില്ല.

### സന്ദേഹം

തല ഉറക്കത്തിലാണ്
കാലുകൾ വേഗതയിലും
എവിടെയാവും ചെന്നെത്തുക!

# കാര്യവിചാരം

## ആത്മീയ ജ്ഞാനം തേടി ഇംഗ്ലണ്ടിൽ നിന്ന് ഇന്ത്യയിലെത്തിയ മാലാഖ - സിസ്റ്റർ നിവേദിത



പ്രൊഫ. ജി. ബാലചന്ദ്രൻ

സ്വാമി വിവേകാനന്ദനാണ് സിസ്റ്റർ നിവേദിതയുടെ ജീവിതത്തിൽ പുതിയ പന്ഥാവ് വെട്ടിത്തെളിച്ചത്. ഐർലണ്ടിൽ ജനിച്ച മാർഗരറ്റ് എലിസബത്ത് നോബിളാണ് വിവേകാനന്ദന്റെ ശിഷ്യയായ ശേഷം സിസ്റ്റർ നിവേദിത ആയത്. ഇംഗ്ലണ്ടിൽ വച്ചുള്ള സ്വാമി വിവേകാനന്ദന്റെ പ്രസംഗങ്ങൾ മാർഗരറ്റിന് ഇന്ത്യൻ ആത്മീയതയുടെ ആത്മാവിലേക്കു കടന്നു ചെല്ലാൻ പ്രചോദനമായി. ദീർഘമായ കത്തുകളിലൂടെ അവരുടെ ആശയങ്ങൾ പങ്കുവച്ചു. മനുഷ്യൻ ആദ്ധ്യാത്മിക ശക്തിയെപ്പറ്റി അറിഞ്ഞിരിക്കണമെന്നും അന്ധവിശ്വാസങ്ങളിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കണമെന്നും ഉപദേശിച്ചു. അതാണ് തന്റെ ദൗത്യമെന്നും വിവേകാനന്ദൻ അറിയിച്ചു. രാമകൃഷ്ണ മിഷന്റെ പ്രവർത്തനങ്ങളിൽ പ്രാപ്തരായ വനിതാ പ്രവർത്തകർ ഇല്ലാത്തതാണ് ഇപ്പോഴത്തെ പ്രശ്നമെന്ന് സ്വാമികൾ ബോധ്യപ്പെടുത്തി. സേവന സന്നദ്ധതയോടെ ഇന്ത്യയിലേക്കു വരുവാൻ മാർഗരറ്റ് തിരുമാനിച്ചു. തുടർന്നുള്ള പ്രവർത്തനങ്ങൾ മൂലം മാർഗരറ്റ്, സിസ്റ്റർ നിവേദിത എന്ന പേരിൽ പ്രസിദ്ധയായി. ഇന്ത്യയിലെത്തിയ സിസ്റ്റർ നിവേദിത ഇന്ത്യയിലെ സാമൂഹ്യ അസമത്വങ്ങൾ ദൂരികരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതയായി. കുട്ടികളെ പഠിപ്പിക്കുന്നതിലും സാധു ജനങ്ങളെ സഹായിക്കുന്നതിലും താത്പര്യം കാണിച്ചു തന്റെ കർമ്മഭൂമി ഇന്ത്യയാണെന്നവർ കണ്ടെത്തി. കല്ക്കട്ടയിൽ 1898ൽ കപ്പലിറങ്ങിയ നിവേദിത

(ശേഷം 2-ാം പേജിൽ)



# ഏപ്രിൽ ഡയറി

ആശ അരവിന്ദ്

## ഏപ്രിൽ 1

- ബഹിരാകാശ ഗവേഷണ ചരിത്രത്തിലെ പുതിയൊരു അധ്യായത്തിന് തുടക്കം കുറിച്ചുകൊണ്ട് ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിലെ 39 ബി വിക്ഷേപണത്തറയിൽ നിന്ന് നാസയുടെ ആർട്ടെമിസ്-2 ദൗത്യം വിജയകരമായി വിക്ഷേപിച്ചു. ഓറെൺ പേടകത്തിൽ നാല് ബഹിരാകാശ സഞ്ചാരികളാണ് ഈ യാത്രയിലുള്ളത്. ഈ ദൗത്യത്തിലൂടെ ചന്ദ്രനിലേക്ക് പോകുന്ന ആദ്യ വനിതയായി നാസയുടെ ക്രിസ്റ്റീന കോച്ച് മാറി.

## ഏപ്രിൽ 2

- മലയാളി ദമ്പതികൾ ഉൾപ്പെട്ട സംഘത്തിനു ബ്രേക് ത്രൂ പ്രൈസ് ഇൻ ഫണ്ടമെന്റൽ ഫിസിക്സ് അവാർഡ്. 28 കോടിയിലധികം രൂപയുടേതാണു പുരസ്കാരം. കോട്ടയം സൗപർണികയിൽ ഡോ. സുവർണ രാമചന്ദ്രൻ, ഭർത്താവ് കണ്ണൂർ കിളിയന്തറ പൈമറ്റത്തിൽ ഡോ. ജെമിൻ ജോർജ് എന്നിവരുൾപ്പെട്ട 300 അംഗ സംഘത്തിനാണു പുരസ്കാരം. മ്യുയോൺ മാഗ്നറ്റിക് മൊമന്റിന്റെ ഏറ്റവും കൃത്യമായ അളവ് കണ്ടെത്തിയതിനാണ് അവാർഡ്. ആറ്റത്തിലെ ഇലക്ട്രോൺ പോലുള്ള കണമാണു മ്യുയോൺ.

## ഏപ്രിൽ 3

- സൗരോർജ്ജ, കാറ്റാടി ശേഷിയിലെ ദ്രുതഗതിയിലുള്ള വികാസത്താൽ, 2025 ൽ ചൈനയ്ക്കും അമേരിക്കയ്ക്കും ശേഷം ആഗോളതലത്തിൽ മൂന്നാമത്തെ വലിയ പുനരുപയോഗ ഊർജ്ജ വിപണിയായി ഇന്ത്യ ഉയർന്നുവന്നതായി ഇന്റർനാഷണൽ റിന്യൂവബിൾ എനർജി ഏജൻസി (ഐറീന) അതിന്റെ വാർഷിക പുനരുപയോഗ ശേഷി സ്ഥിതിവിവരക്കണക്കുകൾ 2026 റിപ്പോർട്ടിൽ പറഞ്ഞു. 2025-ൽ ഇന്ത്യയുടെ സ്ഥാപിത പുനരുപയോഗ ഊർജ്ജ ശേഷി 250.5 ജിഗാവാട്ട് ആയിരുന്നു.

## ഏപ്രിൽ 4

- തായ്‌ലൻഡിലെ ബാങ്കോക്കിൽ നടന്ന വേൾഡ് ആർച്ചറി പാരാ സീരീസിൽ കോമ്പൗണ്ട് ആർച്ചറിയിൽ ഇന്ത്യ മികച്ച പ്രകടനം കാഴ്ചവച്ചു, മൂന്ന് ടീം സ്വർണ്ണ മെഡലുകൾ നേടി.

## ഏപ്രിൽ 5

- ഇന്ത്യയുടെ ബഹിരാകാശ ദൗത്യമായ ഗഗൻയാന് മുന്നോടിയായി ഗഗൻയാത്രികരുടെ ശാരീരിക-മാനസിക കരുത്ത് പരിശോധിക്കുന്നതിനുള്ള 'മിഷൻ മിത്ര'യ്ക്ക് ലഡാക്കിൽ തുടക്കം. സമുദ്രനിരപ്പിൽ നിന്ന് 3,500 മീറ്റർ ഉയരത്തിലുള്ള ലേയിലാണ് അതിതീവ്ര സാഹചര്യങ്ങളെ അതിജീവിക്കാനുള്ള പരിശീലനം നടക്കുന്നത്. ഐഎസ്ആർഒയും ഐഎഎഫ്-ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയറോസ്പേസ് മെഡിസിനും സംയുക്തമായാണ് ഈ പഠനം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

## ഏപ്രിൽ 6

- ആന്ധ്രാപ്രദേശിന്റെ തലസ്ഥാനമായി അമരാവതിയെ പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ ഔദ്യോഗിക വിജ്ഞാപനം പുറത്തിറക്കി. ആന്ധ്രാപ്രദേശ് പുനസംഘടന (ഭേദഗതി) 2026 നിയമത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം. തിങ്കളാഴ്ച ഒപ്പുവെച്ച ഗസറ്റ് വിജ്ഞാപനപ്രകാരം, 2024 ജൂൺ രണ്ടു മുതൽ മുൻകാല പ്രാബല്യത്തോടെ അമരാവതി തലസ്ഥാനമായി നിലവിൽ വരും. തെലങ്കാന രൂപീകരണത്തിന് ശേഷം 12 വർഷങ്ങൾക്ക് ശേഷമാണ് ആന്ധ്രാപ്രദേശ് സ്വന്തം സ്ഥിര തലസ്ഥാനത്തിലേക്ക് നീങ്ങുന്നത്.

## ഏപ്രിൽ 7

- ചരിത്രപരമായ ദൂരം - ആർട്ടെമിസ് കക പേടകം ചന്ദ്രന്റെ മറുവശത്ത് (Far Side) എത്തി. ഭൂമിയിൽ നിന്ന് ഏകദേശം 4,06,773 കിലോമീറ്റർ അകലെ എത്തിയതോടെ, മനുഷ്യൻ ബഹിരാകാശത്ത് യാത്ര ചെയ്യുന്ന ഏറ്റവും കൂടിയ ദൂരം എന്ന പുതിയ റെക്കോർഡ് ഈ ദൗത്യം സ്ഥാപിച്ചു.

## ഏപ്രിൽ 8

- ന്യൂക്ലിയർ പവർ നേട്ടം - തമിഴ്നാട്ടിലെ കല്പാക്കത്തുള്ള ഇന്ത്യയുടെ തദ്ദേശീയമായി വികസിപ്പിച്ച ആണവ റിയാക്ടറായ പ്രോട്ടോടൈപ്പ് ഫാസ്റ്റ് ബ്രീഡർ റിയാക്ടർ (PFBR) പ്രവർത്തനക്ഷമത കൈവരിച്ചു. പുറമെ നിന്നുള്ള ഇടപെടലുകളില്ലാതെ തന്നെ റിയാക്ടറിന് ഇപ്പോൾ സ്വയം നിലനിൽക്കുന്ന ഒരു ആണവ വിഘടനാ പ്രക്രിയ (Nuclear fission reaction) കൈവരിക്കാൻ സാധിക്കുമെന്നാണ് ഇതർത്ഥമാക്കുന്നത്.

## ഏപ്രിൽ 9

- ആഗോള ഇന്റർനെറ്റ് സാങ്കേതികവിദ്യയിൽ ചരിത്രപരമായ മുന്നേറ്റവുമായി യുണൈറ്റഡ് അറബ് എമിറേറ്റ്സ്. ലോകത്തിലെ ആദ്യത്തെ വാണിജ്യ അപ്പർ 6GHz നെറ്റ്‌വർക്ക് ആരംഭിച്ചുകൊണ്ട് ലോകത്തിലെ ആദ്യത്തെ '10 ഗിഗാ' രാജ്യമായി യുഎഇ മാറി. 2026-ലെ അൾട്രാ ഫാസ്റ്റ് ഇന്റർനെറ്റ് സൗകര്യം ഉറപ്പാക്കുന്ന ഈ പുതിയ നെറ്റ്‌വർക്ക്, ഇന്റർനെറ്റ് കണക്ഷനുകൾ കൂടുതൽ വേഗമേറിയതും തടസ്സമില്ലാത്തതുമാക്കാൻ സഹായിക്കും. മികച്ച കവറേജും ഉയർന്ന വേഗതയും ഒരേസമയം നൽകാൻ കഴിയുന്ന ഈ സാങ്കേതികവിദ്യ, ഭാവിയിലെ 6G വിപ്ലവത്തിലേക്കുള്ള വലിയൊരു ചുവടുവെപ്പായാണ് വിലയിരുത്തപ്പെടുന്നത്.

## ഏപ്രിൽ 10

- ഐപിഎൽ ചരിത്രത്തിൽ അപൂർവനേട്ടം സ്വന്തമാക്കി ആർസിബി പേസർ ഭുവനേശ്വർ കുമാർ. ഐപിഎല്ലിൽ 200 വിക്കറ്റുകൾ സ്വന്തമാക്കുന്ന ആദ്യ പേസ് ബൗളർ എന്ന അപൂർവ റെക്കോർഡാണ് ഭുവി സ്വന്തമാക്കിയത്. ചിന്നസ്വാമി സ്റ്റേഡിയത്തിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരായ മത്സരത്തിൽ ചെന്നൈ താരം ആയുഷ് മാത്രെയെ പുറത്താക്കിയാണ് ഭുവനേശ്വർ ഈ നേട്ടത്തിലെത്തിയത്.

## ഏപ്രിൽ 11

- ആർട്ടെമിസ് II മടക്കം ചന്ദ്രനെ വലംവെച്ചുള്ള നാസയുടെ മനുഷ്യദൗത്യമായ ആർട്ടെമിസ് 2 വിജയകരമായി പൂർത്തിയായി. പത്തുദിവസത്തെ പര്യവേക്ഷണത്തിന് ശേഷം സഞ്ചാരികൾ സഞ്ചരിച്ച ഒറിയോൺ പേടകം പസഫിക് സമുദ്രത്തിൽ സുരക്ഷിതമായി ലാൻഡ് ചെയ്തു. ഇന്ത്യൻ സമയം ഇന്ന് പുലർച്ചെ 5:37-ഓടെ കാലിഫോർണിയ തീരത്താണ് പേടകം പതിച്ചത്. അമേരിക്കൻ സഞ്ചാരികളായ റീഡ് വൈസ്മാൻ, വിക്ടർ ഗ്ലോവർ, ക്രിസ്റ്റീന കോക്ക്, കനേഡിയൻ സഞ്ചാരി ജെറമി ഹാൻസൺ എന്നിവരാണ് ദൗത്യത്തിലുണ്ടായിരുന്നത്.

## ഏപ്രിൽ 12

- 19 വർഷത്തെ ഐപിഎൽ ചരിത്രം തിരുത്തി അഭിഷേക് ശർമ്മ; മറ്റൊരു ഇന്ത്യൻ താരത്തിനുമില്ലാത്ത അപൂർവ റെക്കോർഡ്. ഐപിഎല്ലിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ സെഞ്ചുറിയുമായി അപൂർവ റെക്കോർഡ് സ്വന്തമാക്കി സൺറൈസേഴ്സ് ഹൈദരാബാദ് ഓപ്പണർ അഭിഷേക് ശർമ്മ.

## ഏപ്രിൽ 13

- ഭാരതീയ തത്വചിന്തകനും ആത്മീയ നേതാവുമായ സ്വാമി വിവേകാനന്ദന്റെ അമേരിക്കയിലെ ആദ്യത്തെ പൂർണ്ണകായ വെങ്കല പ്രതിമ സിയാറ്റിലിൽ അനാച്ഛാദനം ചെയ്തു. അമേരിക്കയിൽ ഒരു നഗരസഭയുടെ കീഴിലുള്ള പൊതുസ്ഥലത്ത് വിവേകാനന്ദ പ്രതിമ സ്ഥാപിക്കുന്ന ആദ്യ നഗരമായി സിയാറ്റിൽ മാറി. ഇന്ത്യൻ ശിൽപി നരേഷ് കുമാർ കുമാവത്താണ് ഈ വെങ്കല പ്രതിമ നിർമ്മിച്ചത്. സിയാറ്റിൽ മേയർ കാറ്റി വിൽസണും സിയാറ്റിലിലെ ഇന്ത്യൻ കോൺസൽ ജനറൽ പ്രകാശ് ഗുപ്തയും ചേർന്നാണ് പ്രതിമ അനാച്ഛാദനം ചെയ്തത്.

## ഏപ്രിൽ 14

- ചൈനയിലെ നിങ്ബോയിൽ നടന്ന ബാഡ്മിന്റൺ ഏഷ്യ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ യുവതാരം ആയുഷ്ഷെട്ടി ചരിത്രപരമായ വെള്ളി മെഡൽ സ്വന്തമാക്കി. ടൂർണമെന്റിന്റെ 61 വർഷത്തെ ചരിത്രത്തിൽ പുരുഷ സിംഗിൾസിൽ വെള്ളി മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരം എന്ന റെക്കോർഡും ഇതോടെ 20-കാരനായ ആയുഷ് തന്റെ പേരിൽ കുറിച്ചു, ഈ വെള്ളി മെഡൽ നേട്ടത്തോടെ ലോക റാങ്കിംഗിൽ ആയുഷ് 18-ാം സ്ഥാനത്തേക്ക് ഉയരും. മംഗലാപുരം സ്വദേശിയായ ഈ യുവതാരത്തിന്റെ നേട്ടം ഇന്ത്യൻ ബാഡ്മിന്റണിന് പുതിയൊരു ഊർജ്ജമായി മാറിയിരിക്കുകയാണ്.

## ഏപ്രിൽ 15

- ഗഗൻയാനിലെ നിർണായകമായ രണ്ടാമത്തെ ഇന്റഗ്രേറ്റഡ് എയർ ഡ്രോപ്പ് ടെസ്റ്റ് (IADT02) ഐഎസ്ആർഒ വിജയകരമായി പൂർത്തിയാക്കി. ബഹിരാകാശ സഞ്ചാരികൾ സഞ്ചരിക്കുന്ന ക്രൂ മൊഡ്യൂളിന്റെ സുരക്ഷയും പാരച്യൂട്ട് സംവിധാനത്തിന്റെ കാര്യക്ഷമതയും പരിശോധിക്കുന്നതിനായിരുന്നു ഈ പരീക്ഷണം. മൊഡ്യൂൾ താഴേക്ക് പതിക്കുമ്പോഴുണ്ടാകുന്ന സങ്കീർണ്ണമായ വെല്ലുവിളികളെ അതിജീവിക്കാനും സുരക്ഷിതമായ ലാൻഡിംഗ് ഉറപ്പാക്കാനും ഈ പരീക്ഷണത്തിലൂടെ സാധിച്ചു. ഗഗൻയാൻ ദൗത്യം നടപ്പിലാക്കുന്നതിലേക്ക് രാജ്യം ഒരു വലിയ ചുവടുകൂടി അടുത്തിരിക്കുകയാണെന്ന് ഐഎസ്ആർഒ അറിയിച്ചു.

## ഏപ്രിൽ 16

- ഇന്ത്യൻ ചെസ്സ് ചരിത്രത്തിൽ പുതിയ അധ്യായം രചിച്ച് ഗ്രാൻഡ്മാസ്റ്റർ ആർ. വൈശാലി. സൈപ്രസിലെ പെഗിയയിൽ നടന്ന 2026-ലെ ഫിഡെ (FIDE) വനിതാ കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ വൈശാലി കിരീടം ചൂടി. ഈ വിജയത്തോടെ ലോക വനിതാ ചെസ്സ് ചാമ്പ്യൻഷിപ്പിൽ നിലവിലെ ചാമ്പ്യനായ ചൈനയുടെ ജു വെൻജുനെ വെല്ലുവിളിക്കാനുള്ള സുവർണ്ണാവസരവും വൈശാലി സ്വന്തമാക്കി. കൊനേരു ഹംപിക്ക് ശേഷം ലോക ചാമ്പ്യൻഷിപ്പിന് യോഗ്യത നേടുന്ന രണ്ടാമത്തെ ഇന്ത്യൻ വനിതയാണ് ഈ ചെന്നൈ സ്വദേശി

## ഏപ്രിൽ 17

- ഇന്ത്യൻ കായിക രംഗത്തെ ഏറ്റവും പഴക്കമേറിയ റെക്കോർഡുകളിലൊന്നിന് ഇനി വിട. നെതർലാൻഡ്സിൽ നടന്ന റോട്ടർഡാം മാരത്തണിൽ ഹിമാചൽ പ്രദേശുകാരനായ സാവൻ ബർവാൾ പുതിയ ദേശീയ റെക്കോർഡ് സ്ഥാപിച്ചു. 1978-ൽ ശിവനാഥ് സിംഗ് സ്ഥാപിച്ച 2:12:00 എന്ന റെക്കോർഡാണ് 48 വർഷങ്ങൾക്ക് ശേഷം സാവൻ തിരുത്തിക്കുറിച്ചത്. 2 മണിക്കൂർ 11 മിനിറ്റ് 58 സെക്കൻഡ് കൊണ്ടാണ് ഇന്ത്യൻ ആർമിയിലെ ഹവിൽദാറായ സാവൻ മത്സരം പൂർത്തിയാക്കിയത്. വെറും രണ്ട് സെക്കൻഡിന്റെ വ്യത്യാസത്തിലാണ് ചരിത്ര റെക്കോർഡ് സാവന് മുന്നിൽ വഴിമാറിയത്.

## ഏപ്രിൽ 18

- ലോകമെമ്പാടുമുള്ള ജലപ്രതിസന്ധി പരിഹരിക്കുന്നതിനായി 'വാട്ടർ ഫോർവേഡ്' (Water Forward) എന്ന പേരിൽ ബൃഹത്തായ ആഗോള സംരംഭത്തിന് ലോകബാങ്ക് തുടക്കം കുറിച്ചു. 2030-ഓടെ ലോകത്തെ 100 കോടി ആളുകൾക്ക് സുരക്ഷിതവും വിശ്വസനീയവുമായ ജലസേവനം ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2026 ഏപ്രിലിൽ നടന്ന ലോകബാങ്ക്-ഐ.എം.എഫ് സ്പ്രിംഗ് മീറ്റിംഗിലാണ് ഈ പ്രഖ്യാപനമുണ്ടായത്.

## ഏപ്രിൽ 19

- മേഘാലയ മന്ത്രിസഭ ഇംഗ്ലീഷിന് പുറമേ തദ്ദേശീയ ഖാസി, ഗാരോ ഭാഷകളും സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷകളായി പ്രഖ്യാപിച്ചു. ഈ തീരുമാനത്തെ 'ചരിത്രപരം' എന്ന് വിശേഷിപ്പിച്ചുകൊണ്ട്, മേഘാലയ മുഖ്യമന്ത്രി കോൺറാഡ് സാങ്മ, 2026 ലെ മേഘാലയ ഔദ്യോഗിക ഭാഷാ ഓർഡിനൻസിന് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകിയതായി പ്രഖ്യാപിച്ചു. സംസ്ഥാനത്തെ രണ്ട് വലിയ ഗോത്രങ്ങളുടെ ഭാഷകളായ ഖാസി, ഗാരോ എന്നിവ ഭരണഘടനയുടെ എട്ട് ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന ദീർഘകാല ആവശ്യത്തിനിടയിലാണ് ഈ നീക്കം.

## ഏപ്രിൽ 20

- ഇന്ത്യയുടെ സെമികണ്ടക്ടർ രംഗത്ത് നിർണായക മുന്നേറ്റമായി ആദ്യത്തെ അത്യാധുനിക 3D ചിപ്പ് പാക്കേജിംഗ് പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി ആരംഭിച്ചു. ഒഡിഷയിലെ ഭുവനേശ്വറിൽ ഈ ആധുനിക പ്ലാന്റിന്റെ ശിലാസ്ഥാപനം നടന്നു. ഇത് രാജ്യത്തിന്റെ സാങ്കേതിക സ്വയംപര്യാപ്തതയിലേക്ക് വലിയ ചുവടുവെപ്പായി വിലയിരുത്തപ്പെടുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഹൈ പെർഫോർമൻസ് കമ്പ്യൂട്ടിംഗ്, ടെലികോം, പ്രതിരോധ മേഖലകൾ എന്നിവയ്ക്ക് ഈ സാങ്കേതികവിദ്യ നിർണായകമാണ്.

## ഏപ്രിൽ 21

- ചൊവ്വയിലെ ജൈവ തന്മാത്രകൾ - ചൊവ്വ പര്യവേക്ഷണത്തിൽ നിർണ്ണായക വഴിത്തിരിവുമായി നാസയുടെ ക്യൂരിയോസിറ്റി റോവർ. ചൊവ്വയിലെ ഗെയിൽ ക്രേറ്ററിൽ (Gale Crater) നിന്ന് ശേഖരിച്ച സാമ്പിളുകളിൽ നിന്ന് മുമ്പ് കണ്ടെത്താത്ത ഏഴ് പുതിയ ജൈവ തന്മാത്രകൾ (Organic Molecules) കണ്ടെത്തിയതായി നാസ സ്ഥിരീകരിച്ചു. റോവറിലെ 'സാം' (SAM) എന്ന ലബോറട്ടറിയിൽ 'വെറ്റ് കെമിസ്ട്രി' എന്ന നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ഇവ വേർതിരിച്ചെടുത്തത്. കോടിക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ചൊവ്വയിൽ ജീവൻ നിലനിൽക്കാൻ ആവശ്യമായ രാസഘടകങ്ങൾ ഉണ്ടായിരുന്നു എന്നതിലേക്കാണ് ഈ കണ്ടെത്തൽ വിരൽ ചൂണ്ടുന്നത്.

## ഏപ്രിൽ 22

- ലോകത്തെ ഏറ്റവും വലിയ പരിസ്ഥിതി പുരസ്കാരങ്ങളിലൊന്നായ ഗോൾഡ്മാൻ പരിസ്ഥിതി സമ്മാനം (Goldman Environmental Prize) 2026-ൽ പ്രഖ്യാപിച്ചു. ഇത്തവണ ചരിത്രത്തിലാദ്യമായി പുരസ്കാരം നേടിയ ആറ് പേരും വനിതകളാണെന്നതാണ് പ്രത്യേകത. ആഫ്രിക്ക, ഏഷ്യ, യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ദ്വീപ് രാഷ്ട്രങ്ങൾ എന്നീ ആറ് ഭൂഖണ്ഡങ്ങളിൽ നിന്നുള്ള പരിസ്ഥിതി പോരാളികളാണ് ഈ നേട്ടം കൈവരിച്ചത്. പുരസ്കാര ജേതാക്കൾ:സാറാ ഫിഞ്ച് (യുകെ, ബോറിം കിം (ദക്ഷിണ കൊറിയ), ഇറോറോ തൻഷി (നൈജീരിയ), തിയോനില റോക്ക മാറ്റബോബ് (പാപുവ ന്യൂ ഗിനിയ), അലന്ന അകാക് ഹർലി (അലാസ്ക, യുഎസ്എ), യുവലിസ് മൊറേൽസ് ബ്ലാങ്കോ (കൊളംബിയ) ഓരോ വിജയിക്കും രണ്ടു ലക്ഷം യുഎസ് ഡോളറാണ് പുരസ്കാര തുകയായി ലഭിക്കുന്നത്. സാധാരണക്കാരായ ജനങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനായി നടത്തുന്ന അസാധാരണമായ ഇടപെടലുകളെ അംഗീകരിക്കുന്നതിനാണ് 1989 മുതൽ ഈ പുരസ്കാരം നൽകി വരുന്നത്.

## ഏപ്രിൽ 23

- കായിക ലോകത്തെ ഓസ്കർ എന്നറിയപ്പെടുന്ന ലോറിയസ് വേൾഡ് സ്പോർട്സ് അവാർഡുകൾ പ്രഖ്യാപിച്ചു. സ്പെയിനിലെ മാഡ്രിഡിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ടെന്നീസ് താരം കാർലോസ് അൽകാരാസ് മികച്ച പുരുഷ താരമായും, അരീന സബലങ്ക മികച്ച വനിതാ താരമായും തിരഞ്ഞെടുക്കപ്പെട്ടു. ഫുട്ബോൾ ലോകത്തെ പുതിയ വിസ്മയം സ്പാനിഷ് താരം ലാമിൻ യമാൽ മികച്ച യുവതാരത്തിനുള്ള പുരസ്കാരം നേടി. ഫ്രഞ്ച് ക്ലബ്ബായ പാരിസ് സെന്റ് ജെർമെയ്ൻ (ജടഏ) ആണ് മികച്ച ടീമായി തിരഞ്ഞെടുക്കപ്പെട്ടത്. ഫോർമുല 1 താരം ലാൻഡോ നോറിസ് 'ബ്രേക്ക്ത്രൂ ഓഫ് ദി ഇയർ' പുരസ്കാരത്തിന് അർഹനായി.

## ഏപ്രിൽ 24

- ഇന്ത്യയിലെ 6.5 ലക്ഷത്തോളം ഗ്രാമങ്ങളുടെ സൂക്ഷ്മമായ ഭൂവിവരങ്ങൾ ഉൾക്കൊള്ളുന്ന ഉയർന്ന റെസല്യൂഷൻ ഭൂപട നിർമ്മാണം പൂർത്തിയായതായി ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനം (ISRO) അറിയിച്ചു. ദേശീയ പഞ്ചായത്തീരാജ് ദിനത്തിലാണ് (2026 ഏപ്രിൽ 24) ഈ സുപ്രധാന പ്രഖ്യാപനം ഉണ്ടായത്. പതിറ്റാണ്ടുകൾ നീണ്ട ഉപഗ്രഹ നിരീക്ഷണത്തിലൂടെയും ദേശീയ റിമോട്ട് സെൻസിംഗ് സെന്ററിന്റെ (NRSC) ചിട്ടയായ പ്രവർത്തനത്തിലൂടെയുമാണ് ഈ സംരംഭം പൂർത്തിയായത്. പ്രാദേശിക ഭരണകൂടങ്ങളെ ശാക്തീകരിക്കുന്നതിൽ ഈ പദ്ധതി വലിയ പങ്ക് വഹിക്കുമെന്ന് ഐഎസ്ആർഒ വ്യക്തമാക്കി.

## ഏപ്രിൽ 25

- ബോളിവുഡ് നടി സയാനി ഗുപ്തയെ ഹാർവാർഡ് സൗത്ത് ഏഷ്യൻ അസോസിയേഷൻ 'സൗത്ത് ഏഷ്യൻ പേഴ്സൺ ഓഫ് ദി ഇയർ 2026' ആയി തിരഞ്ഞെടുത്തു. സിനിമയിലൂടെയും മറ്റ് കലാപ്രവർത്തനങ്ങളിലൂടെയും സൗത്ത് ഏഷ്യൻ പ്രാതിനിധ്യം ആഗോളതലത്തിൽ ഉയർത്തിക്കാട്ടിയതിനാണ് ഈ അംഗീകാരം.

## ഏപ്രിൽ 26

- ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ രംഗത്ത് വിപ്ലവകരമായ മാറ്റത്തിനൊരുങ്ങി രാജ്യത്തെ ആദ്യത്തെ സ്വകാര്യ ഓർബിറ്റൽ റോക്കറ്റായ വിക്രം-1 (Vikram1). ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്കൈറൂട്ട് എയ്റോസ്പേസ് വികസിപ്പിച്ചെടുത്ത റോക്കറ്റ്, വിക്ഷേപണത്തിന്റെ അവസാനഘട്ട തയ്യാറെടുപ്പുകൾക്കായി ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലേക്ക് എത്തിച്ചു. ഇതോടെ ബഹിരാകാശ വിപണിയിൽ സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള ഇന്ത്യയുടെ നീക്കങ്ങൾക്ക് വലിയ ഊർജ്ജമാണ് ലഭിച്ചിരിക്കുന്നത്.

## ഏപ്രിൽ 27

- രാജ്യത്തെ ചിപ്പ് നിർമ്മാണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന് കീഴിലുള്ള സി-മെറ്റ് (CMET) തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സിലിക്കൺ ഫോട്ടോണിക്സ് സാങ്കേതികവിദ്യാ സൊല്യൂഷനുകൾ ചെന്നൈയിൽ പുറത്തിറക്കി. ഇലക്ട്രോണിക്സ് മേഖലയിലെ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുള്ള 'ആത്മനിർഭർ ഭാരത്' ദൗത്യത്തിന്റെ ഭാഗമായാണ് ചെന്നൈയിലെ ഐഐടി മദ്രാസ് റിസർച്ച് പാർക്കിൽ വെച്ച് ഈ സാങ്കേതികവിദ്യ ഔദ്യോഗികമായി അവതരിപ്പിച്ചത്.

## ഏപ്രിൽ 28

- ലക്ഷദ്വീപ് വിനോദസഞ്ചാര മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് ഇന്ത്യയിലെ ആദ്യത്തെ വാണിജ്യ ജലവിമാന (സീപ്ലെയിൻ) സർവീസിന് തുടക്കമായി. ഇതിനായുള്ള എയർ ഓപ്പറേറ്റർ സർട്ടിഫിക്കറ്റ് (AOC) സ്കൈഹോപ്പ് ഏവിയേഷന് (SkyHop Aviation) സിവിൽ ഏവിയേഷൻ ഡയറക്ടറേറ്റ് ജനറൽ (DGCA) കൈമാറി. ലക്ഷദ്വീപിലെ വിവിധ ദ്വീപുകൾക്കിടയിലുള്ള യാത്ര സുഗമമാക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

## ഏപ്രിൽ 29

- ഉത്തർപ്രദേശിലെ ഗതാഗത മേഖലയിൽ വിപ്ലവകരമായ മാറ്റം ലക്ഷ്യമിടുന്ന ബൃഹത്തായ 'ഗംഗ എക്സ്പ്രസ് വേ' പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഹർദോയിയിൽ നടന്ന ചടങ്ങിലാണ് 594 കിലോമീറ്റർ നീളമുള്ള ഈ പാത അദ്ദേഹം രാജ്യത്തിന് സമർപ്പിച്ചത്. പടിഞ്ഞാറൻ ഉത്തർപ്രദേശിലെ മീററ്റിനെ കിഴക്കൻ ഉത്തർപ്രദേശിലെ പ്രയാഗ്‌രാജുമായി ബന്ധിപ്പിക്കുന്ന ഈ പാത സംസ്ഥാനത്തെ ഏറ്റവും ദൈർഘ്യമേറിയ എക്സ്പ്രസ് വേയാണ്. ഉത്തർപ്രദേശിന്റെ സാമ്പത്തിക ഭൂപടം മാറ്റിവരയ്ക്കുന്ന ഒന്നായി ഗംഗ എക്സ്പ്രസ് വേ മാറുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

## ഏപ്രിൽ 30

- ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന് ചരിത്രനേട്ടം. കേന്ദ്ര പഞ്ചായത്തീ രാജ് മന്ത്രാലയം പുറത്തുവിട്ട 2023-24 വർഷത്തെ പഞ്ചായത്ത് ഡെവലപ്മെന്റ് ഇൻഡക്സ് പ്രകാരം ഇന്ത്യയിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തായി ചെറുതന തിരഞ്ഞെടുക്കപ്പെട്ടു. രാജ്യത്തെ രണ്ടര ലക്ഷത്തിലധികം പഞ്ചായത്തുകളുടെ പ്രകടനം വിലയിരുത്തിക്കൊണ്ടുള്ള പട്ടികയിലാണ് ചെറുതന ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. ദാരിദ്ര്യനിർമ്മാർജ്ജനം, മികച്ച ആരോഗ്യ സേവനങ്ങൾ, ശിശുസൗഹൃദ അന്തരീക്ഷം, ജലലഭ്യത, ഭരണനിർവ്വഹണം എന്നിങ്ങനെ 112-ഓളം കർശനമായ സൂചകങ്ങൾ അടിസ്ഥാനമാക്കിയാണ് റാങ്കിംഗ് തയ്യാറാക്കിയത്.

# ആത്മീയ ജ്ഞാനം തേടി ഇംഗ്ലണ്ടിൽ നിന്ന് ഇന്ത്യയിലെത്തിയ മാലാഖ - സിസ്റ്റർ നിവേദിത

(1-ാം പേജിൽ നിന്നും തുടർച്ച)

സ്ത്രീ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനും സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കുന്നതിനുമാണ് ആദ്യമായി ശ്രമിച്ചത്. രവീന്ദ്രനാഥ് ടാഗൂറിനെ നിവേദിത ചെന്നു കണ്ടു. അപ്പോൾ ടാഗൂർ വിചിത്രമായ ഒരാവശ്യം നിവേദിതയോടു പറഞ്ഞു: തന്റെ മകളെ ഒരു ഇംഗ്ലീഷ് കുട്ടിയായി വളർത്താനാണ് താൻ ആഗ്രഹിക്കുന്നതെന്നും അതുകൊണ്ട് മകളുടെ പഠനച്ചുമതല നിവേദിത ഏറ്റെടുക്കണമെന്നും. നിവേദിത അതിന് പറഞ്ഞ മറുപടി: "അതു ശരിയല്ല ഇന്ത്യാക്കാരിയായ പെൺകുട്ടി ഇന്ത്യക്കാരിയായിത്തന്നെ വളരണം . ഭാരതത്തിന്റെ ആദർശങ്ങളും സംസ്ക്കാരവും അവളെ ആവേശം കൊള്ളിക്കണം. വിദേശാദർശങ്ങൾ അവളുടെ മേൽ കെട്ടിവയ്ക്കുന്നത് ശരിയല്ല". അതാണ് നല്ലതെന്ന് ടാഗൂർ തല കുലുക്കി സമ്മതിച്ചു. എന്നുമാത്രമല്ല പില്ക്കാലത്തുണ്ടായ വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം സ്ഥാപിച്ചത് നിവേദിതയുടെ മേൽനോട്ടത്തിലാണ്. അവിടെ ഭാരതീയ സംസ്കാരത്തിനു പ്രാമുഖ്യം കൊടുത്തു.

ബംഗാളിൽ മാരകമായ പ്ളേഗ് പൊട്ടിപുറപ്പെട്ടപ്പോൾ ചേരി നിവാസികൾക്കു സാന്ത്വനമേകിക്കൊണ്ട് അവർ ഒരു 'മാലാഖ'യെപ്പോലെ പ്രവർത്തിച്ചു. അവരുടെ സ്നേഹവും പരിചരണവും കൊണ്ട് സിസ്റ്റർ ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചു. ബംഗാളിലെ വിപ്ളവാവേശവും രാമകൃഷ്ണ മിഷന്റെ പ്രവർത്തനവും പൊരുത്തപ്പെടുത്തിക്കൊണ്ടു പോകുവാൻ നിവേദിത ശ്രമിച്ചു. ഇന്ത്യയിൽ ഒരു നീണ്ട പര്യടനത്തിന് അവർ പുറപ്പെട്ടു.

ബറോഡയിലെത്തിയപ്പോൾ അരവിന്ദഘോഷ് എന്ന മഹാനെ സന്ദർശിക്കാൻ അവസരം ലഭിച്ചു. വിദേശീയാധിപത്യത്തെ എന്തു വില കൊടുത്തും തുത്തറിയണമെന്ന് ഇരുവരും തീരുമാനിച്ചു. ബറോഡയിൽ നിന്ന് പ്രവർത്തന കേന്ദ്രം അരവിന്ദഘോഷ് ബംഗാളിലേക്കു മാറ്റണമെന്ന് അപേക്ഷിച്ച നിവേദിതയാണ്. തന്റെ എല്ലാ സേവനവും വാഗ്ദാനം ചെയ്യുന്നതായി നിവേദിത അറിയിച്ചു. സാമൂഹ്യ പ്രവർത്തക മാത്രമല്ല നല്ല ഒരദ്ധ്യാപികയും എഴുത്തുകാരിയും വാഗ്മിയുമായിരുന്നു നിവേദിത. സ്വാതന്ത്ര്യ സമരത്തിനു വിദേശ സുഹൃത്തുക്കളെ സമ്പാദിക്കുന്നതിനായി നിവേദിത യൂറോപ്പിലേക്കു തിരിച്ചു. രണ്ടു വർഷത്തോളം ലണ്ടനിൽ താമസിച്ചു. അത് കഴിഞ്ഞ് വന്നപ്പോൾ നിവേദിത കേട്ടത് ഒരു ഞെട്ടിക്കുന്ന വാർത്തയാണ്. ജ്വലിക്കുന്ന വിപ്ലവ ബോധമുണ്ടായിരുന്ന അരവിന്ദഘോഷ് രാഷ്ട്രീയം വിട്ട് പോണ്ടിച്ചേരിയിൽ സന്യാസ ജീവിതം നയിക്കുന്നു എന്നാണ്. ഈ മാറ്റം ദേശസ്നേഹികൾക്കു മുഴുവൻ ദുഃഖമുണ്ടാക്കി. ഈ സംഭവം രാഷ്ട്രീയ രംഗത്തു നിന്നു പിൻമാറാൻ നിവേദിതയ്ക്കും പ്രേരകമായി. നിവേദിതയുടെ ആർജ്ജവവും പാണ്ഡിത്യവും കൊണ്ട് ഡോ: ജഗദീഷ് ചന്ദ്രബോസ്, ടാഗൂർ വിപിൻ ചന്ദ്രപാൽ, ഗോപാലകൃഷ്ണ ഗോഖലെ സുരേന്ദ്രനാഥ ബാനർജി തുടങ്ങിയ അതുല്യ പ്രതിഭകൾ സിസ്റ്റർ നിവേദിതയെ കണ്ട് ഉപദേശങ്ങൾ ആരാഞ്ഞു. അവർ കുറേക്കാലം ഉത്തരേന്ത്യയിലെ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു. കൂടെ ഡോക്ടർ ജഗദിഷ് ചന്ദ്രബോസും ഉണ്ടായിരുന്നു. ഇന്ത്യയിലെ നാനാത്വത്തിലെ ഏകത്വത്തെക്കുറിച്ച് ഒരു ലേഖന പരമ്പര തന്നെ നിവേദിത മോഡേൺ റിവ്യൂ എന്ന മാസികയിൽ പ്രസിദ്ധീകരിച്ചു. ഇന്ത്യയുടെ മഹത്ത്വവും സംസ്ക്കാരവും വിദേശീയരെ ധരിപ്പിക്കുവാനുള്ള ഒരവസരവും അവർ പാഴാക്കിയില്ല. ഇന്ത്യയിലെ അന്ധവിശ്വാസങ്ങളെയും ആചാര സമ്പ്രദായങ്ങളെയും നാനാ ജാതി മതസ്ഥരുടെ ജീവിതവും നേരിട്ടറിഞ്ഞതുകൊണ്ട് വിവിധ പുസ്തകങ്ങൾ എഴുതാൻ അവർക്കു കഴിഞ്ഞു.

ഇന്ത്യയിലും യൂറോപ്പിലും ഈ ഗ്രന്ഥങ്ങൾ വലിയ പ്രശംസ നേടി. നിവേദിതയുടെ 'മതവും ധർമ്മവും' എന്ന ഗ്രന്ഥത്തിന്റെ നിരവധി പ്രതികൾ വിറ്റഴിഞ്ഞു. വിവേകാനന്ദനെക്കുറിച്ചെഴുതിയ 'എന്റെ ഗുരു' എന്ന പുസ്തകം നിവേദിതയുടെ ആഴമേറിയ അറിവിന്റെ നിദർശനമാണ്. 'ഹിന്ദുയിസത്തിന്റേയും ബുദ്ധിസത്തിന്റേയും മിത്തുകൾ' 'കാളി മാതാ' എന്നീ ഗ്രന്ഥങ്ങൾ ശ്രദ്ധേയമാണ്. രാഷ്ട്രീയത്തിൽ നിന്ന് വിട പറഞ്ഞ് ഇന്ത്യയിലെ പുണ്യ തീർത്ഥങ്ങളിൽ സഞ്ചരിച്ച് ആത്മീയ ദർശനത്തിന്റെ പ്രചാരകയായി. ഒടുവിൽ വിവേകാനന്ദാശ്രമത്തിൽ എത്തിച്ചേർന്നു. അവിടെ അനേകം നാളുകൾ ധ്യാനനിരതയായി കഴിഞ്ഞു. അജ്ഞാനത്തിന്റേയും അന്ധവിശ്വാസത്തിന്റേയും ഇരുൾ നീക്കാൻ സിസ്റ്റർ നിവേദിത ജീവിതത്തിലുടനീളം ശ്രമിച്ചു. അടിമത്തത്തിന്റേയും ദാരിദ്ര്യത്തിന്റേയും സ്ഥാനത്ത് സ്വാതന്ത്ര്യത്തിന്റെ അഗ്നി സ്ഫുലിംഗങ്ങളും സേവനത്തിന്റെ സ്നേഹവും പകർന്നു നല്കി. പുതിയ തലമുറയ്ക്കു പോലും മാർഗ്ഗദർശകമായ മഹത്ത്വത്തിന്റെ മൂർത്തീമദ്ഭാവമാണ് നിവേദിത. ഇന്ത്യയിൽ എന്നും അവർ നക്ഷത്രത്തിളക്കമായി ശോഭിക്കും.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

**‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു**




ഡോ. വൈ. വി. കണ്ണൻ




സത്യൻ എടത്തോടി



ചന്ദ്രശേഖരൻ വൈ.എം.സി

## ഡോ. വൈ. വി. കണ്ണൻ

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകനായും ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചു. അഞ്ചാം വയസ്സു മുതൽ 34-ാം വയസ്സ് വരെ തെയ്യം രംഗത്ത് പ്രവർത്തിച്ചു. അക്കാലത്ത് കർക്കിടോത്തി, ഓണത്താർ , കളിക്കത്തെറ, നീലകേശി , പുലിയൂർകണ്ണൻ, പുലി മാരൻ, പുലിക്കണ്ടൻ, കന്നിക്കരുമകൻ, മുത്തപ്പൻ, വയനാട്ട്കുലവൻ, ഗുരുക്കൾത്തെയ്യം, ശ്രീഭൂതം, ധർമ്മദൈവം, പുതിയഭഗവതി, കേളം കുളങ്ങര ഭഗവതി, നാഗകന്നി, കക്കരഭഗവതി, നരമ്പിൽഭഗവതി, എന്നീ തെയ്യങ്ങൾ കെട്ടിയാടിയിട്ടുണ്ട്. തെയ്യച്ചമയങ്ങളുമായി ബന്ധപ്പെട്ടുള്ള കൃതികൾ രചിച്ചിട്ടുണ്ട്. കനലാടിമനസിന് മികച്ച ഫോക്ലോർ ഗ്രന്ഥരചനക്കുള്ള കേരളഫോക്‌ലോർ അക്കാദമി അവാർഡ് 2017, മുത്തപ്പൻ കൃതിക്ക് ഡോ, എം.വി.വിഷ്ണുനമ്പൂതിരി സ്മാരക ഫോക്ലോർ അവാർഡ്-2024. സാസ്ക്കാരിക വകുപ്പിന്റെ NCTICH തെയ്യംകലാഅക്കാദമിയുടെ പുരസ്ക്കാരം 2025. നവപുരംമതാതീത ദേവാലയം ചെറുശ്ശേരി ഗ്രാമം നവപുരം ദ്രാവിഡഭാഷാ പുരസ്ക്കാരം 2025. തുടങ്ങിയുള്ള അവാർഡുകൾ ലഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര സെമിനാറുകൾ ഉൾപ്പെടെയുള്ള വിവിധ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഏരിയ തെയ്യം ആർട്ടിസ്റ്റ്സ് അസോസിയേഷൻ (മാതാ) എന്ന സംഘടനയുടെ സ്ഥാപക സെക്രട്ടറി, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ക്ഷേത്രകലാ അക്കാദമി സെക്രട്ടറി, തെയ്യം അനുഷ്ഠാന പഠനകേന്ദ്രത്തിന്റെ (മാടായി) രക്ഷാധികാരി, കണ്ണൂർ സർവ്വകലാശാല ഡോ. പി. കെ. രാജൻ മെമ്മോറിയൽ കാമ്പസ്സ് ഗസ്റ്റ് ഫാക്കൽടി, NIFT (National Institute of Fashion Technology) കണ്ണൂർ കാമ്പസ്സ് ഗസ്റ്റ് ഫാക്കൽടി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. നിലവിൽ കേരള കലാമണ്ഡലത്തിൽ ഗവേഷണവിദ്യാർത്ഥികൾക്ക് ഗൈഡ്-ആയി പ്രവർത്തിച്ച് വരുന്നു. ക്ഷേത്രകലാ അക്കാദമി സെക്രട്ടറി, ഫോക്‌ലോർ അക്കാദമി അംഗം, കേരളലളിതകലാ അക്കാദമി അംഗം, എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

## സത്യൻ എടത്തോടി

കോഴിക്കോട് ബേപ്പൂർ സ്വദേശി. പരമ്പരാഗതമായ മരക്കപ്പൽ (ഉരു) നിർമ്മാണ രംഗത്ത് 43 വർഷത്തിലേറെ അനുഭവമുള്ള, ഉരു ശിൽപി അൽസഫീന എന്റർപ്രൈസസിന്റെ സ്ഥാപകനും ആണ്. അന്താരാഷ്ട്ര ക്ലയന്റുകൾക്കായി ഉയർന്ന നിലവാരത്തിലുള്ള ഉരുക്കൾ രൂപകൽപ്പന ചെയ്ത് നിർമ്മിക്കുന്നു. ബേപ്പൂരിലെ നാരായണൻ മെസ്തിരിയുടെ കീഴിൽ സഹായി ആയി കരിയർ ആരംഭിച്ചു. തുടർന്ന് ഖത്തറിലേക്ക് ചുവടു മാറ്റി , ഖത്തറിൽ ഉരു നിർമ്മാതാവായ കല്ഫാൻ റഷീദ് മുസൽമാനിയുടെ കീഴിൽ ജോലി ചെയ്തു. ഖത്തറിൽ ഉരു വ്യവസായിയായ യൂസഫ് അഹമ്മദ് അൽ അമ്മാരി നയിച്ച അൽഫമറിൻ ഉരു നിർമ്മാണ കമ്പനിയിൽ ചേർന്നു. ഷേക്ക് കുടുംബങ്ങൾക്കായി 10 ഉരുക്കൾ നിർമ്മിച്ച് മുൻനിര ശിൽപിയായി ഉയർന്നു. കണ്ണൂരിലെ സുൽഖ ഷിപ്‌യാർഡിൽ യൂസഫ് അഹമ്മദ് അൽ അമ്മാരിയുമായി ചേർന്ന് സംരംഭം ആരംഭിച്ചു. ഈ കാലയളവിൽ 4 ഉരുക്കൾ വിജയകരമായി ഖത്തറിലേക്ക് നിർമ്മിച്ച് കയറ്റുമതി ചെയ്തു. കേന്ദ്ര സർക്കാർ സംഘടനയായ ഫർണിച്ചർ & ഫിറ്റിംഗ്സ് സ്കിൽ കൗൺസിൽ (FFSC) നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (NSDC) കീഴിൽ ആദരിക്കപ്പെട്ടു. കേരള സർക്കാരിന്റെ ടൂറിസം & പി.ഡബ്ല്യു.ഡി വകുപ്പ് ആദരിച്ചു. വിവിധ പ്രാദേശിക സ്ഥാപനങ്ങൾ, സംഘടനകൾ, എൻജിഒകൾ എന്നിവയിൽ നിന്ന് നിരവധി അംഗീകാരങ്ങളും പുരസ്കാരങ്ങളും നേടിയിട്ടുണ്ട്.

## ചന്ദ്രശേഖരൻ വൈ.എം.സി

കാസർകോഡ് തിമിരി സ്വദേശി. സാമൂഹ്യ, സാംസ്കാരിക പ്രവർത്തകൻ. ഹോസ്ദുർഗ്ഗ് കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും 27 വർഷത്തെ സേവനത്തിനു ശേഷം റിട്ടയർ ചെയ്തു. ജന്മനാട്ടിലെയും കാസർഗോഡ് ജില്ലയിലുടനീളം സാംസ്കാരിക പ്രവർത്തനങ്ങളിൽ വ്യാപൃതനാണ്. കേരളത്തിലെ കാർഷിക ഗ്രാമവികസന ബാങ്കുകളിലെ 90% ജീവനക്കാരെ ഏകോപിപിച്ച് AKPCARDBEA (ആൾ കേരള പ്രൈമറി കോ-ഓപ്പ്. അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ) സംസ്ഥാന ജനറൽ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചു. കവി കുട്ടമത്തിന്റെ തറവാട് ക്ഷേത്രമായ കുട്ടമത്ത് കുന്നിയൂർ തേവാരമഠം നവീകരിച്ച് പ്രതിഷ്ഠ നടത്തി. കഴിഞ്ഞ 20 വർഷത്തിനകത്ത് മൂന്നു മഹാ ക്ഷേത്രങ്ങൾ ക്ഷേത്രം നിർമ്മിച്ച്, നവീകരണവും പ്രതിഷ്ഠാ കലശവും നടത്തി. കേരള സീനിയർ സിറ്റിസൺ ഫോറത്തിന്റെ ജോ. സെക്രട്ടറിയായും തണൽ ട്രസ്റ്റിന്റെ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. കേരള സർവ്വോദയ മണ്ഡലം സംസ്ഥാന ട്രഷറർ, ആൾ കേരള കാർഷിക ഗ്രാമവികസന ബാങ്ക് എംപ്ലോയീസ് - ചെയർമാൻ, റിട്ടയറീസ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ചെയർമാൻ, നീലേശ്വരം കോ-ഓപ്പറേറ്റീവ് ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പ്രസിഡണ്ട്, കേരള പ്രൈമറി കോ-ഓപ്പറേറ്റീവ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ കാസർഗോഡ് ജില്ലാ കമ്മിറ്റിയുടെ പ്രസിഡണ്ട്, ശ്രീരാമകൃഷ്ണ സേവാ ട്രസ്റ്റ് ചെയർമാൻ, സീനിയർ സിറ്റിസൺ തണൽ ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറി, ശ്രീ പട്ടറപ്പൻ മഹാവിഷ്ണു ക്ഷേത്ര ധ്വജ പ്രതിഷ്ഠ കലശ കമ്മിറ്റി ചെയർമാൻ, കേരള സീനിയർ സിറ്റിസൺസ് ഫോറം കാസർഗോഡ് ജില്ലാ കമ്മിറ്റി ജോ. സെക്രട്ടറി, കുട്ടമത്ത് കുന്നിയൂർ ഹെറിറ്റേജ് സെന്റർ സെക്രട്ടറി, - കേളപ്പജി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കൊടക്കാട് മുൻ മാനേജർ, ആസൂത്രണ സമിതി കയ്യൂർ -ചീമേനി ഗ്രാമപഞ്ചായത്ത് മുൻ മെമ്പർ, കുട്ടയത്ത് ശ്രീ ഭഗവതി ക്ഷേത്ര കമ്മിറ്റി മുൻ പ്രസിഡണ്ട്, കുട്ടമത്ത് കുന്നിയൂർ തേവാരമഠം. സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.




വടയക്കണ്ടി നാരായണൻ




പി കെ ശങ്കരൻകുട്ടി




മാത്യു എസ്. മങ്ങാട്കണ്ടച്ചിറ

## വടയക്കണ്ടി നാരായണൻ

കോഴിക്കോട് പയ്യോളി സ്വദേശി. പരിസ്ഥിതി പ്രവർത്തകൻ കവി, ഗാനരചയിതാവ്. തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കന്ററി സ്കൂളിൽ നിന്നും ഇംഗ്ലീഷ് HSST ആയി വിരമിച്ചു. തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് വിമുക്തം ആക്കാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമായി. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും പ്ലാസ്റ്റിക് ശേഖരിക്കാനായി ഓരോ സംഭരണികൾ സ്ഥാപിച്ചു. സംസ്ഥാന തല സ്കൂൾ കലോത്സവങ്ങളിൽ മലയാള പദങ്ങൾ മാത്രം ഉപയോഗിച്ച് അനൗൺസ്മെന്റ് നടത്തി ശ്രദ്ധ നേടി. മാധ്യമ പ്രവർത്തകനും രാഷ്ട്രീയ പ്രവർത്തകനും കൂടിയാണ്. പരിസ്ഥിതിയുമായി ബന്ധപ്പെട്ടുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പരിസ്ഥിതി വിദ്യാഭ്യാസ പദ്ധതിയായ സേവ് (SAVE Student Army for Vivid Environment ) ന്റെ ജില്ലാ കോഓർഡിനേറ്റർ, മടപ്പള്ളി ഗവ. കോളേജ് പൂർവ വിദ്യാർത്ഥി സംഘടനയുടെ പ്രസിഡന്റ്, പ്രൊഫ. ശോഭീന്ദ്രൻ ഫൌണ്ടേഷൻ പ്രസിഡന്റ് , ‘സംസ്കാര വേദി’ മലബാർ മേഖല സെക്രട്ടറി, സംസ്ഥാന തല ഇംഗ്ലീഷ് റിസോർസ് അദ്ധ്യാപകൻ, കേരള ജൈവ കർഷക സമിതി ജില്ലാ വൈസ് പ്രസിഡന്റ്, മൈൻഡ് ട്യൂൺ ഇക്കോ വേവ്സ് ഗ്ലോബൽ എൻ ജി ഓ സൊസൈറ്റി കേരള ചാപ്റ്റർ ചെയർമാൻ, (യൂണിവേഴ്സൽ സർവീസ് എൻവിറോൺമെന്റൽ അസോസിയേഷൻ) സംസ്ഥാന വൈസ് പ്രസിഡന്റ്, മടപ്പള്ളി ഗവ. കോളേജ് ഇംഗ്ലീഷ് പൂർവ വിദ്യാർത്ഥി സംഘടനയുടെ പ്രസിഡന്റ് , മില്ലറ്റ് മിഷൻ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. മികച്ച പരിസ്ഥിതി പ്രവർത്തനത്തിനു കേരള സർക്കാരിന്റെ ലെ വന മിത്ര പുരസ്ക്കാരം നേടിയിട്ടുണ്ട്. ദേശീയ അധ്യാപക ഇന്നോവേഷൻ പുരസ്കാരത്തിന് അർഹത നേടി. ബാംഗ്ലൂരിലെ ‘പീപ്പിൾസ് പ്ലാനറ്റ്’ എന്ന സംഘടനയുടെ ‘പ്രകൃതിയുടെ കാവലാൾ’ പുരസ്ക്കാരത്തിനും അർഹനായി.

## പി കെ ശങ്കരൻകുട്ടി

തിരുവനന്തപുരം കഴക്കൂട്ടം സ്വദേശി. 1984 മുതൽ 1997 വരെ സൈനിക ക്ഷേമ വകുപ്പിൽ എംപ്ലോയ് ആഫീസറായി ഡെപ്യൂട്ടേഷനിൽ പ്രവർത്തിച്ചു - അവിടത്തെ PROയും സൈനിക സ്മരണികയുടെ എഡിറ്ററുമായിരുന്നു. വാർത്താ വിതരണവകുപ്പിനു കീഴിലുള്ള ഇൻറർമീഡിയ പബ്ളിസിറ്റി കോ ഓർഡിനേഷൻ കമ്മിറ്റിയുടെ കേരള ഘടകത്തിൽ 17 വർഷം അംഗമായി പ്രവർത്തിച്ചു - ആകാശവാണിയിലും ദൂരദർശനിലും സൈനിക ക്ഷേമത്തെ സംബന്ധിച്ച് നിരവധി ഡോക്യുമെൻററികളും കൂടാതെ ധാരാളം ലളിത ഗാനങ്ങളും തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ 3 ഗുഡ് സർവീസ് എൻട്രികളും ഒരു ക്യാഷ് അവാർഡും സമ്മാനിച്ചു. 1991 ൽ മലയാള മനോരമയുടെ കൈ ചൂണ്ടി എന്ന പംക്തിയിൽ വിമുക്ത ഭടപുനരധിവാസത്തെ സംബഡിച്ച് 3 പരമ്പര എഴുതി മാതൃഭൂമി തൊഴിൽ വാർത്തയിൽ സൈനിക പുനരധിവാസത്തെ സംബന്ധിച്ചും അവരുടെ സൈനിക യോഗ്യതകൾക്കു നൽകിവരുന്ന സിവിൽ അംഗീകാരത്തെ സംബന്ധിച്ചും 150 ൽ പരം ലേഖന പരമ്പരകൾ പ്രസിദ്ധീകരിച്ചു. യോജന സൈനിക പുനർവാസ് സൈനിക സമാചാർ, കേരള സർക്കാരിന്റെ ജനപഥം Kerala calling തൊഴിൽ രംഗം തുടങ്ങിയവയിലും പ്രമുഖ ദിനപ്പത്രങ്ങളിലും സൈനികക്ഷേമാർത്ഥം നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സൈനികക്ഷേമ വകുപ്പ് എംപ്ലോയീസ് സഹകരണ സംഘത്തിന്റെ ഉപജ്ഞാതാവും (ചീഫ് പ്രമോർട്ടർ), ആദ്യകാല പ്രസിഡൻറും, സൈനികക്ഷേമപ്രവർത്തനങ്ങൾ ജീവിത വ്രതമാക്കിയ സിവിലിയൻ ഉദ്യോഗസ്ഥൻ, എംപ്ലോ വകുപ്പിലെ ഡെ. ഡയറക്ടറായും കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ സ്റ്റേറ്റ് കോ ഓർഡിനേറ്ററായും പ്രവർത്തിക്കുന്നു.

## മാത്യു എസ്. മങ്ങാട്കണ്ടച്ചിറ

കൊല്ലം ജില്ലയിലെ മങ്ങാട്കണ്ടച്ചിറ സ്വദേശി. തദ്ദേശ സ്വയംഭരണ വകുപ്പിൽ ദീർഘകാലം സേവനം അനുഷ്ഠിച്ച ഉദ്യോഗസ്ഥനാണ്. 1987-ൽ കൊല്ലം ജില്ലയിൽ വി.ഇ.ഒ ആയി നിയമിതനായി. കൊല്ലം ജില്ലയിലെ അഞ്ചാലുംമൂട്, മുഖത്തല, ഇത്തിക്കര, ചിറ്റുമല എന്നീ ബ്ലോക്കുകളിൽ വി.ഇ.ഒ ആയി സേവനമനുഷ്ഠിച്ചു. കൊല്ലം ജില്ലയിലെ വിവിധ ബ്ലോക്കുകളിലും, തിരുവനന്തപുരം നേമം ബ്ലോക്ക് പഞ്ചായത്തിലും ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, ഹൗസിംഗ് ഓഫീസർ എന്നീ തസ്തികകളിൽ പ്രവർത്തിച്ചു. ബ്ലോക്ക് തലത്തിൽ സമ്പൂർണ്ണ ഭവനപദ്ധതി, കുടിവെള്ള പദ്ധതി എന്നിവയുടെ ആസൂത്രണത്തിലും നടത്തിപ്പിലും പങ്കാളിയായി. കേരളത്തിലെ സുപ്രധാനമായ സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ചു. കൊല്ലം ജില്ലയിൽ കുടുംബശ്രീ ചാർജ് ഓഫീസറായി സേവനമനുഷ്ഠിച്ചു. ഹിമാചൽ പ്രദേശിലെ മണ്ടി ജില്ലയിൽ നടന്ന ദേശീയതല വിപണനമേളയിൽ (സരസ്) കേരളത്തിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചു. ജില്ലാ മേളകളിൽ പഞ്ചായത്തുകളെ പ്രതിനിധീകരിച്ച് പ്രവർത്തിച്ചു. ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച ശേഷം സാഹിത്യ സാംസ്കാരിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. മികച്ച സാമൂഹിക-സാഹിത്യ പ്രവർത്തനങ്ങൾ മുൻനിർത്തി ഫ്രണ്ട്സ് തരംഗം ആദരവ് നൽകി




കെ.കെ.ശ്രീകുമാർ




വിമലദേവി.പി



ഫൈസൽ മുഹമ്മദ്

## കെ.കെ.ശ്രീകുമാർ

കണ്ണൂർ പയ്യന്നൂർ സ്വദേശി. ആരോഗ്യ പരിപാലനത്തിന് യോഗാഭ്യാസം അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിഞ്ഞതിലൂടെ 2000 മുതൽ യോഗ ട്രെയിനിംഗ് ആരംഭിച്ചു. വിവിധ വിഭാഗങ്ങളിലായി അനേകം ആളുകളിലേക്ക് യോഗയുടെ പ്രാധാന്യം പകർന്നു നൽകി വരുന്നു. 2009 മുതൽ നാചറോപ്പതി, അക്യുപംക്ചർ, കൗൺസിലിംഗ് തുടങ്ങിയ ചികിത്സാരീതികൾ ശാസ്ത്രീയമായി അഭ്യസിക്കുകയും, ക്ലാസ്സുകൾ നടത്തി വരുകയും ചെയ്യുന്നു. സമ്പൂർണ്ണ ജൈവകൃഷിയിലേക്ക് പ്രവേശിക്കുകയും, സ്കൂൾ, കോളേജ്, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ തുടങ്ങിയ വേദികളിൽ ക്ലാസുകളും, പ്രായോഗിക പരിശീലന വർക്ക്ഷോപ്പുകളും നടത്തിവരുന്നു. സാധാരണ ജനങ്ങളിലേക്ക് മനുഷ്യാവകാശത്തെക്കുറിച്ചും, ഉപഭോക്തൃസംരക്ഷണ നിയമങ്ങളെക്കുറിച്ചും, വിവരാവകാശ നിയമങ്ങളെക്കുറിച്ചും അറിവ് നൽകാൻ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, സഹായങ്ങൾ ചെയ്തുവരികയും ചെയ്യുന്നു. 2020-മുതൽ Hypnosis എന്ന അതിസങ്കീർണ്ണമായ വിഷയത്തിൽ ശാസ്ത്രീയ പരിശീലനത്തിലൂടെ മാനസിക സമ്മർദ്ദങ്ങളെയും, മദ്യം, മയക്കുമരുന്ന് തുടങ്ങിയവ യുവാക്കളിൽ സൃഷ്ടിക്കുന്ന വിപത്തുക്കളെ ഉന്മൂലനം ചെയ്യുന്നതിനായി പ്രവർത്തിക്കുന്നു. ആഗോളതലത്തിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ ഭാരവാഹി, യോഗ അസോഷിയേഷൻ ഓഫ് കേരള ട്രെയിനർ, പ്രകൃതി ജീവന സമിതി സെക്രട്ടറി, പരിസ്ഥിതി സംരക്ഷണ സമിതി എക്സിക്യൂട്ടീവ് മെമ്പർ, കേരള ജൈവകർഷക സമിതി എക്സിക്യൂട്ടീവ് മെമ്പർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചുവരുന്നു.

## വിമലദേവി.പി

എറണാകുളം തൃപ്പൂണിത്തുറ സ്വദേശി. വീട്ടിലെ ആവശ്യത്തിനുള്ള പച്ചക്കറികൾ വീട്ടിൽ തന്നെ കൃഷി ചെയ്തു വരുന്നു. 2018 ൽ തൃപ്പൂണിത്തുറ കാർഷിക സഹകരണ ബാങ്കിന്റെ കർഷക ശ്രീ അവാർഡ് ലഭിച്ചു. 2020 മുതൽ തൃപ്പൂണിത്തുറ കൃഷി ഭവനുമായി സഹകരിച്ചു കൂടുതൽ കൃഷി ചെയ്യാൻ സാധിച്ചു. 2022, 23, 24 വർഷങ്ങളിൽ മട്ടുപാവ് കൃഷിക്ക് പ്രോത്സാഹന അവാർഡും, 2025ൽ പൂകൃഷിക്കു സ്പെഷ്യൽ ജൂറി അവാർഡും ലഭിച്ചു. തൃപ്പൂണിത്തുറ കാർഷിക സഹകരണ ബാങ്കിന്റെ പൂകൃഷിക്കുള്ള പ്രോത്സാഹന അവാർഡ് ലഭിച്ചു. വീടുകളിലും ഫ്ലാറ്റുകളിലും അലങ്കാര സസ്യങ്ങൾ സെറ്റ് ചെയ്തു കൊടുക്കുന്നു. ഒരു Plant Nursery വീട്ടിൽ തന്നെ തുടങ്ങാനും സാധിച്ചു. കൊച്ചുമോൾ സ്വന്തമായി ഒരു കറ്റാർ വാഴ തോട്ടം പരിപാലിക്കുന്നുണ്ട്. അതിൽ നിന്നും കിട്ടുന്ന വരുമാനം അവളുടെ സമ്പാദ്യം ആണ്. നിലവിൽ മട്ടുപ്പാവിൽ പച്ചക്കറികളും കൃഷിച്ചെയ്യുന്നു. അഡീനിയത്തിന്റെ മാത്രം ആയി പ്ലാന്റ് നഴ്സറിയും നടത്തുന്നുണ്ട്. ഗാർഡൻ സെറ്റ് ചെയ്യുന്ന വർക്കുകളും ഗ്രോ ബാഗ് നിറച്ചു തൈകൾ നട്ടു കൊടുക്കുന്ന വർക്കും ചെയ്തു കൊടുക്കുന്നു. ചൂരക്കാട് വെസ്റ്റ് റെസിഡൻസ്റും അസോസിയേഷൻ കമ്മിറ്റി മെമ്പറും, ട്രൂറ വനിതാ വേദി കമ്മിറ്റി മെമ്പറും ആണ്. ചൂരക്കാട് ഗവൺമെന്റ് സ്കൂളിൽ എല്ലാ വർഷവും ഒരു നിർധന വിദ്യാർത്ഥിക്ക് പഠന സഹായം ചെയ്ത് വരുന്നു. തൃപ്പൂണിത്തുറ കൃഷി ഭവന്റെ കീഴിൽ ഞാറ്റടി കർഷക കൂട്ടായ്മയിലെ അംഗമാണ്. വീട്ടിലിരുന്നു തന്നെ വരുമാനവും കണ്ടെത്തുന്നു.

## ഫൈസൽ മുഹമ്മദ്

പത്തനംതിട്ട മല്ലപ്പള്ളി സ്വദേശി. സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ. ബാങ്കിംഗ് തട്ടിപ്പുകൾ, സൈബർ കുറ്റകൃത്യങ്ങൾ, സർക്കാർ അറിയിപ്പുകൾ എന്നിവയെക്കുറിച്ച് ധാരാളം പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന വീഡിയോ വ്ളോഗുകൾ ചെയ്തിട്ടുണ്ട്. 40 രാജ്യങ്ങൾ സഞ്ചരിച്ച് ധാരാളം യാത്രാ വീഡിയോകളും ചിത്രീകരിച്ചു. പ്രവാസികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികളെ സഹായിക്കൽ, മരുന്നിന് ബുദ്ധിമുട്ടുന്നവർക്ക് അത് എത്തിച്ചു കൊടുക്കൽ, വാടക കൊടുക്കാൻ ബുദ്ധിമുട്ടിയവരെ സഹായിക്കൽ, നാട്ടിൽ ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളെ സഹായിക്കൽ , നാട്ടിലുള്ള പാവപ്പെട്ട പ്രവാസി കുടുംബങ്ങൾക്ക് ജീവിത മാർഗമായ ചെറിയ കട പോലെയുള്ള കച്ചവടങ്ങൾ തുടങ്ങാൻ സഹായം എത്തിക്കൽ, മാനസിക ബുദ്ധിമുട്ടനുഭവിക്കുന്നൾക്ക് സൗജന്യ കൗൺസിലിംഗ് സേവനം, പ്രമുഖ ഡോക്ടർമാരെ ഉൾപ്പെടുത്തി അസുഖങ്ങളെ സംബന്ധിച്ചുള്ള ഫേസ്ബുക് ലൈവ് സെഷനുകൾ, കൊറോണയിൽ നിന്നും സുഖം പ്രാപിച്ചവരുടെ അനുഭവങ്ങൾ പങ്കുവെക്കുന്ന ലൈവ്, പ്രമുഖ മാധ്യമ പ്രവർത്തകരുടെയും സാമൂഹ്യ പ്രവർത്തകരുടെയും ലൈവുകൾ, ഗായകരെയും കലാകാരന്മാരെയും ഉൾപ്പെടുത്തിയുള്ള ലൈവ് എന്റർടൈൻമെന്റ് ഷോകൾ, പ്രവാസ ലോകത്തിനു വേണ്ടി മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന പ്രമുഖരെയും കലാകാരന്മാരെയും ആദരിക്കൽ, വിദേശത്ത് കുടുങ്ങി കിടന്നവരെ നാട്ടിൽ എത്തിക്കാനുള്ള സഹായം ലഭ്യമാക്കൽ, ജോലി ആവശ്യമുള്ളവരെയും ജോലിക്കാരെ ആവശ്യമുള്ളവരെയും സഹായിക്കൽ, സ്കൂൾ ഫീസ് അടക്കാൻ ബുദ്ധിമുട്ടിയ കുട്ടികളെ സഹായിക്കൽ, ഡോക്ടറുടെ സൗജന്യ ഓൺലൈൻ കൺസൽട്ടേഷൻ സേവനം ലഭ്യമാക്കൽ, വിദേശ രാജ്യങ്ങളിൽ പെട്ടു പോയവരെ നാട്ടിലെത്തിക്കൽ, മുഖ്യധാരാ മാധ്യമങ്ങളിലൂടെ ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികളുടെ വിവരങ്ങൾ അധികാരികളിലും, പൊതുജനങ്ങളും എത്തിക്കാനുള്ള നിരവധി ഇടപെടലുകൾ, എന്നിവ നടത്തി വരുന്നു. പ്രവാസി സ്നേഹസ്പർശം പദ്ധതിയിലൂടെ അസുഖം ബാധിച്ച ധാരാളം പേരെ സാമ്പത്തികമായി സഹായിച്ചു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



ഡോ. (പ്രൊഫ.) സജീവ് മറ്റത്തിൽ



കുഞ്ഞുമോൾ. സി. എ



ജിൻഷ ബഷീർ

## ഡോ. (പ്രൊഫ.) സജീവ് മറ്റത്തിൽ

കാസർകോഡ് പരപ്പ സ്വദേശി. കഴിഞ്ഞ 30 വർഷങ്ങളായി ആരോഗ്യകരമായ ഒരു ജീവിതരീതിയെകുറിച്ച ജനങ്ങളെ ബോധവൽക്കരിക്കുകയും സ്വാഭാവികമായ ഒരു ജീവിതരീതിയിലൂടെ ജനങ്ങളുടെ ആരോഗ്യ നിലവാരം ഉയിർത്താൻ ശ്രമിക്കുകയും ചെയ്യുന്നു. അതിപുരാതനമായ അക്യുപഞ്ചർ ചികിത്സയുടെ മഹത്വം ലോകമെങ്ങും പ്രചരിപ്പിക്കുകയും, ‘Save World Without Drugs’ എന്ന ലക്ഷ്യത്തോടെ മരുന്നുകളിലുള്ള ആശ്രയം കുറച്ച് മനുഷ്യജനതയ്ക്ക് സ്വാഭാവികമായ ചികിത്സാമാർഗം നൽകുകയും ചെയ്യുന്നതാണ് പ്രധാന ലക്ഷ്യം. ഈ ചികിത്സയിലൂടെ തലവേദന, മൈഗ്രെയിൻ, പിൻവേദന, കഴുത്തുവേദന, സന്ധിവാതം, നാഡീവ്യൂഹ സംബന്ധമായ അസുഖങ്ങൾ, ഉറക്കക്കുറവ് (ഇൻസോമ്നിയ), മാനസിക സമ്മർദ്ദം, ആകാംഷ, ദഹന സംബന്ധമായ പ്രശ്നങ്ങൾ എന്നിവയുള്ള രോഗികൾ സുഖം പ്രാപിച്ചിട്ടുമുണ്ട്, സ്ഥാപനത്തിന്റെ ഫൗണ്ടർ ആണ്. ‘അക്കാദമി ഓഫ് അക്യുപഞ്ചർ ഡോ. സജീവ്’ എന്ന സ്ഥാപനത്തിലെ പ്രൊഫസർ ആണ്. അൾട്ടർനേറ്റീവ് മെഡിസിനിലും അക്യുപഞ്ചറിലും റിസർച്ചുകൾ നടത്തിയിട്ടുണ്ട്. അക്കാദമി ഓഫ് അക്യുപഞ്ചർ ഡോക്ടർ സജിവ് എന്ന സ്ഥാപനത്തിലൂടെ നിരവധി പേരെ അക്യുപഞ്ചർ എന്ന അനുഗ്രഹീത ചികിത്സാരീതി പഠിപ്പിച്ചു പാസ് ഔട്ട് ചെയ്തു. 30 പേർക്ക് ഒരു വീട് വെക്കാൻ ആവശ്യമായ 6 സെന്റ് ഭൂമി വീതം നൽകി ജീവകാരുണ്യത്തിന് മാതൃകയായി. അക്യുപഞ്ചറിൽ പി.എച്ച്.ഡി കരസ്ഥമാക്കി., ആൾട്ടർനേറ്റീവ് മെഡിസിനിൽ പി.എച്ച്.ഡി ലഭിച്ചു. മെഡിസിൻ അൾട്ടർനേറ്റീവ് ലിറ്റ് ഡി നൽകി ആദരിച്ചു. ഓപ്പൺ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്ന് കിംഗ് ഓഫ് അക്യുപഞ്ചർ അവാർഡ് ലഭിച്ചിട്ടുണ്ട്. Jayasurya Gold Medal, International Excellence സർട്ടിഫിക്കറ്റ്, ശ്രേഷ്ഠ സേവാ രത്നം ഇന്റർനാഷണൽ അവാർഡ്, ഇന്റർനാഷണൽ ഐൻസ്റ്റീൻ അവാർഡ്, സർദാർ വല്ലഭായി പട്ടേൽ അവാർഡ, ഡോ. എപിജെ അബ്ദുൽ കലാം പ്രസിഡൻഷ്യൽ അവാർഡ, മഹാത്മാ ഗാന്ധി എക്സ്സെലെൻസ് അവാർഡ്, സൗത്ത് ഏഷ്യൻ റീജണൽ കൺട്രീസ് ബ്രില്ല്യൻസ് അവാർഡ് ആൻഡ് കൾച്ചറൽ സമ്മിറ്റ്, നേപ്പാൾ 2024 കരസ്ഥമാക്കീട്ടുണ്ട്.

## കുഞ്ഞുമോൾ. സി. എ

ആലപ്പുഴ ചെങ്ങന്നൂർ സ്വദേശി. അധ്യാപക, സാമൂഹിക- രാഷ്ട്രീയ പ്രവർത്തക, സാഹിത്യകാരി, ജീവകാരുണ്യപ്രവർത്തക. നിലവിൽ ഫറൂക്കബാദ് ഡൽഹി വേൾഡ് ഫൗണ്ടേഷൻ സ്കൂളിൽ അദ്ധ്യാപികയായി പ്രവർത്തിക്കുന്നു. സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ളവർക്കായി പ്രവർത്തിക്കുന്നതിനും സഹായിക്കുന്നതിനും ഒരു അധ്യാപിക എന്നതിലുപരിയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. മാതൃകാഅധ്യാപികയായി ആദരവ് ലഭിച്ചിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തനരംഗത്തും മികവു പുലർത്തി. അയൽക്കൂട്ട സെക്രട്ടറിയായും എഡിഎസ് സെക്രട്ടറിയായും സിഡിഎസ് അംഗമായും പ്രവർത്തിക്കുകയും ജന്റർ ജില്ലാ റിസോഴ്സ് പേഴ്സൺ ആയി സ്ത്രീശാക്തീകരണത്തിനായി വിവിധ പഞ്ചായത്തുകളിൽ ക്ലാസ്സ് എടുത്തു. ജന്റർ കോർണർ വഴി സ്ത്രീകൾക്ക് നേരെയുള്ള അതിക്രമണങ്ങൾക്ക് പരിഹാരം നൽകുന്നതിനായി പരാതി പരിഹാര സെല്ലിൽ പ്രവർത്തിച്ചു. കുട്ടികളുടെയും സ്ത്രീകളുടെയും പരിരക്ഷയ്ക്കും ക്ഷേമത്തിനുമായുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി പ്രവർത്തിച്ചിരുന്നു. സിപിഐ (എം) പാർട്ടി അംഗം, മഹിളാഅസോസിയേഷൻ മേഖലാ സെക്രട്ടറി, പ്രസിഡന്റ്, ഏരിയാ കമ്മറ്റിയംഗം, ബാലസംഘം, ഏരിയാ കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. സ്കൂളിൽ കുട്ടികളെയും ചേർത്ത് നിർത്തി അഗതി അനാഥ വൃദ്ധസദനങ്ങളിൽ ആഹാരവും വസ്ത്രവും എത്തിച്ചു കൊടുക്കുന്നതിന് ചുക്കാൻ പിടിച്ചു. ചികിത്സാ സഹായം നൽകുന്നതിനും കഴിഞ്ഞു. ഒരു അധ്യാപികയെന്നതിലുപരി പാവപ്പെട്ടവർക്ക് എന്താവശ്യമുണ്ടെങ്കിലും അവരോടൊപ്പം ചേർന്നുനിന്ന് പ്രവർത്തിച്ചു. കിടപ്പുരോഗികൾക്ക് ആശ്വാസം നൽകുക, ക്യാൻസർ, കിഡ്നി രോഗികളെ സഹായിക്കുക, എന്നിവ ചെയ്യുന്നു. എല്ലാ വർഷവും തൊട്ടടുത്ത സ്കൂളിലെ കുട്ടികൾക്ക് ബുക്ക്, ബാഗ്, കുട എന്നിവ വാങ്ങി നൽകും. കൂട്ടം കുടുംബകൂട്ടായ്മ ചാരിറ്റബിൽ സൊസൈറ്റി ആലപ്പുഴ ജില്ലയുടെ പ്രസിഡന്റായി കഴിഞ്ഞ 3 വർഷമായി പ്രവർത്തിക്കുന്നു കുടുംബാംഗങ്ങളുടെ ജന്മദിനം, വിവാഹ വാർഷികം എല്ലാം വൃദ്ധസദനങ്ങളിൽ ആഘോഷമാക്കുകയും പ്രത്യേകിച്ച് ഗാന്ധിഭവനിൽ. അന്ന് അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. ശ്രീ ശ്രേഷ്ഠമാനവീയം, വിനോബ ഭാവേ പുരസ്ക്കാരം (സാമൂഹിക സേവനം), കൂട്ടം മാതൃശ്രീ അവാർഡ് (ചാരിറ്റി പ്രവർത്തനം) എന്നിവ ലഭിച്ചു. സുവർണ്ണ കവിത കാവ്യമഞ്ജരി പുരസ്ക്കാരം വയലാർ രാമവർമ്മ സുവർണ്ണ കവിത പുരസ്ക്കാരം, എന്നിവ ലഭിച്ചു. മലയാള മനോരമ നല്ലപാഠം മാതൃക അധ്യാപിക അവാർഡ്, ഏഷ്യൻ ബുക്ക് ഓഫ് വേൾഡ് റിക്കോർഡ് , സോഷ്യൽ മീഡിയ മികച്ച എഴുത്തുകാരിക്കുള്ള പുരസ്ക്കാരം എന്നിവ ലഭിച്ചു.

## ജിൻഷ ബഷീർ

ആലപ്പുഴ ചാരുമൂട് സ്വദേശി. സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ. ബാങ്കിംഗ് തട്ടിപ്പുകൾ, സൈബർ കുറ്റകൃത്യങ്ങൾ, സർക്കാർ അറിയിപ്പുകൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന വീഡിയോ വ്ളോഗുകൾ ചെയ്തിട്ടുണ്ട്. കേരളത്തിലെയും നാഷണൽ ലെവലിലും ഉള്ള 50 ൽ കൂടുതൽ മീഡിയകളിൽ വ്ളോഗിംഗിനെ കുറിച്ച് വാർത്തകൾ വന്നിട്ടുണ്ട്. കോവിഡ് കാലത്ത് ഓൾ കേരള പ്രവാസി അസോസിയേഷൻ എന്നൊരു സമൂഹമാധ്യമ കൂട്ടായ്മ ലക്ഷക്കണക്കിന് പ്രവാസികൾക്ക് സഹായകമാക്കി. പ്രവാസികളെ സഹായിക്കുന്നതിനായുള്ള ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രവാസി സ്നേഹസ്പർശം പദ്ധതിയിലൂടെ അസുഖം ബാധിച്ച ധാരാളം പേർക്ക് ലക്ഷകണക്കിന് രൂപയാണ് സാമ്പത്തികമായി സഹായിച്ചിട്ടുള്ളത് . കോവിഡ് കാലത്ത് സോഷ്യൽ മീഡിയയിലൂടെ അവബോധ പ്രവർത്തനങ്ങൾ നടത്തിയതിന്റെ പേരിൽ യൂണിസെഫ്(UNICEF) ന്റെ അവാർഡ് ഉൾപ്പെടെ ഇത് വരെ 60 ഓളം അവാർഡുകളും ലഭിച്ചിട്ടുണ്ട്.


ആർ. രാജശേഖരൻ നായർ



സുകുമാരൻ പുരന്തോടത്ത്



രാജ് മോഹൻ എസ്.

## ആർ. രാജശേഖരൻ നായർ

കൊല്ലം പുനലൂർ സ്വദേശി,. പ്രൊഫഷണൽ നാടകരംഗത്തും, സീരിയൽ രംഗത്തും വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. അവന്തിക ക്രിയേഷൻസ്, അഷ്ടപദി ക്രിയേഷൻസ് എന്നീ 2 നൃത്ത നാടക സമിതികൾ സ്വന്തമായി പ്രവർത്തിക്കുന്നു. ഒട്ടനവധി ടെലിഫിലിമുകൾ, ഓണ പ്രോഗ്രാമുകൾ, സീരിയൽ എന്നിവയിൽ അഭിനയിച്ചിട്ടുണ്ട്. സിനിമയിൽ അഭിനയിച്ചു. (ഫിലിം -22 ദി ഗെയിം). 26 വർഷമായി കലാപരിപാടികൾ, ഘോഷയാത്രകൾ ബുക്കിംഗ് രംഗത്ത് പ്രവർത്തിക്കുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കുമായി ഒട്ടേറെ ക്ഷേത്ര സമിതികളിൽ നിന്നും സംഘടനകളിൽനിന്നും പുരസ്കാരങ്ങളും ആദരവുകളും ലഭിച്ചിട്ടുണ്ട്. സിപിഐ ബ്രാഞ്ച് സെക്രട്ടറി- കരവാളൂർ, മാത്ര സർവ്വീസ് സഹകരണ ബാങ്ക്, ബോർഡ് മെമ്പർ, മാത്ര സർവ്വീസ് സഹകരണ ബാങ്ക്, കരവാളൂർ നരിക്കൽ ഡയറക്ടർ ബോർഡ് മെമ്പർ, ഓക്സ്ഫോർഡ് സെൻട്രൽ സ്കൂൾ പിടിഎ പ്രസിഡന്റ്, നന്മ യൂണിയൻ പുനലൂർ മേഖല പ്രസിഡന്റ്, ആശ്രയ ചാരിറ്റബിൾ ട്രസ്റ്റ് പുനലൂർ മണ്ഡലം പ്രസിഡന്റ് ,പീഠിക ഭഗവതി ക്ഷേത്രം ഉപദേശക സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

## സുകുമാരൻ പുരന്തോടത്ത്

കോഴിക്കോട് വടകര സ്വദേശി. രാഷ്ട്രീയ, സാമൂഹ്യ, പരിസ്ഥിതി പ്രവർത്തകൻ. വടകര എഡ്യുക്കേഷണൽ സഹകരണ സംഘത്തിന്റെ സ്ഥാപക ഡയറക്ടർ ആയി പ്രവർത്തിച്ചു. കോ.ഓപ്പറേറ്റിവ് ആർട്സ് കോളേജ് ആരംഭിച്ച് അവിടെ ഡിഗ്രി ക്ലാസ്സുകൾ നടത്തി അനേകം വിദ്യാർത്ഥികൾക്ക് സഹായകമായി ഓയിസ്ക ഇന്റർനാഷണൽ ചാപ്റ്ററിന്റെ ഭാരവാഹിയായി വിദ്യാർത്ഥികൾക്കായി പരിസ്ഥിതി ദിനത്തിൽ ഫോറസ്റ്റ്മായി ബന്ധപ്പെട്ട് ധാരാളം വ്യക്ഷതൈകൾ വച്ച് പിടിപ്പിച്ചു. അന്താരാഷ്ട്ര ഭൗമദിനത്തിൽ സെമിനാറുകൾ നടത്തുന്നു. താലൂക്ക് വികസന സമിതിയിൽ അംഗമായിരിക്കെ പ്രദേശത്തിന്റെ വികസനപരിപാടികൾ ധാരാളം നടത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ല - ഡി.സി.സി. ജനറൽ സെക്രട്ടറി, ഓയിസ്ക ഇന്റർനാഷണൽ കേരളം സ്റ്റേറ്റ് ചാപ്റ്റർ സെക്രട്ടറി, വടകര സിറ്റിസൺ കൗൺസിൽ - സെക്രട്ടറി, വികസന സമിതി അംഗം - വടകര താലൂക്ക് സഭ -എം .പി നോമിനി, വടകര ഓട്ടോഡ്രൈവേഴ്സ് സഹകരണ സംഘം മുൻ സ്ഥാപക പ്രസിഡണ്ട് വടകര എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ബി എസ് എസ് അംഗീകൃത സ്ഥാപനം), വൈസ്പ്രസിഡണ്ട്(സ്ഥാപക), വടകര താലൂക്ക് ആയുർവേദ ആശുപത്രി സഹകരണ സംഘം - ഡയറക്ടർ, വടകര ടൗൺ കോ-ഓപ്പറേറ്റീവ് സഹകരണ സംഘം - ഡയറക്ടർ , കളരി അക്കാദമി (കേരള സ്റ്റേറ്റ് , ഗവ. നോമിനി - ജോ .കൺവീനർ, കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട് കോഴിക്കോട് ജില്ല ജന .സെക്രട്ടറി, ഇന്ത്യൻ റെഡ് ക്രോസ്സ് സൊസൈറ്റി വടകര -മെമ്പർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

## രാജ് മോഹൻ എസ്.

തിരുവനന്തപുരം പൂജപ്പുര സ്വദേശി. തൃശൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നീ മെഡിക്കൽകോളേജുകളിൽ ലാബ് ടെക്നീഷ്യനായി സേവനം അനുഷ്ഠിച്ചിരുന്നു. 1988 ൽ കേരള പോലീസിൽ പ്രവേശിച്ചു. 201 5 ൽ ഹയർഗ്രേഡ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായി സർവീസിൽ നിന്നും വിരമിച്ചു. വിവിധ പോലീസ് സ്റ്റേഷനുകൾ, ട്രാഫിക്, ക്രൈംബ്രാഞ്ച്, സി.ഐ.ടി, Sute Intelligence തുടങ്ങിയ സ്ഥലങ്ങളിൽ ജോലി ചെയ്തു. കേരള മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ 2016 ൽ ലഭിച്ചിട്ടുണ്ട്. നേമം ബ്ലോക്ക് 2024-25 സംഘടിപ്പിച്ച സാംസ്കാരിക ഉത്സവത്തിൽ കവി അയ്യപ്പൻ സ്മാരക പുരസ്ക്കാരം ലഭിച്ചു. കവിയും എഴുത്തുകാരനുമാണ്.


റെജി ജോമി



ലക്ഷ്മി മോഹൻദാസ്



ഫൈസൽ എ.എം

## റെജി ജോമി

കോട്ടയം പാലാ സ്വദേശി. ജീവകാരുണ്യ - പരിസ്ഥിതി പ്രവർത്തക. ചെറുപ്പം മുതൽ പ്രകൃതിയോടും മനുഷ്യരോടും കരുണ, സ്നേഹം എന്നിവയായിരുന്നു. ഒറ്റപ്പെട്ട ജീവിക്കുന്ന വൃദ്ധർക്ക് വിശേഷപ്പെട്ട ദിവസങ്ങളിൽ 500 രൂപ വച്ച് കൊടുക്കുന്നു. പാവപ്പെട്ട രോഗികൾക്ക് മരുന്ന് വാങ്ങുവാൻ സാമ്പത്തിക സഹായം നൽകുന്നു. നാട്ടിലെ വൃദ്ധസദനങ്ങളിൽ ഭക്ഷണസാധനങ്ങൾ എത്തിച്ചു കൊടുക്കുന്നു. ഗൾഫിൽ വീട്ടുജോലിക്ക് പോകുവാൻ താല്പര്യപ്പെടുന്ന പാവപ്പെട്ട യുവതികളെ സഹായിക്കുന്നു ചികിത്സിക്കാൻ സാമ്പത്തികം ഇല്ലാതെ കഴിയുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ചെയ്തു കൊടുക്കുന്നു, വാഗമൺ പോലെയുള്ള മലയോര സ്ഥലങ്ങളിൽ നിർധനരായ തേയിലതോട്ടം തൊഴിലാളികളുടെ മക്കൾക്ക് എല്ലാവർഷവും ജൂൺ ആദ്യവാരം ബാഗ്കളും കുടകളും മറ്റു പഠന സാമഗ്രികളും കൊടുക്കുന്നു. പഠനങ്ങളിലും പരിസ്ഥിതി പ്രവർത്തനങ്ങളിലും മികവുകാണിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ഇടുക്കി കോട്ടയം ബോർഡറിൽ 500 മീറ്റർ വഴിയോര ഉദ്യാന പരിപാലന പദ്ധതിക്ക് തുടക്കമിട്ടു. അന്യം നിന്നു പോയ നാട്ടുമാവിൻ തൈ സ്വന്തം താലൂക്കിലെ എല്ലാ സ്കൂളുകളിലും നട്ടുപിടിപ്പിക്കുവാൻ തുടക്കം കുറിച്ചു. താലൂക്കിലെ ഗവൺമെന്റ് ആശുപത്രികളിൽ തണൽമരമായി വൃക്ഷ തൈകൾ നട്ടു പരിപാലിക്കുന്നു. ദേശീയ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഏതെങ്കിലും പ്രമുഖരുടെ സാന്നിധ്യത്തിൽ വൃക്ഷ തൈകൾനടുകയും അവയെ പരിപാലിക്കുകയും ചെയ്യുന്നു. സ്കൂളുകളിലെ വെക്കേഷൻ ക്യാമ്പുകളിൽ കുട്ടികളുടെ ഓരോ ജന്മദിനത്തിലും ഓരോ തൈമരം നട്ടുപിടിപ്പിക്കേണ്ട ആവശ്യകതയെ കുറിച്ച് സംസാരിക്കുകയും തൈകൾ വിതരണം ചെയ്യുകയും ചെയ്യുന്നു. കുറേ അധികം വ്യക്തികളെ ആത്മഹത്യ ശ്രമത്തിൽ നിന്ന് രക്ഷിച്ചു പ്രതീക്ഷ നിർഭരമായഒരു ലൈഫ് ലേക്ക് കൊണ്ട് വരാൻ സഹായിച്ചിട്ട് ഉണ്ട്. കടുത്ത ഡിപ്രെഷൻ നിലേക്ക് പോകേണ്ടിയിരുന്ന കുറേ അധികം ആളുകളെ തുറന്ന് സംസാരിച്ചു പുതിയ ഒരു ജീവിതത്തിലേക്ക് കൊണ്ട് വരാൻ സാധിച്ചു. നന്മ ഗ്ലോബൽ ഫൗണ്ടേഷൻ എന്ന പരിസ്ഥിതി സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറി, മനസ്സ് എന്ന ആത്മഹത്യ പ്രതിരോധ കേന്ദ്രത്തിന്റെ വോളണ്ടിയർ, സ്കൂൾ ഓഫ്ലൈഫ് സ്കിൽ സ് എന്ന ചാരിറ്റി സംഘടനയുടെ സംസ്ഥാന കോഡിനേറ്റർ, ആൽഫ പാലിയേറ്റീവ് സംഘടനയുടെ സെക്രട്ടറി, റാബോട്ട് എന്ന സംഘടനയുടെ ജില്ലാ കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. 2024 ഇൽ മന്ത്രി ഗണേഷ് കുമാറിൽ നിന്നും മികച്ച പരിസ്ഥിതി പ്രവർത്തകനുള്ള അവാർഡ്, മീനച്ചിൽ താലൂക്ക് ഇൽ നിന്നും സ്കൂളുകളിലെ മികച്ച പരിസ്ഥിതി പ്രവർത്തനത്തിന് മീനച്ചിൽ കൃഷി ഓഫീസർ പൊന്നാട നൽകി ആദരിച്ചു. 2023 വർഷം സ്കൂൾ ഓഫ് എന്ന ട്രസ്റ്റ് മികച്ചകോ ഓർഡിനേഷനുള്ള ബെസ്റ്റ് പെർഫോമൻസ് ആൻഡ് അച്ചീവ്മെന്റ് അവാർഡ് ലഭിച്ചു. നവ മാധ്യമ സാംസ്കാരിക ജീവകാരുണ്യ പ്രവർത്തകരുടെ സ്നേഹാദരവിനും അർഹനായി

## ലക്ഷ്മി മോഹൻദാസ്

തൃശൂർ പൂത്തോൾ സ്വദേശി. കവിയത്രി, കഥാകൃത്ത്, ചിത്രകാരി. ഒട്ടേറെ കവിതകളും കഥകളും എഴുതിയിട്ടുണ്ട്. മയൂഖം സാഹിത്യ സാംസ്കാരികവേദിയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ട്. കലാസാഹിത്യവേദിയുടെ (സാവേരി ബുക്സ്) ആദരവും ലഭിച്ചു. ഒരിടം നമുക്കായ് കലാസാഹിത്യവേദിയുടെ ആദരവിനും അർഹയായി.

## ഫൈസൽ എ.എം

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ എടവിലങ്ങ് ഗ്രാമസ്വദേശി. പാരമ്പര്യമായി പായ, മെത്ത ഉല്പന്നങ്ങൾ കുടിൽ വ്യവസായമായി ഫൈസലിന്റെ പൂർവികർ നിർമ്മിച്ച് വില്പന ചെയ്തു പോന്നിരുന്നു. പൂർവികരുടെ ഈ വ്യവസായം ആധുനികകാലത്ത് പിൻതുടരുന്നു. ഈ വ്യവസായത്തിലൂടെ അനേകം തൊഴിലാളികളെയും തൊഴിലവസരങ്ങളേയും സൃഷ്ടിക്കുവാൻ കഴിഞ്ഞു. ഏകദേശം ആയിരത്തോളം പേരുടെ കുടുംബങ്ങൾ നന്നായി ജീവിക്കുന്നതിന് ഇതിലൂടെ സാധിച്ചു. തന്റെ വ്യവസായത്തിലൂടെ. സാമൂഹ്യ നന്മയും ലക്ഷ്യമിടുന്നു.

# 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു


ബിജു രാജഗിരി


കണ്ണൻ കെ. പൊയിലൂർ


കലേഷ് കമൽ

## ബിജു രാജഗിരി

കോഴിക്കോട് ഉണ്ണിക്കുളം സ്വദേശി. നാടക നടൻ. അമച്ചർ, പ്രൊഫഷണൽ നാടക രംഗത്ത് 35 വർഷമായി പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് കാവ്യകലയിലൂടെ പ്രൊഫഷണൽ നാടക രംഗത്ത് തുടക്കം കുറിച്ചു. തുടർന്ന് വടകര വരദ, കോഴിക്കോട് നവകേരള, തൃശൂർ മലബാർ കമ്മ്യൂണിക്കേഷൻ, തിരുവനന്തപുരം അജന്ത, കോഴിക്കോട് നവചേതന, കോഴിക്കോട് രംഗമിത്ര, തിരുവനന്തപുരം സംഘകേളി, കോഴിക്കോട് കളിത്തറ  തുടങ്ങി ഇപ്പോൾ അമ്പലപ്പുഴ അക്ഷര ജ്വാലയിൽ തുടരുന്നു. കോവിഡാനന്തരം പ്രൊഫഷണൽ നാടക രംഗത്ത് പ്രവർത്തിക്കുന്നവരുടെ പ്രയാസങ്ങൾ സർക്കാറിനെ ബോധ്യപ്പെടുത്താനും ദുരിതബാധിതരെ സഹായിക്കുവാനുമായി കാസർകോട് മുതൽ തിരുവനന്തപുരം വരെ പ്രൊഫഷണൽ നാടക കലാകാരൻമാരുടെ കലാജാഥയിൽ അംഗമായിരുന്നു.  ഷൊർണ്ണൂർ പ്രഭാതം നടത്തിയ അഖില കേരള പ്രൊഫഷണൽ നാടക മത്സരത്തിൽ അഭിനയത്തിന് ബാലൻ. കെ. നായർ അവാർഡ്,   പാലാ അതിരൂപത നടത്തിയ നാടക മത്സരത്തിൽ നടനുള്ള സ്പെഷ്യൽ ജൂറി അവാർഡ് വള്ളിക്കുന്നം നാട്ടുപച്ച നടത്തിയ നാടക മത്സരത്തിൽ നല്ല നടനുള്ള പുരസ്ക്കാരം.  തിരൂർ ആക്ട് സംഘടിപ്പിച്ച നാടക മത്സരത്തിൽ മികച്ച നടനുള്ള പുരസ്ക്കാരം. കേരളത്തിനു പുറത്തും അനേകം വേദികളിൽ നാടകം അവതരിപ്പിച്ചിട്ടുണ്ട്. പോണ്ടിച്ചേരി, ഗോവ, കർണ്ണാടക, കോയമ്പത്തൂർ, ബോംബെ എന്നിവിടങ്ങളിൽ നാടകം അവതരിപ്പിച്ചതിനും പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്.

## കണ്ണൻ കെ. പൊയിലൂർ

കണ്ണൂർ തുവക്കുന്ന് സ്വദേശി. അഭിനേതാവ്, നോവലിസ്റ്റ്, ഗാനരചയിതാവ്. ദാരിദ്ര്യത്തിന്റെ കയ്പ്പേറിയ ബാല്യത്തെ കലയോടുള്ള അടങ്ങാത്ത അഭിനിവേശം കൊണ്ട് അതിജീവിച്ച ചരിത്രമാണ് അദ്ദേഹത്തിന്റേത്. 1975-കളിൽ നാടകവേദികളിലൂടെയാണ് കലാസപര്യ ആരംഭിക്കുന്നത്. ഒട്ടേറെ നാടകങ്ങളിലും ഏതാനും ഹ്രസ്വചിത്രങ്ങളിലും അഭിനയിച്ചു. അക്ഷരി എന്ന മ്യൂസിക്കൽ ആൽബത്തിലൂടെ രചനാ രംഗത്ത് തുടക്കം കുറിച്ചു. തുടർന്ന് ധാരാളം ഗാനങ്ങൾ രചിക്കുകയും ചെയ്തു. മ്യൂസിക്കൽ ആൽബത്തിന് അബ്ദുൾ കലാം ദേശീയ പുരസ്കാരം ലഭിച്ചു. കലാസാംസ്കാരിക രംഗത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ച് പൊയിലൂർ ഗ്രാമം  പൗരസ്വീകരണം നൽകി ആദരിക്കുകയുണ്ടായി. കലാകാര കൂട്ടായ്മയുടെ പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. രണ്ട് നോവലുകൾ രചിച്ചിട്ടുണ്ട്.  മികച്ച രചനക്ക് അബ്ദുൽ കലാം ദേശീയ പുരസ്കാരത്തിനും അർഹനായി.

## കലേഷ് കമൽ

ആലപ്പുഴ കാവാലം സ്വദേശി. കൃഷി. അഞ്ച് ഏക്കറിൽ വിവിധ ഇനം  നെല്ല്കൃഷിയും വീടിന്റെ ചുറ്റുവട്ടം മുഴുവനും വിവിധ ഇനം പച്ചക്കറികളും മത്സ്യകൃഷിയും ചെയ്തു വരുന്നു. തൊട്ട് അടുത്ത് ഒരു ഏക്കർ പാട്ടത്തിനെടുത്തും 18 വർഷം ആയി കൃഷി ചെയ്യുന്നു. സമുദ്രനിരപ്പിന് താഴെയുള്ള കുട്ടനാട് വെള്ളത്താൻ ചുറ്റപ്പെട്ട പ്രദേശമാണ്. കൃഷിയിലുള്ള ഒരോ പുതിയ പരീക്ഷണങ്ങളും വിജയകരമായി ചെയ്തുപോരുന്നു. പുതിയതായ് വികസിപ്പിച്ച് എടുത്തതാണ് കിഴി കൃഷി, 5 വർഷമായി കിഴിയിൽ കൃഷി ചെയ്ത് വരുന്നു, ഇതുകൂടാതെ 64 ഓളം സ്കൂളുകളിൽ  കൃഷിയുടെ അറിവുകൾ പങ്കുവെയ്ക്കാനു കുട്ടികളെ കൊണ്ട് കൃഷി ചെയ്തു വിളവ് ശേഖരിച്ച് ഭക്ഷണശാലയിലേക്ക് എത്തിക്കാനും സാധിച്ചു. കൃഷിയിൽനിന്നും നല്ല രീതിയിൽ വരുമാനം ലഭിക്കുന്നുണ്ട്. പൂർണ്ണമായും ജൈവ കൃഷി ആയത് കൊണ്ട് ആവശ്യക്കാർ പറയുന്ന വില നൽകി ഉത്പന്നങ്ങൾ വാങ്ങാറുണ്ട്.  മംഗലംമാണിക്യമംഗലം കായലിന്റെ കമ്മറ്റിയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.  -റോഡരുകിൽ വൃക്ഷത്തൈകൾ നടുക മണ്ണൊലുപ്പ് തടയുക യാത്രക്കാർക്ക് തണൽ ഏകുക എന്നീ ഉദ്ദേശത്തോടെ വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നു. സരോജിനി ദാമോദരൻ അക്ഷയശ്രീ അവാർഡ് 2024 ജില്ലാതല അവാർഡ്,  2023 ലെ മികച്ച ജൈവകൃഷി പ്രോത്സാഹന സമ്മാനം,  സ്കൂളിൽ മികച്ച വിളവ് ലഭിച്ചതിന്എം.ആർ.അച്ഛൻ പുരസ്ക്കാരം-2024, കാവാലം കൃഷിഭവൻ മികച്ച കർഷകൻ-2022,  കൃഷിദർശൻ - 2023 മികച്ച നൂതന കർഷകൻ അവാർഡ് കൃഷി വകുപ്പ്,  എന്നിവ ലഭിച്ചിട്ടുണ്ട്.


കെ.മിനി


സ്വപ്ന ചിറ്റേഴം


ബിന്ദു എസ് ജി നാഥ്


നെഹില സി.പി

## കെ.മിനി

കോഴിക്കോട് പേരാമ്പ്ര സ്വദേശി. പേരാമ്പ്ര ഒലീവ് പബ്ളിക് സ്കൂളിലെ അധ്യാപികയും ഹിന്ദുസ്ഥാൻ സ്കൗട്ട് ഏൻഡ് ഗൈഡ്സ് ഹെഡ്ക്വാർട്ടേഴ്സ് കമ്മീഷണറുമാണ്. ഗ്രീൻ എക്കോസ്ഫിയർ എന്ന പരിസ്ഥിതി സംഘടനയുടെ സെക്രട്ടറിയായും പ്രഫസർ ശോഭീന്ദ്രൻ ഫൗണ്ടേഷന്റെ എക്സിക്യൂട്ടീവ് മെമ്പറായും സ്ഥാനം വഹിക്കുന്നു. സ്കൂളിലെ പരിസ്ഥിതി ക്ലബുകളായ നാഷണൽ ഗ്രിൻ കോർപ്പസ്, ബയോ ഡൈവേർസിറ്റി ക്ലബ്, മാതൃഭുമി സീഡ്, കൃഷിവകുപ്പിന്റെ കൃഷിക്ലബ്, എന്നിവയുടെ ടീച്ചർ കോർഡിനേറ്ററാണ്.  കേരള എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ വിമുക്തി ക്ലബ്, ആരോഗ്യ വകുപ്പിന്റെ ക്വിറ്റുറ്റു കെയർ പുകയില വിരുദ്ധ ക്ലബ് , എന്നിയുടെ കോർഡിനേറ്ററായും പ്രവർത്തിക്കുന്നു. വിവിധ മേഖലയിലെ പ്രവർത്തന മികവിന് സ്കൗട്ടിംഗിൽ ദേശീയ അവാർഡ്, മെഡൽ ഓഫ് മെറിറ്റ് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.  സംസ്ഥാന കൃഷിവകുപ്പിന്റെ ജില്ലയിലെബെസ്റ്റ് ടിച്ചർ കോർഡിനേറ്റർ അവാർഡ് ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണമേഖലയിലെ പ്രവർത്തന മികവിന് നാഷണൽ ഗ്രീൻ കോർപ്സിന്റെ ബെസ്റ്റ് ടീച്ചർ കോർഡിനേറ്റർ, മാതൃഭുമി സീഡിന്റെ ബെസ്റ്റ് ടീച്ചർ കോർഡിനേറ്റർ, ഗ്രീനിംഗ് കോഴിക്കോടിന്റെ ബെസ്റ്റ് ടീച്ചർ കോർഡിനേറ്റർ എന്നീ പുരസ്കരങ്ങളും ലഭിക്കുകയുണ്ടായി.  അധ്യാപന മേഖലയിലെ മികച്ച പ്രവർത്തനത്തിന് -അസറ്റ് പേരാമ്പ്രയുടെ മികച്ച അധ്യാപക അവാർഡ്,  സ്കൂൾ രത്ന നാഷണൽ ടീച്ചേഴ്സ് അവാർഡും ലഭിക്കയുണ്ടായി

## സ്വപ്ന ചിറ്റേഴം

തിരുവനന്തപുരം വഞ്ചിയൂർ സ്വദേശി. കവയിത്രി. ചെറുകഥാകൃത്ത്, ഇംഗ്ലീഷ് ഭാഷാ സാഹിത്യത്തിൽ ബിരുദം. ഒരു പെരും നുണ എന്ന കൃതിയിൽ 40  കവിതകൾ , 25 ചെറുകഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭ്രമങ്ങളുടെ ദിശമാറ്റം എന്ന കൃതിയിൽ  19 ചെറുകഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നൊമ്പരം, കളിത്തോണി, എന്നീ കവിതകൾ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് . വിവിധ നവമാധ്യമ കൂട്ടായ്മകളിൽ കവിതകളും കഥകളും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് .  മിഴിവാതിൽ സാഹിത്യവേദിയിൽ സമ്മാനാർഹമായ 'ബന്ധനങ്ങൾ' എന്ന കവിത ഇതിവൃത്തം മലയാള സാംസ്കാരിക മാസികയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ഒറ്റപ്പെട്ടവർ' എന്ന ചെറുകഥ മിഴിവാതിൽ സാഹിത്യവേദിയിൽ സമ്മാനാർഹമായതാണ് . 'സൈകതം, വേരുകൾ , ശേഷിപ്പുകൾ' എന്നീ കവിതകൾ അക്ഷരപീഠം സാഹിത്യസൗഹൃദസദസ്സിൽ മികച്ച കവിതകളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പ്രശസ്ത ആയുർവേദ ഭിഷഗ്വരനും പണ്ഡിതകവിയും ഗ്രന്ഥകാരനുമായ ഡോക്ടർ ആർ പി ചിറ്റേഴത്തിന്റെ കൊച്ചുമകളാണ്.

## ബിന്ദു എസ് ജി നാഥ്

തിരുവനന്തപുരം പി റ്റി പി നഗർ സ്വദേശി.  എഴുത്തുകാരി, ട്രാൻസ്ലേറ്റർ. മലയാളത്തിൽ നിന്നും ഇംഗ്ലീഷിലേക്ക് ധാരാളം കവിതകളും കഥകളും വിവർത്തനം ചെയ്തിട്ടുണ്ട്. ശ്രീ കുരീപ്പുഴ ശ്രീകുമാറിന്റെ സഹയാത്രിക, ശ്രീ ദിവാകരൻ വിഷ്ണുമംഗലം എഴുതിയ ജീവന്റെ വിത്ത്, ശ്രീ പെരുമ്പുഴ ഗോപാലകൃഷ്ണപിള്ളയുടെ ചൂണ്ടുവാക്ക്, ശ്രീ മടവൂർ സുരേന്ദ്രൻ എഴുതിയ പണിപ്പുരയിൽ, തുടങ്ങി പ്രശസ്തരായ തൊണ്ണൂറിലേറെ കവികളുടെ മലയാളം കവിതകൾ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്.  ശ്രീ എസ് മഹാദേവൻ തമ്പിയുടെ വയനാട്, സ്വരഭംഗം, പേര് ഇന്ത്യ വയസ്സ് 60, തുടങ്ങിയ 12 ചെറുകഥകളും, ശ്രീമതി എലിസബത് ഉതുപ്പ് രചിച്ച 'പനങ്കുഴക്കൽ വലിയച്ചൻ' എന്ന ചരിത്ര ഗ്രന്ഥവും മലയാളത്തിൽ നിന്നും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. മണവാട്ടി കാത്തിരിക്കുന്നു, എ വുമൻസ് ഡേ എന്നീ ഷോർട്ട് ഫിലിമുകൾ, മത്സ്യതൊഴിലാളി സ്ത്രീകളുടെ വ്യവസായ സംരംഭങ്ങൾ, ഗ്രീനിംഗ് ഹാപ്പിനെസ്സ് തുടങ്ങിയ ഡോക്യുമെന്ററികൾ, ജ്യോതിഷി തുളസിധരൻനായരുമായുള്ള അഭിമുഖം എന്നിവയ്ക്കു ഇംഗ്ലീഷ് സബ്ടൈറ്റിൽ നൽകിയിട്ടുണ്ട് .


## നെഹില സി.പി

മലപ്പുറം ജില്ലയിലെ ആലംകോടു പഞ്ചായത്തിലെ പാവിട്ടപ്പുറം സ്വദേശിനി. സൈക്കോളജി കൗൺസിലിംഗ് രംഗത്ത് സേവനം മാനസികാരോഗ്യത്തിന്റെ പ്രാധാന്യം സമൂഹത്തിൽ ഉയർത്തിപ്പിടിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നു. . ഓൺലൈൻ, ഓഫ് ലൈൻ എന്നീ രണ്ട് വഴികളിലുമായി കൗൺസിലിംഗ് സേവനം നൽകികൊണ്ട് സാമ്പത്തികമായും മാനസികമായും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന നിരവധി പേർക്ക് പിന്തുണ നൽകുന്നു.  മെന്റലിസ്റ്റ് എന്ന നിലയിലും ചിത്രകാരി എന്ന നിലയിലും തന്റെ സൃഷ്ടിപരമായ കഴിവുകൾ സമൂഹത്തിന്റെ മാസിക വളർച്ചയ്ക്കായി വിനിയോഗിക്കുന്നു. മനസ്സ് തളർന്നവർക്കും വഴിതെറ്റിയവർക്കും ആത്മവിശ്വാസവും പ്രതീക്ഷയും പകരുന്ന പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ മാറ്റം സൃഷ്ടിക്കുന്നു


ദിലീപ് സി .സുകുമാരൻ


ശിവദാസൻ പെരുമ്പുഴ


ഡോ. ചന്ദ്രിക സുന്ദരേശൻ


സലാം കുന്നത്ത്

## ദിലീപ് സി .സുകുമാരൻ

മലയാറ്റൂർ നീലീശ്വരം സ്വദേശി. കവി, കഥാകൃത്ത്, തിരക്കഥകൃത്ത്, അഭിനേതാവ്, ഗാനരചയിതാവ്.  ആയിരത്തോളം കവിതകൾ, കഥകൾ, തിരക്കഥകൾ എന്നിവ എഴുതിയിട്ടുണ്ട്. 'അങ്കിളും കുട്ടികളും' എന്ന സിനിമയിൽ ക്യാരക്ടർ റോളിൽ അഭിനയിച്ചു. ആൽബത്തിലും ഹ്രസ്വചിത്രത്തിലും സഹസംവിധായകനായും നടനായും പ്രവർത്തിച്ചു.   ആൽബങ്ങൾ രചിക്കുകയും സംവിധാനം ചെയ്യുകയുമുണ്ടായി. നിരവധി പരസ്യചിത്രങ്ങൾ രചിച്ചു. ഹ്രസ്വചിത്രത്തിനു തിരക്കഥ എഴുതിയിട്ടുണ്ട്. താലൂക് ലൈബ്രറി, കൗൺസിലിന്റെ പുരസ്കാരം ലഭിച്ചു. കവിതാരചനയ്ക്കും വീഡിയോ മേകിംഗിനും സംവിധാനത്തിനുമുള്ള പുരസ്കാരത്തിന് അർഹനായിട്ടുണ്ട്.  നിരവധി സാംസ്കാരിക സംഘടനകൾ നടത്തിയിട്ടുള്ള രചനാമത്സരങ്ങൾക്കു സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. ഹ്രസ്വചിത്രത്തിനു കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ മലയാറ്റൂർ നീലീശ്വരം കമ്മിറ്റിയുടെ പുരസ്കാരം ലഭിച്ചു. കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) അംഗമാണ്. കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ നീലീശ്വരം ജോയിന്റ് സെക്രട്ടറിയാണ്. ട്രേഡ് യൂണിയനിലും, കാലടി സംസ്ക്രൃത സർവ്വകലാശാലാ വിദ്യാർത്ഥി യൂണിയനിലും ഭാരവാഹിയായിരുന്നു.

## ശിവദാസൻ പെരുമ്പുഴ

കൊല്ലം കുണ്ടറ സ്വദേശി.  കവി, കഥാകൃത്ത്, ഗാന രചയിതാവ്. ആകാശവാണി, നവമാധ്യമങ്ങൾ എന്നിവയിലൂടെ ലളിതഗാനം, ഓട്ടൻ തുള്ളൽ, നാടൻ പാട്ട്, കവിത എന്നിവ നടത്തിയിട്ടുണ്ട്.   കവിതകളും, ചെറുകഥയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർഗ്ഗസാഹിതി, സമന്വയം സാഹിത്യസമിതി, കാവ്യകൗമുദി, ബഹുജന കലാസാഹിത്യ വേദി, പ്രചോദ, കേരള കാവ്യ തരംഗിണി, ഫ്രണ്ട്സ് തരംഗം ചവറ എന്നീ കലാ സാഹിത്യ സാംസ്കാരിക സംഘടനകളുടെ ആദരവും സർട്ടിഫിക്കേറ്റും സമുദ്രതീരം ചാരിറ്റബിൾ ട്രസ്റ്റ്, ഉമ്മൻചാണ്ടി ഫൗണ്ടേഷൻ എന്നിവയുടെ ആദരവും ലഭിച്ചിട്ടുണ്ട്. കേരള സർക്കാർ സംഘടിപ്പിച്ച ത്രിദിന സാഹിത്യ ശില്പശാല (തൃശ്ശൂർ) യിൽ നിന്ന് സർട്ടിഫിക്കറ്റും കൊല്ലം ജില്ലാ പഞ്ചായത്തിന്റെ പ്രതിഭാ പുരസ്കാരത്തിനും അർഹനായിട്ടുണ്ട്. നിലവിൽ 'ഫ്രണ്ട്സ് തരംഗം' ചവറ കലാസാഹിത്യ സാംസ്കാരിക സംഘടനയുടെ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കുന്നതോടൊപ്പം പൊതുപ്രവർത്തനരംഗത്തും ഫ്രണ്ട്സ് തരംഗത്തിന്റെ കാരുണ്യ പ്രവർത്തനത്തിനും ചാരിറ്റിവർക്സിനും മുൻതൂക്കം നൽകി പ്രവർത്തിച്ചു വരുന്നു.

## ഡോ. ചന്ദ്രിക സുന്ദരേശൻ

എറണാകുളം സ്വദേശിനി. നർത്തകി, കേരളത്തിൽ നിരവധി സ്റ്റേജ്കളിൽ നൃത്തം ചെയ്തിട്ടുണ്ട്. നിരവധി നൃത്തപരിപാടികളും നൃത്തോത്സവങ്ങളും  സംഘടിപ്പിച്ചിട്ടുണ്ട്. 2023 മുതൽ സ്വന്തമായി ഹസ്ത സ്കുൾ ഓഫ് ഡാൻസ് എന്ന നൃത്തവിദ്യാലയം ആരംഭിച്ചു. മൂന്നര വയസ്സ് മുതൽ 72 വയസ്സ് വരെയുള്ള വിദ്യാർത്ഥി വിദ്യാർത്ഥിനികൾ വരെ നൃത്തം അഭ്യസിക്കുന്നുണ്ട്. ബോംബെയിൽ വച്ച് നടന്ന Atharvotsav 2023 എന്ന ഫെസ്റ്റിവലിൽ നൃത്യ സംവർധിനി അവർഡിന് അർഹയായിട്ടുണ്ട്. 2013 ൽ തന്നെ ബോംബെയിൽ നടന്ന Ardaang എന്ന നൃത്തഉത്സവത്തിലും പങ്കെടുത്തു. പെരിങ്ങോട്ടുകര ദേവസ്ഥാനത്തിന്റെ 100 days Bharath Nritholsav  ലും പങ്കെടുത്തിട്ടുണ്ട്. അഞ്ചു വർഷം എറണാകുളം ചങ്ങമ്പുഴ പാർക്കിലെ ഇടപ്പള്ളി നൃത്താസ്വാദക  സദസ്സിന്റെ കമ്മിറ്റി അംഗമായും 2018 മുതൽ 2023 വരെ സെക്രട്ടറി ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## സലാം കുന്നത്ത്

തിരുവനന്തപുരം കല്ലറ സ്വദേശി. റിട്ട. സബ് ഇൻസ്പെക്ടർ, അഭിനേതാവ്, ഗായകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. തമിഴ്, മലയാളം സിനിമകൾ, സീരിയലുകൾ, വെബ് സീരിസ്, ടെലിഫിലിം, ഷോർട്ട്ഫിലിം കൂടാതെ നിരവധി ആൽബങ്ങളിലും അഭിനയിച്ചിട്ടുണ്ട്. വിവിധ ഗാനമേള ഗ്രൂപ്പുകളുടെ സഹായത്തോടെ പല സ്റ്റേജുകളിലും ഗാനമേളകൾ അവതരിപ്പിച്ചിട്ടുണ്ട്.  തമിഴ് സിനിമകളും, മലയാള സിനിമകളിലും ഷോർട്ട് ഫിലിമുകളിലും ആൽബത്തിലും  നാടകത്തിലും അഭിനയിച്ചിട്ടുണ്ട്. നിലവിൽ വെബ് സീരിസ് ചെയ്യുന്നു.  ടെലിഫിലിമിലെ അഭിനയത്തിന് മികച്ച നടനുള്ള ഗുരുപ്രിയ ചാനൽ അവാർഡ് നേടിയിട്ടുണ്ട്.

# 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



*സഞ്ചു സഹദേവൻ*



*പ്രേംസുജ ഇന്ദുമുഖി*



*ലക്ഷ്മണൻ പ്രിയംവദ*



*ഷാഹിയ പി.എം*

### സഞ്ചു സഹദേവൻ

ആലപ്പുഴ കായംകുളം സ്വദേശി. ശില്പി. കഴിഞ്ഞ പതിനേഴു വർഷമായി ശില്പ നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നു. നാട്ടിലും വിദേശത്തുമായി നിരവധി ശില്പങ്ങൾ നിർമ്മിച്ചിട്ടുണ്ട്. നിരവധി വിദേശരാജ്യങ്ങളിലേക്ക് യേശുവിന്റെ രൂപം കൊത്തി അയച്ചിട്ടുണ്ട്. ബിംഗ്ബി സിനിമയിൽ മമ്മുട്ടി ഉപയോഗിച്ച തോക്കിന്റെ മോഡൽ സീരിയലിന വേണ്ടി നിർമ്മിച്ചിട്ടുണ്ട്. സ്കൂൾ എക്സിബിഷനിൽ പങ്കെടുത്ത് പാഴ് വസ്തുക്കളിൽ നിന്നും ശിൽപ്പം ഉണ്ടാക്കുന്ന രീതി കുട്ടികളെ പഠിപ്പിക്ക₹ുന്നുണ്ട്. സിമന്റിലും പ്ലാസ്റ്റർ ഓഫ് പാരിസിലും ശിൽപ്പം നിർമ്മിക്കുന്നുണ്ട്. അനവധി ക്ഷേത്രങ്ങളിലേയ്ക്ക് ധാരു ശിൽപ്പങ്ങളും മുഖപ്പുകളും ചെയ്തിട്ടുണ്ട്. കൂടാതെ നവഗ്രഹ ശിൽപ്പങ്ങൾ, തിരുമുടി, കാളത്തല പ്രഭട എന്നിവയും ചെയ്യുന്നു. പഞ്ചമുഖങ്ങളും ഗുരുദേവ വിഗ്രഹങ്ങളും, ജീവതകളും ചെയ്തിട്ടുണ്ട്, മുടത്ത് കണ്ടനാമുറി ദേവി ക്ഷേത്രം ദേവശിൽപ്പി പുരസ്കാരം നൽകി ആദരിച്ചിട്ടുണ്ട്. വിവിധ കലാ സാംസ്കാരിക സംഘാടനകളുടെ ആദരവും ലഭിച്ചിട്ടുണ്ട്. നിലവിൽ കോൺഗ്രസ് മണ്ഡലം വൈസ് പ്രസിഡന്റായും ഭാവനാ കലാ സാംസ്കാരിക സമിതി പ്രസിഡന്റായും ആരോഗ്യ സംരക്ഷണ വേദി സെക്രട്ടറിയായും പ്രവർത്തിച്ചുവരുന്നു.

### പ്രേംസുജ ഇന്ദുമുഖി

തിരുവനന്തപുരം കുളത്തൂർ സ്വദേശി. നോവലിസ്റ്റ്, അനൗൺസർ, കമന്റേറ്റർ, ടി.വി. അവതാരക എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. നോവലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാള ഡൊക്യുമെൻററി വിവരണത്തിന് ബെസ്റ്റ് കമൻറേറ്റർ ആയി മൂന്നുവട്ടം സംസ്ഥാന ടെലിവിഷൻ പുരസ്കാരം ഉൾപ്പെടെ നാലു പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ആകാശവാണിയിലും അനൗൺസറും കമന്റേറ്ററും ആയിരുന്നു. ശബ്ദവിവരണത്തിന് മൂന്ന് സംസ്ഥാന അവാർഡുകൾ ഉൾപ്പടെ നാല് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നിലവിൽ സി-ഡിറ്റിൽ ജോലി ചെയ്യുന്നു.

### ലക്ഷ്മണൻ പ്രിയംവദ

കണ്ണൂർ മാതമംഗല സ്വദേശി. സ്വദേശി. കവി. ഏകദേശം 1500 ഓളം ഗണേശ കവിതകളും അനേകം സൂര്യ കവിതകളും മറ്റ് ധാരാളം കവിതകളും എഴുതിയിട്ടുണ്ട്. നിരവധിയായ മാധ്യമങ്ങളിൽ കവിതകൾ രചിച്ചിട്ടുണ്ട്. വിഘ്നേശ്വരം എന്ന കവിത സമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കർഷകരെ കുറിച്ചുള്ള കവിത ആകാശവണിയിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ട് ഇതിനോടകം തന്നെ നിരവധിയായ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2026 ലെ വിവേകാനന്ദ അച്ചിവർ പുരസ്ക്കാരം ലഭിച്ചു. എല്ലാ ദിവസവും മുടങ്ങാതെ ഗണപതിയെ കുറിച്ചും സൂര്യനെ കുറിച്ചും എഴുതാറുണ്ട്. നിലവിൽ എസ് .ബി.ഐയിൽ അപ്രൈസ്സർ കൂടിയാണ്. പാരമ്പര്യ സ്വർണ്ണ പണിക്കാരനാണ്.

### ഷാഹിയ പി.എം

തൃശൂർ സ്വദേശിനി. സാമൂഹിക പ്രവർത്തക എഴുത്തുകാരി, സാമൂഹികരംഗത്തു സജീവമായ ഇടപെടലുകൾ നടത്തി വരികയും പരിശീലന മേഖലയിലും ശ്രദ്ധേയമായ സംഭാവനകൾ നൽകിവരികയും ചെയ്തു വരുന്നു. കഴിഞ്ഞ 10 വർഷകാലമായി സ്ക്കൂളുകളിലും കോളേജുകളിലും വിവിധ വിഷയങ്ങളിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ദിശാബോധം നൽകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. പൊതു പ്രവർത്തനങ്ങളിലൂടെ നിരവധി സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ട് പല കേസുകൾക്ക് പരിഹാരം കണ്ടെത്താനും കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ മീഡിയയിലൂടെ സാമൂഹ്യ ബോധവൽക്കരണത്തിനു വേണ്ടി എഴുത്തുന്നു. സമകാലിക വിഷയങ്ങളിൽ ശക്തമായ ശബ്ദമായി മാറികൊണ്ട് ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി നാല് മാസികകളിലായി പത്തോളം ആർട്ടിക്കിളുകൾ എഴുതി.

## സമാധാനത്തിന്റെ മാടപ്രാവുകൾ

# എലി ഡുക്കോമ്മൻ: സമാധാനത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച സ്വിസ് പത്രപ്രവർത്തകൻ

**ആശ റാണി**

ലോകചരിത്രത്തിൽ സമാധാന പ്രവർത്തനങ്ങളെ വ്യവസ്ഥാപിതമായി ഏകോപിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച വ്യക്തിത്വമാണ് എലി ഡുക്കോമ്മൻ. 1833 ഫെബ്രുവരി 19-ന് ജൂൾസ് ഡുക്കോമ്മൻ -ഒക്ടാവിയ മരിയാൻ മാത്യൂ ഡിറ്റ് ഹെൻറി ദമ്പതികളുടെ മൂന്നുമക്കളിൽ ഇളയവനായി ജനീവയിലെ ഒരു സാധാരണ കുടുംബത്തിലാണ് എലി ഡുക്കോമ്മൻ ജനിച്ചത്.

ചെറുപ്പത്തിൽ തന്നെ പഠനത്തിൽ മികവ് പുലർത്തിയ അദ്ദേഹം തന്റെ 18-ാം വയസ്സിൽ ഒരു ട്യൂട്ടറായി (Tutor) ഔദ്യോഗികജീവിതം ആരംഭിച്ചു. ജർമ്മനിയിലെ സാക്സണിയിലുള്ള (Saxony) ഒരു കുടുംബത്തിൽ മൂന്ന് വർഷം അദ്ദേഹം ട്യൂട്ടറായി സേവനമനുഷ്ഠിച്ചു. പിന്നീട് ജനീവയിലേക്ക് മടങ്ങിയ അദ്ദേഹം കുറച്ചുകാലം അവിടുത്തെ ഒരു പൊതു വിദ്യാലയത്തിൽ (Public School Teacher) അധ്യാപകനായി പ്രവർത്തിച്ചു. 1855-ൽ തന്റെ 22-ാം വയസ്സിൽ അധ്യാപനം വിട്ട് അദ്ദേഹം പത്രപ്രവർത്തനത്തിലേക്ക് കടന്നു. Revue de Geneve എന്ന രാഷ്ട്രീയ മാസികയുടെ എഡിറ്ററായാണ് അദ്ദേഹം തന്റെ പത്രപ്രവർത്തന ജീവിതം ആരംഭിച്ചത്. തന്റെ തൂലികയിലൂടെ മാനുഷിക മൂല്യങ്ങൾക്കും ജനാധിപത്യത്തിനും വേണ്ടി അദ്ദേഹം നിരന്തരം വാദിച്ചു.

1867-ൽ 'ലീഗ് ഓഫ് പീസ് ആൻഡ് ലിബർട്ടി' (League of Peace and Liberty) എന്ന സംഘടനയുടെ സ്ഥാപനവുമായി സഹകരിക്കുന്നതോടെയാണ് അദ്ദേഹം സമാധാന പ്രവർത്തനങ്ങളിൽ സജീവമായത്. 1868 മുതൽ ഈ സംഘടനയുടെ മുഖപത്രമായ ദ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് യൂറോപ്പ് (Les Etats-Unis d'Europe) എന്ന മാസികയുടെ എഡിറ്ററായി അദ്ദേഹം സേവനമനുഷ്ഠിച്ചു. സമാധാന പ്രവർത്തനങ്ങൾക്കിടയിലും തന്റെ ഉപജീവനത്തിനായി അദ്ദേഹം റെയിൽവേയിൽ ജോലി ചെയ്തിരുന്നു. ജൂറ -സിംപ്ലൺ റെയിൽവേയുടെ (Jura Simplon Railway) സെക്രട്ടറി ജനറലായി 1873 മുതൽ 1891 വരെ അദ്ദേഹം പ്രവർത്തിച്ചു. ഈ ജോലിയിൽ നിന്ന് ലഭിച്ചിരുന്ന വരുമാനം അദ്ദേഹത്തെ സമാധാന പ്രവർത്തനങ്ങൾ സൗജന്യമായി ചെയ്യാൻ സഹായിച്ചു. അതിനാൽ തന്റെ ഒഴിവുസമയമെല്ലാം ശമ്പളം വാങ്ങാതെ സമാധാന സംഘടനയുടെ വളർച്ചയ്ക്കായി ചെലവഴിച്ചു. സമാധാന പ്രസ്ഥാനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 1891-ൽ സ്ഥാപിതമായ അന്താരാഷ്ട്ര സമാധാന ബ്യൂറോയുടെ (International Peace Bureau - IP) ഡയറക്ടറായി നിയമിതനായതാണ് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടം. ഈ സംഘടനയുടെ ആദ്യത്തെ ഹോണററി സെക്രട്ടറിയായി അദ്ദേഹം സേവനമനുഷ്ഠിച്ചു.



വിവിധ രാജ്യങ്ങളിലെ സമാധാന സംഘടനകളെ ഏകോപിപ്പിക്കുന്നതിലും അന്താരാഷ്ട്ര തർക്കങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കുന്നതിലും അദ്ദേഹം കാണിച്ച താൽപ്പര്യം മുൻനിർത്തി 1902-ൽ നോബൽ സമ്മാനം അദ്ദേഹത്തെ തേടിയെത്തി. ചാൾസ് ആൽബർട്ട് ഗോബാറ്റിനൊപ്പമാണ് അദ്ദേഹം ഈ പുരസ്കാരം പങ്കിട്ടത്. "സമാധാനം എന്നത് കേവലം യുദ്ധമില്ലാത്ത അവസ്ഥയല്ല, മറിച്ച് നീതിയിലധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയാണ്" എന്ന് അദ്ദേഹം തന്റെ പ്രവർത്തനങ്ങളിലൂടെ തെളിയിച്ചു.

1857 ഓഗസ്റ്റ് 22ന് അദ്ദേഹം ഒക്ടാവിയ അഡെലെ ഡുക്കോമ്മൻ (Octavie Adele Ducommun) എന്ന തന്റെ അമ്മാവന്റെ മകളെ തന്റെ ജീവിതസഖിയാക്കി. എലി ഡുക്കോമ്മന്റെ സമാധാന പ്രവർത്തനങ്ങളിലും ഔദ്യോഗിക ജീവിതത്തിലും ഒക്ടാവിയ വലിയ പിന്തുണ നൽകിയിരുന്നു. എലി ഡുക്കോമ്മൻ തന്റെ ഔദ്യോഗിക തിരക്കുകൾക്കും പ്രതിഫലം വാങ്ങാതെയുള്ള സമാധാന പ്രവർത്തനങ്ങൾക്കുമായി കൂടുതൽ സമയം മാറ്റിവെച്ചിരുന്നതിനാൽ, കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങളും തങ്ങളുടെ മൂന്ന് മക്കളുടെ ആവശ്യങ്ങളും ഒക്ടാവിയയാണ് നിർവഹിച്ചിരുന്നത്.

എന്നിരുന്നാലും തന്റെ സമാധാന പ്രവർത്തനങ്ങൾക്കിടയിലും കുടുംബത്തിന് എലിഡുക്കോമ്മൻ വലിയ പ്രാധാന്യം നൽകിയിരുന്നു. ഭാര്യക്കായി അദ്ദേഹം എഴുതിയ 'വീടിന്റെ മാലാഖ' (Ange du Foyer) എന്ന കവിതസമാഹാരം അദ്ദേഹത്തിന് കുടുംബത്തോടുണ്ടായിരുന്ന സ്നേഹത്തിന് ഉദാഹരണമാണ്. അതുകൊണ്ടാണ് അദ്ദേഹം അവരെ 'വീടിന്റെ മാലാഖ' (Angel of the Hearth) എന്ന് വിശേഷിപ്പിച്ചത്.

1906 ഡിസംബർ 7-ന് 73-നാം വയസിൽ സ്വിറ്റ്സർലൻഡിലെ ബേണിൽ വെച്ച് അദ്ദേഹം അന്തരിക്കുമ്പോഴും അന്താരാഷ്ട്ര സമാധാന ബ്യൂറോയുടെ ഡയറക്ടർ പദവിയിൽ തുടരുകയായിരുന്നു, അദ്ദേഹം ഒരു സമാധാന പ്രവർത്തകൻ മാത്രമല്ല, മികച്ച ഒരു കവിയും എഴുത്തുകാരനും കൂടിയായിരുന്നു. അദ്ദേഹത്തിന്റെ എഴുത്തുകൾ എല്ലാം തന്നെ മാനവികത, സമാധാനം, ജനാധിപത്യം എന്നീ മൂല്യങ്ങളിൽ അധിഷ്ഠിതമായിരുന്നു. ലോകത്തിന് സമാധാനത്തിന്റെ ഒരു വലിയ പാഠപുസ്തകമായാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നത്. ഇന്നും സമാധാനത്തിന് വേണ്ടി പ്രവർത്തിക്കുന്നവർക്ക് എലി ഡുക്കോമ്മന്റെ ജീവിതം ഒരു വലിയ പ്രചോദനമാണ്.

## എഴുത്തിന്റെ ആദരങ്ങൾ

# കേന്ദ്ര സാഹിത്യ അക്കാദമി യുവപുരസ്കാരം



**ഡോ: സുജ സതീഷ്**

ഭാരതീയ സാഹിത്യത്തിന്റെ ചാലകശക്തി അതിന്റെ വൈവിധ്യവും പുതുമയുമാണ്. മാറുന്ന കാലത്തിന്റെ സ്പന്ദനങ്ങളെയും വേഗതയെയും അക്ഷരങ്ങളിലേയ്ക്ക് ആവാഹിക്കുന്ന യുവ എഴുത്തുകാരെ അടയാളപ്പെടുത്തുക എന്നത് ഒരു സംസ്കാരത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണ്. ഈ ഉദാത്തമായ ലക്ഷ്യത്തോടെ ഭാരതസർക്കാർ ഏർപ്പെടുത്തിയ ഏറ്റവും ഉന്നതമായ ബഹുമതിയാണ് കേന്ദ്രസാഹിത്യ അക്കാദമി യുവപുരസ്കാരം. 2011-ൽ തുടക്കം കുറിച്ച ഈ പുരസ്കാരം, ഇന്ന് ഇന്ത്യൻ സാഹിത്യഭൂപടത്തിൽ ഏറ്റവും സജീവമായി ചർച്ചചെയ്യപ്പെടുന്ന അംഗീകാരങ്ങളിലൊന്നായി മാറിയിരിക്കുന്നു.

ഇന്ത്യയിലെ 24 അംഗീകൃത ഭാഷകളിലായി വ്യാപിച്ചുകിടക്കുന്ന സാഹിത്യ സമ്പത്തിനെ ഒരു കുടക്കീഴിൽ അണിനിരത്തുക എന്നതാണ് ഈ പുരസ്കാരത്തിന്റെ പ്രഥമ ദൗത്യം. ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിലെ 22 ഭാഷകൾ കൂടാതെ ഇംഗ്ലീഷ്, രാജസ്ഥാനി എന്നീ ഭാഷകളിലെയും മികച്ച സൃഷ്ടികളെ അക്കാദമി ഇതിനായി പരിഗണിക്കുന്നുണ്ട്. മുപ്പത്തിയഞ്ച് വയസ്സിൽ താഴെയുള്ള എഴുത്തുകാരുടെ മൗലികമായ കൃതികളാണ് ഈ ബഹുമതിക്കായി തിരഞ്ഞെടുക്കുന്നത്. 50,000 രൂപവും ചെമ്പ് ഫലകവും പ്രശസ്തി പത്രവും അടങ്ങുന്ന ഈ പുരസ്കാരം ഒരു യുവ എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം തന്റെ സർഗ്ഗ ജീവിതത്തിലെ സുവർണ്ണ നാഴികക്കല്ലാണ്. കാശ്മീർ മുതൽ തമിഴ്നാടു വരെ വിവിധ ഭാഷകളിലെ യുവപ്രതിഭകൾ ഒരേ വേദിയിൽ ആദരിക്കപ്പെടുമ്പോൾ, അത് ഭാരതത്തിന്റെ സാംസ്കാരിക അഖണ്ഡതയുടെ വിളംബരമായി മാറുന്നു.



യുവപുരസ്കാരത്തിന്റെ ചരിത്രത്തിൽ മലയാള സാഹിത്യം എപ്പോഴും മുൻപന്തിയിലുണ്ട്. കഥയായാലും കവിതയായാലും നോവലായാലും മലയാളത്തിന്റെ യുവത്വം തങ്ങളുടെ സർഗ്ഗസാന്നിധ്യം ദേശീയതലത്തിൽ സധൈര്യം അടയാളപ്പെടുത്തിയിട്ടുണ്ട്. 2011-ൽ സുസ്മേഷ് ചന്ത്രോത്തിലൂടെ (മരണ വിദ്യാലയം-ചെറുകഥകൾ) ആരംഭിച്ച ഈ ജൈത്രയാത്ര ഇന്ന് അഖിൽ പി. ധർമ്മജനിലെത്തി നിൽക്കുന്നു. കവിതയിൽ ലോപമുദ്ര ആർ, ആര്യാംബിക എസ്. വി, അനുജ അകത്തൂട്ട്, അനഘ ജെ കോലത്ത്, ഗണേഷ് പുത്തൂർ എന്നിവർ മലയാള കവിതയിലെ പുതിയ ഭാവുകത്വത്തെ പ്രതിനിധീകരിച്ചവരാണ്.

ചെറുകഥാ വിഭാഗത്തിൽ പി വി ഷാജികുമാർ, ഇന്ദുമേനോൻ, സൂര്യഗോപി, അശ്വതി ശശികുമാർ, അബിൻ ജോസഫ്, ആർ ശ്യാം കൃഷ്ണൻ എന്നിവർ തങ്ങളുടെ പുത്തൻ ആഖ്യാനശൈലികളിലൂടെ വായനക്കാരെ വിസ്മയിപ്പിച്ചു. നോവൽ ശാഖയിൽ അമൽ പിരപ്പൻകോട്, മോബിൻ മോഹൻ, അഖിൽ പി. ധർമ്മജൻ എന്നിവർ തങ്ങളുടേതായ മുദ്ര പതിപ്പിച്ചു. ഈ പട്ടിക പരിശോധിക്കുമ്പോൾ മലയാളം പുത്തൻ പരീക്ഷണങ്ങൾക്കും ശൈലികൾക്കും എത്രത്തോളം പ്രാധാന്യം നൽകുന്ന എന്ന് വ്യക്തമാകും.

സാഹിത്യ രംഗത്ത് സാങ്കേതിക വിദ്യയുടെ സ്വാധീനം വേഗത്തിൽ വ്യാപിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ, യുവഎഴുത്തുകാർ പുതിയ മാധ്യമങ്ങളെ സൃഷ്ടിപരമായി വിനിയോഗിച്ച് അവരുടെ കൃതികളെ കൂടുതൽ വിശാലമായ വായനാവൃത്തങ്ങളിലേക്ക് എത്തിക്കുന്നു. സോഷ്യൽ മീഡിയയും ഡിജിറ്റൽ പ്രസിദ്ധീകരണങ്ങളും ആശയങ്ങൾ അതിവേഗത്തിൽ പ്രചരിപ്പിക്കുന്നതിനാൽ, സാഹിത്യത്തിന്റെ വ്യാപനവും സ്വാധീനവും പുതിയ ഉയരങ്ങളിലെത്തിയിരിക്കുന്നു. ഇതിലൂടെ എഴുത്തുകാർക്ക് ആഗോള വേദിയിൽ സ്വയം പ്രതിഷ്ഠിക്കാൻ കൂടുതൽ അവസരങ്ങൾ തുറക്കപ്പെടുന്നു.

അതോടൊപ്പം, സമകാലിക സാമൂഹിക പ്രശ്നങ്ങൾ, പരിസ്ഥിതി ആശങ്കകൾ, വ്യക്തിഗത അനുഭവങ്ങൾ എന്നിവയെ ആസ്പദമാക്കി യുവതലമുറ സൃഷ്ടിക്കുന്ന കൃതികൾ സാഹിത്യത്തിന് കൂടുതൽ ആഴവും പ്രസക്തിയും നൽകുന്നു. ഈ രചനകൾ വെറും കലാസൃഷ്ടികളായി മാത്രമല്ല, സമൂഹത്തിൽ ബോധവൽക്കരണത്തിനും മാറ്റത്തിനും പ്രചോദനമാകുന്ന ശക്തികളായും മാറുന്നു. അതുകൊണ്ടുതന്നെ, ഇവ ഭാവിയിലെ സാഹിത്യധാരകളെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കും.

യുവപുരസ്കാരം ഒരു പുരസ്കാരമെന്നതിലുപരി യുവത്വത്തിന്റെ സൃഷ്ടിപരതയോടുള്ള ഒരു ആദരവാണ്. ഡിജിറ്റൽ യുഗത്തിലും അക്ഷരങ്ങളോട് പ്രണയം പുലർത്തുകയും വായന ഹൃദയത്തോട് ചേർത്തുപിടിക്കുകയും ചെയ്യുന്ന ഒരു തലമുറ വളർന്നുവരുന്നതിന്റെ തെളിവാണ് ഓരോ വർഷത്തെയും അവാർഡ് പട്ടികകൾ. പുതിയ കാലഘട്ടത്തിലെ എഴുത്തുകാർക്ക് ലോകസാഹിത്യത്തിന്റെ വിശാലമായ ആകാശത്തിലേക്ക് ചിറകുവിരിച്ച് ഉയരാൻ ഈ പുരസ്കാരം എന്നും പ്രചോദനമായിരിക്കും എന്നത് നിസ്സംശയം.

# ശകുനവും ഭാഗ്യവും

(1 –ാം പേജിൽ നിന്നും തുടർച്ച)

‘കന്നിവോട്ടു’കാരിയായ പ്രിയങ്കാ ഗാന്ധിയും ഒപ്പമുണ്ട്. രാജീവ് ഗാന്ധിയുടെ തൊട്ടുപിന്നിലായി സോണിയാ ഗാന്ധിയും അതിന് പിന്നിലായി പ്രിയങ്കാ ഗാന്ധിയുമാണ് നിന്നിരുന്നത്. പത്രലേഖകരുടേയും പത്രഫോട്ടോഗ്രാഫർമാരുടെയും വൻ പട അവിടെ നേരത്തേതന്നെ എത്തിയിരുന്നു. രാജീവ്ഗാന്ധിയുടേയും കുടുംബത്തിന്റേയും ചെറു ചലനങ്ങൾപോലും അവർ അഭ്രപാളികളിൽ പകർത്തുന്നുണ്ടായിരുന്നു. അപ്പോഴാണ് ഒരു പൂജാരി പ്രസിദ്ധമായ ക്ഷേത്രത്തിലെ പ്രസാദവും തളികയിൽവെച്ച് അവിടേയ്ക്കെത്തിയത്. രാജീവ് ഗാന്ധിക്കും കുടുംബത്തിനും അയാളെ നേരത്തേതന്നെ അറിയാവുന്നതാണെന്ന് അവരുടെ ശരീരഭാഷയിൽനിന്നും വ്യക്തം. പൂജാരി തിക്കിത്തിരക്കി പൂജാപാത്രത്തിലെ പ്രസാദവുമായി രാജീവ്ഗാന്ധിയുടെ സമീപമെത്തി പ്രസാദ കുങ്കുമം വിരലിൽ തൊട്ട് രാജീവ്ജിയുടെ നെറ്റിയിൽ ചാർത്തി ആശീർവദിക്കുവാൻ തുനിയുമ്പോഴേയ്ക്കും അയാളുടെ കൈകളിൽ നിന്നും പൂജാപാത്രം വഴുതി നിലത്തേയ്ക്ക് വീണു! ഇതുകണ്ട് സോണിയാഗാന്ധി ഞെട്ടി. ശകുനങ്ങളിൽ വിശ്വസിക്കുന്ന അവർ വിറച്ചുപോയി. വല്ലാതെ വിയർത്തു. തന്റെ പിന്നിൽ നിൽക്കുകായായിരുന്ന പ്രിയങ്കയുടെ കൈകളിൽ മുറുകെ പിടിച്ചു. രാജീവ്ജി ഇതൊന്നുമറിയാതെ മെല്ലെ നീങ്ങി. തന്റെ സമ്മതിദാനാവകാശം രേഖപ്പെടുത്തി പുറത്തേയ്ക്കിറങ്ങി. സോണിയാ ഗാന്ധി ബൂത്തിൽ കടന്ന് വോട്ടു ചെയ്യാനായി ബാലറ്റ് പേപ്പർ വാങ്ങുമ്പോൾ കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു. “ബാലറ്റ് പേപ്പറിൽ കൈപ്പത്തി ചിഹ്നം കണ്ടുപിടിക്കാൻ തന്നെ ഞാൻ ഏറെ പണിപ്പെട്ടു” എന്ന് പിന്നീടൊരിക്കൽ സോണിയാഗാന്ധി പറഞ്ഞിട്ടുണ്ട്. ശകുനം സത്യമോ മിഥ്യയോ എന്നറിയില്ല; പക്ഷേ ഈ സംഭവം നടന്ന് 24 മണിക്കൂർ തികയുംമുമ്പുതന്നെ ശ്രീപെരുംപുത്തൂരിൽ നടന്ന സ്ഫോടനത്തിൽ രാജീവ്ഗാന്ധി ഓർമ്മയായി! ആൾക്കൂട്ടത്തിൽ തിക്കിത്തിരക്കി പൂജാപാത്രവുമായി എത്തി നെറ്റിയിൽ കുങ്കുമം തൊടാൻ തുനിഞ്ഞതുപോലെ തന്നെയായിരുന്നു ശ്രീപെരുംപുതൂരിൽ ‘കില്ലർവുമണും’ എത്തിയത്!

കൊല്ലത്തെ ഒരു പുത്തൻ പണക്കാരന് മലയാളനാട് പത്രാധിപർ എസ്. കെ. നായർ ‘ഹീറോ’ ആയിരുന്നു. കൊല്ലത്തെ ഒരു കാർട്ടൺ മേക്കിംഗ് കമ്പനിയിൽ ചെറിയ ജോലിയുണ്ടായിരുന്ന ഇയാൾ പെട്ടെന്നാണ് പണക്കാരനായത്. തുഛവരുമാനക്കാരന് സമ്പാദിക്കാൻ കഴിയുന്നതിന് ഒരു പരിധിയുണ്ടെന്നിരിക്കെ ‘ലക്ഷപ്രഭു’വായതിന് പിന്നിൽ നാറിയ കഥകളാണുള്ളതെന്ന് ‘കുശുകുശുക്കുന്ന’വർക്കെല്ലാം തന്നോട് അസൂയയാണെന്നാണ് ഈ മുസ്ലീം സഹോദരന്റെ പക്ഷം. (തൽക്കാലം അയാളുടെ പേര് വ്യക്തമാക്കുന്നില്ല) പണം വന്നതോടെ അയാൾ ‘എസ്.കെ ക്ക് പഠിക്കാൻ’ തുടങ്ങി. എസ്.കെ. നായരെ അനുകരിച്ചുകൊണ്ടായിരുന്നു തുടർന്നുള്ള ജീവിതം. എസ്.കെ നായർക്കുള്ളതുപോലെ അയാളും വെള്ള നിറത്തിലുള്ള ബെൻസ് കാർ വാങ്ങി. എസ്.കെ യുടെ കാറിന്റെ നമ്പർ തന്നെ തന്റെ കാറിനും കിട്ടാൻവേണ്ടി എവിടെയൊക്കെയോ അലഞ്ഞ് ഒടുവിൽ ഒറീസയിൽ കൊണ്ടുപോയി വാഹനം രജിസ്റ്റർ ചെയ്തു. എസ്.കെയുടെ ഡ്രൈവർ ശങ്കരൻകുട്ടിയെപ്പോലെയുള്ള ഒരു ഡ്രൈവറെ പാടുപെട്ട് കണ്ടുപിടിച്ചു. എസ്.കെയുടെ ഓരോ ചലനങ്ങളും സൂക്ഷ്മമായി ശ്രദ്ധിച്ച് അതനുസരിച്ച് പ്രവർത്തിക്കുന്ന ഡ്രൈവറായിരുന്നു ശങ്കരൻകുട്ടി. സുഹൃത്തുക്കളുമായി ‘കമ്പനി കൂടി’ ഇരിക്കുമ്പോൾ സമീപത്തു തന്നെ ശങ്കരൻകുട്ടിയുണ്ടാവും. ശങ്കരൻകുട്ടിയെ ഒന്നു നോക്കിയാൽമതി അയാൾ കാര്യം മനസ്സിലാക്കും. കാറിലിരിക്കുന്ന സ്റ്റേറ്റ് എക്സ്പ്രസ് സിഗററ്റാണ് എസ്.കെയുടെ മനസ്സിലുള്ളതെങ്കിൽ ഉടനെ തന്നെ ശങ്കരൻകുട്ടി അതവിടെ എത്തിച്ചിരിക്കും. ചില സന്ദർഭങ്ങളിൽ ശങ്കരൻകുട്ടീ എന്ന് നീട്ടിവിളിക്കുമ്പോഴറിയാം കാറിന്റെ ഡിക്കിയിൽ സ്റ്റോക്കുചെയ്തിട്ടുള്ള സ്കോച്ച് വിസ്കിയാണ് ഉദ്ദേശിക്കുന്നതെന്ന്. ശങ്കരൻകുട്ടി ഉടനെ കാറിലേയ്ക്കോടി സാധനവുമായെത്തും. സർവ്വോപരി എസ്.കെ.യുടെ വിശ്വസ്ഥനായ അംഗരക്ഷകൻ കൂടിയായിരുന്നു ശങ്കരൻകുട്ടി. നമ്മുടെ കഥാപുരുഷനും ഏതാണ്ട് അതേപോലൊരു ഡ്രൈവറെ സംഘടിപ്പിച്ച് പരിശീലിപ്പിച്ചെടുത്തുവെങ്കിലും ‘‘ഉപ്പുപോലെയാവില്ലല്ലോ ഉപ്പിലിട്ടത്!’’ ഒരുനാൾ ഉച്ചയ്ക്ക് കൊല്ലം സേവിയേഴ്സ് ഹോട്ടലിലെ എസ്.കെ നായരുടെ സ്ഥിരം മുറിയായ 101 ൽ ‘മുത്താഴ സദസ്സ്’ കൂടുകയാണ്. എസ്.കെയോടൊപ്പം കാക്കനാടൻ, വൈക്കം ചന്ദ്രശേഖരൻ നായർ, തോപ്പിൽ രാമചന്ദ്രൻപിള്ള, കെ.എസ്. ചന്ദ്രൻ, ഭ്രമണം എഴുതിയ പി. അയ്യനേത്ത്, കരമന മോഹനൻ, ആനന്ദക്കുറുപ്പ്, മലയാളനാട് ഗ്രൂപ്പ് ഓഫ് പബ്ലിക്കേഷൻസ് ജനറൽ മാനേജർ കുമാരൻ നായർ, മലയാറ്റൂർ രാമകൃഷ്ണൻ, ഡി.ഐ.ജി. എൻ.കൃഷ്ണൻ നായർ, മുൻ മന്ത്രി പി.കെ. കുഞ്ഞ് സാഹിബിന്റെ മകൻ എ.എസ്. ഹമീദ് തുടങ്ങി വലിയൊരു സംഘമാണ് ഉച്ച ഊണിനുണ്ടായിരുന്നത്. മധ്യാഹ്നത്തിന് മദ്ധ്യവയസ്സ് കടക്കവേ കൊല്ലം സേവിയേഴ്സിന്റെ ഗേറ്റ് കടന്ന് ഒരു വെള്ള ബെൻസ് കാർ എത്തി. എസ്.കെയുടെ ബെൻസിന് തൊട്ടടുത്തായി പാർക്കുചെയ്തു; ഡ്രൈവർ ഡോർ തുറന്നുകൊടുത്തു. എസ്.കെ അനുകർത്താവായ ‘സുഹൃത്ത്’ കാറിൽ നിന്നിറങ്ങി 101-ാം നമ്പർ മുറി ലക്ഷ്യമാക്കി നടന്നു. പെട്ടെന്ന് അയാളുടെ നടപ്പിന് വേഗത കുറഞ്ഞു. 102-ാം നമ്പർ മുറിയിലേക്ക് കണ്ണുപായിച്ചുകൊണ്ടായിരുന്നു പിന്നീടുള്ള നടത്തം. എസ്.കെയും സംഘവും ഇരുന്ന മുറിയിലേക്ക് വേഗത്തിൽ കടന്നുവന്ന് എസ്.കെയുടെ കാതിൽ എന്തോ മന്ത്രിച്ചു. അയാളുടെ മന്ത്രണം കേട്ട് ഒരു ഭാവവ്യത്യാസമേതുമില്ലാതെ എസ്.കെ. പറഞ്ഞു: ‘‘ങാ.. പോയിനോക്ക്..’’ അയാൾ പുറത്തിറങ്ങിയപ്പോൾ എസ്.കെ പറഞ്ഞു: ‘അടുത്ത മുറിയിൽ ഒരു സ്ത്രീ മുടി ചീകിക്കൊണ്ട് നിൽക്കുന്നു’ എന്നാണ് അയാൾ പറഞ്ഞത്. ചില സമയങ്ങളിൽ ക്രൂരമായ തമാശകൾ കാട്ടാറുള്ള എസ്.കെ ഇതുപറഞ്ഞ് പൊട്ടിച്ചിരിച്ചപ്പോൾ ഒപ്പമുണ്ടായിരുന്നവരിൽ പലരുടെയും ഉള്ളൊന്നു കാളി. കാരണം 102-ാം നമ്പർ മുറിയിൽ ആർ.എസ്.പി നേതാവും അക്കാലത്തെ ഏറ്റവും വലിയ ‘ടെററു’മായിരുന്ന എൻ. ശ്രീകണ്ഠൻ നായരും പ്രായത്തിൽ അദ്ദേഹവുമായി വലിയ അന്തരമുണ്ടായിരുന്ന ഭാര്യ ‘മാച്ചരി ചേച്ചി’യുമായിരുന്നു താമസം. ശ്രീകണ്ഠൻ ചേട്ടനോട് അടുപ്പമുള്ളവരെല്ലാം അദ്ദേഹത്തിന്റെ ഭാര്യ മഹേശ്വരി ചേച്ചിയെ ‘മാച്ചരി ചേച്ചി’ എന്നാണ് വിളിച്ചിരുന്നത്. ആർ.എസ്.പി നേതാവും മന്ത്രിയുമായ ബേബി ജോണാണ് അവർക്കവിടെ താമസ സൗകര്യം ഏർപ്പാടാക്കിയത്. ഏതാനും നിമിഷങ്ങളേ കഴിഞ്ഞുള്ളൂ അവിടേയ്ക്ക് മന്ത്രി ബേബി ജോണിന്റെ കാർ വന്നുനിന്നു. അതിൽ നിന്നും ശ്രീകണ്ഠൻ ചേട്ടൻ പുറത്തിറങ്ങി. 101ന് മുമ്പിലെത്തി ഉള്ളിലേയ്ക്ക് നോക്കി ഇതാ വരുന്നു എന്നുപറഞ്ഞ് കൈ ഉയർത്തിക്കാട്ടിക്കൊണ്ട് 102ലേയ്ക്ക് നടന്നു. എസ്.കെ യടക്കം എല്ലാവരും സ്തബ്ധരായിരിക്കെ നമ്മുടെ കഥാനായകൻ മടങ്ങിവന്ന് എസ്.കെയോടായി പറഞ്ഞു: ‘‘സാറേ പണി പാളി, ഞാൻ പോക്കറ്റിലുണ്ടായിരുന്ന അത്തർ എടുത്ത് ജുബ്ബായിൽ പുരട്ടുന്നതിനിടെ ഒരു മീശക്കാരൻ ആ മുറിയിൽ കയറി കതകടച്ചു...” ഇതുകേട്ട് അവിടെ പൊട്ടിച്ചിരി ഉയരേണ്ടതായിരുന്നുവെങ്കിലും എല്ലാവരും ആശ്വാസത്തോടെ നെടുവീർപ്പിടുകയാണുണ്ടായത്. കാരണം; ഒരു നിമിഷംകൂടി വൈകിയായിരുന്നു ശ്രീകണ്ഠൻ ചേട്ടൻ എത്തിയിരുന്നതെങ്കിൽ ‘‘രണ്ട് ഓലക്കീറോ ഒരു വെള്ളത്തുണിയോ ഇങ്ങോട്ടെടുക്ക് ഈ കാക്കയെ ഒന്ന് മൂടട്ടെ’’ എന്ന് പറയേണ്ടിവരുമായിരുന്നു എന്ന കാര്യം ഓർത്തപ്പോഴായിരുന്നു ആർക്കും ചിരി വരാതിരുന്നത്! ഈ മനുഷ്യൻ അന്ന് രക്ഷപ്പെട്ടതിനെ ‘ഭാഗ്യം’ എന്നല്ലാതെ മറ്റെന്തു പറയാൻ!

‘ഫ്‌ളെയിം’ എഡിറ്ററായിരുന്ന കടവിൽ ശശിക്ക് പറ്റിയ അമളിയിലും തുണയായെത്തിയത് ഭാഗ്യം തന്നെയാണ്. കടവിൽ ശശി അതേ പ്രസിദ്ധീകരണ ഗ്രൂപ്പിലെ ദിനപ്പത്രത്തിന്റെ എഡിറ്ററായികൂടി പ്രവർത്തിച്ചിരുന്നു. ശശിയും അസോസിയേറ്റ് എഡിറ്റർ മോഹനനും രാത്രിയിൽ കട്ടൻചായ കുടിക്കാനിറങ്ങിയതാണ്. തിരുവനന്തപുരം എഡിഷൻ ഒഴികെയുള്ളവയുടെ പണി പൂർത്തിയാക്കി പ്രസ്സിലേയ്ക്ക് വിടുമ്പോഴേയ്ക്കും മണി ഒന്നുകഴിഞ്ഞിരിക്കും. അടുത്തതായി തിരുവനന്തപുരം എഡിഷന്റെ പണിയുടെ അവസാനഘട്ടത്തിലേയ്ക്ക് കടക്കുന്നതിന് മുമ്പ് ഒരു കട്ടൻചായ കുടിക്കുന്നത് നൈറ്റ് ഡ്യൂട്ടി എഡിറ്റർമാരുടെ പതിവാണ്. കടവിൽ ശശിയും മോഹനനും കണ്ണമ്മൂല ജംഗ്ഷനിലെ മണിയന്റെ തട്ടുകടയിലേയ്ക്ക് നടന്നു. അവിടെയെത്തിയപ്പോൾ മണിയന്റെ പതിവ് ചോദ്യം ‘‘പപ്പടവട എടുക്കട്ടേ?’’ ‘‘ശരി’’ എന്ന് മറുപടി. ഈ സമയം ഗോറോഡാ ബ്ലൂ നിറത്തിലുള്ള അംബാസിഡർ കാറിൽ ഒരു സ്ത്രീ അവിടെ വന്നിറങ്ങി. അവരുടെ കൈയ്യിൽ ‘‘മലയാളനാട് രാഷ്ട്രീയ വാരിക’’ മടക്കിപ്പിടിച്ചിരുന്നു. പ്രസ്തുത വാരികയിൽ കടവിൽ ശശിയുടെ സ്ഥിരം പംക്തി പ്രസിദ്ധീകരിച്ചിരുന്ന സമയമായിരുന്നു അത്. കടവിൽ ശശി വാരിക വാങ്ങി നോക്കുവാനായി സ്ത്രീയുടെ അടുത്തേയ്ക്ക് ചെന്നു. ഇതിനിടെ തട്ടുകടക്കാരൻ മണിയനുമായി എന്തോ പറഞ്ഞുതെറ്റിയ സ്ത്രീ അയാളോട് തട്ടിക്കയറി. ‘‘എടാ മണിയാ നിനക്ക് വലിയ മൊടയാണല്ലേ? നിന്റെ മൊട എന്റടുത്തുവേണ്ട’’ എന്നൊക്കെ പറഞ്ഞായിരുന്നു സ്ത്രീയുടെ ആക്രോശം. വിലകൂടിയ സാരിയും ആഭരണങ്ങളുമൊക്കെ ധരിച്ച് കാറിൽ വന്നിറങ്ങിയ സ്ത്രീയുടെ തറവർത്തമാനം കേട്ട് ചായകുടിച്ചു നിന്നവർ പുച്ഛത്തോടെ അവരെ നോക്കുമ്പോഴേയ്ക്കും ഒരുപോലീസ് ജീപ്പ് അവിടെയെത്തി പെട്ടെന്ന് നിറുത്തി. മെഡിക്കൽകോളേജ് പോലീസ് എസ്.ഐയും സംഘവുമായിരുന്നു അത്. നൈറ്റ് പട്രോളിംഗിനിറങ്ങിയതാണ് അവർ. ജീപ്പിലുണ്ടായിരുന്ന എസ്.ഐ സ്ത്രീയെ നോക്കി പറഞ്ഞു: ‘‘കയറെടീ വണ്ടിയിൽ’’ തുടർന്ന് കടവിൽ ശശിയോടും പറഞ്ഞു ‘‘നീയും കയറെടാ’’ മണിയന്റെ പപ്പടവട ആസ്വദിച്ച് നിൽക്കുകയായിരുന്ന മോഹനൻ ഇതൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. എസ്.ഐയുടെ ശബ്ദം ഉയരുകയും വായിൽ വികടസരസ്വതിവിളയാടാൻ തുടങ്ങുകയും ചെയ്തപ്പോഴാണ് മോഹനന്റെ ശ്രദ്ധ അവിടേയ്ക്ക് തിരിഞ്ഞത്. കടവിൽ ശശി പ്രസ്തുത സ്ത്രീയോടൊപ്പമുള്ള വ്യക്തിയാണെന്ന് തെറ്റിദ്ധരിച്ചാണ് എസ്.ഐ ശശിയേയും ജീപ്പിൽ കയറ്റി കൊണ്ടുപോകാൻ ശ്രമിച്ചത്. ഇത് കണ്ട മോഹനൻ ജീപ്പിനടുത്തേയ്ക്ക് ചെന്നു. മോഹനനെ കണ്ട ഉടൻ എസ്.ഐ ചിരിച്ചുകൊണ്ട് ചോദിച്ചു: ‘‘മോഹനനോ..? എന്താ ഇവിടെ?’’ യൂണിവേഴ്സിറ്റി കോളേജിലെ കെ.എസ്.യു യൂണിറ്റ് മുൻ ഭാരവാഹിയും വെമ്പായം സ്വദേശിയുമായ അബ്ദുൾ റഹീം ആയിരുന്നു എസ്.ഐ. റഹീം പിന്നീട് പോലീസ് സൂപ്രണ്ടായി സർവ്വീസിൽ നിന്നും വിരമിച്ചു. റഹീമിനോട് മോഹനൻ വിവരങ്ങൾ പറഞ്ഞു. കടവിൽ ശശിയെ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. അപ്പോഴാണ് റഹീം കാര്യങ്ങൾ പറഞ്ഞത്. “ഇവൾ ആള് മഹാ തരികിട’യാണ്. തമ്പാനൂരിലെ ഒരു ട്യൂട്ടോറിയൽ കോളേജിലെ ക്ലാർക്കായിരുന്നു. അന്ന് ‘പൊങ്കാലസാരിയുമുടുത്ത് അഷ്ടിക്ക് വകയില്ലാതെ ജോലിക്ക് പോയിരുന്നവളാണ്. അവിടുന്ന്കുറേ പണവും തട്ടിച്ചുകൊണ്ട് മുങ്ങി. അതിന്റെ കേസ് നടക്കുകയാണ്. ഇന്ന് ഇവൾക്ക് കാറായി വീടായി. ഇവളിപ്പോൾ മുപ്പതിനായിരത്തിൽ കുറഞ്ഞ സാരി ഉടുക്കാറില്ല! ഇതിൽ നിന്നെല്ലാം കാര്യങ്ങൾ ഏതാണ്ട് ഊഹിക്കാമല്ലോ?” ഞാൻ തന്നെ ഇവളെ പലതവണ പൊക്കിയിട്ടുള്ളതാണ്. അപ്പോഴൊക്കെ ജാമ്യത്തിലെടുക്കാൻ വമ്പന്മാരുടെ ക്യൂ ആണ്. ഇത് പറഞ്ഞുചിരിക്കുമ്പോൾ മണിയൻ അടുത്തേയ്ക്ക് വന്നു “സാർ ഇവർ സ്ഥിരം രാത്രിയിൽ വന്ന് പ്രശ്നമുണ്ടാക്കും. തറ വർത്തമാനമേ പറയൂ” എസ്.ഐ മണിയനെ വിരട്ടി. “പോടാ...പോടാ...”

ഗുഡ് നൈറ്റ് പറഞ്ഞ് ജീപ്പു വിട്ടുപോകുമ്പോൾ റഹീം തല പുറത്തേയ്ക്കിട്ട് മോഹനനോട് പറഞ്ഞു: ‘‘ഞാൻ വട്ടിയൂർക്കാവിൽ കൃഷ്ണൻ നായർ സാറിന്റെ വീട്ടിൽ പോയിരുന്നു. അദ്ദേഹം അവിടെ ഉണ്ടായിരുന്നു’’ ഡി.ജി.പിയായിരുന്ന കൃഷ്ണൻ നായരുടെ മാതാവ് നിര്യാതയായിട്ട് അന്ന് മൂന്നാംപക്കമായിരുന്നു. അവിടെ പോയ കാര്യമാണ് കൃഷ്ണൻ നായരുടെ അടുത്ത ബന്ധുവായ മോഹനനോട് റഹിം പറഞ്ഞത്. കൃഷ്ണൻ നായർ അന്ന് സെൻട്രൽ റേഞ്ച് ഡി.ഐ.ജി.

കടവിൽ ശശി പോലീസിൽ നിന്നും രക്ഷപ്പെട്ടതിനെ ‘ഭാഗ്യം’ എന്നല്ലാതെ എന്തുപറയാൻ?

(അവസാനിച്ചു)

# പരാജയത്തിൽ വിരിഞ്ഞ വിജയം: സ്പെൻസർ സിൽവറും പോസ്റ്റ്-ഇറ്റ് നോട്ട്സും

(1 –ാം പേജിൽ നിന്നും തുടർച്ച)

പരീക്ഷണങ്ങൾക്കൊടുവിൽ അദ്ദേഹത്തിന് ലഭിച്ചത് തികച്ചും വ്യത്യസ്തമായ ഒരു മിശ്രിതമാണ്. ഇത് ഒട്ടിക്കാൻ സാധിക്കുമെങ്കിലും വളരെ എളുപ്പത്തിൽ അടർത്തിയെടുക്കാൻ കഴിയുന്ന ഒന്നായിരുന്നു. ഒരു ശാസ്ത്രജ്ഞനെ സംബന്ധിച്ചിടത്തോളം തന്റെ ലക്ഷ്യം പരാജയപ്പെട്ട നിമിഷമായിരുന്നു അത്. സിൽവർ വികസിപ്പിച്ചെടുത്ത ഈ പശയിൽ ‘മൈക്രോസ്ഫിയറുകൾ’ എന്ന് വിളിക്കപ്പെടുന്ന ദശലക്ഷക്കണക്കിന് ചെറിയ കുമിളകൾ ഉണ്ടായിരുന്നു. ഇവ ഉപരിതലത്തിൽ ഉറച്ചുനിൽക്കുമെങ്കിലും പേപ്പറിന് കേടുപാടുകൾ വരുത്താതെ തന്നെ വീണ്ടും ഉപയോഗിക്കാൻ സാധിക്കുമായിരുന്നു. ഇത് പരാജയപ്പെട്ട ഒരു പശയാണെന്ന് എല്ലാവരും പറഞ്ഞപ്പോഴും, ഇതിന് എന്തെങ്കിലും ഒരു ഗുണമുണ്ടാകുമെന്ന് സിൽവർ വിശ്വസിച്ചു. അദ്ദേഹം അഞ്ച് വർഷത്തോളം തന്റെ കണ്ടുപിടുത്തം എവിടെ ഉപയോഗിക്കാം എന്നറിയാതെ കമ്പനിക്കുള്ളിൽ ഈ പശയെക്കുറിച്ച് നിരന്തരം സംസാരിച്ചുകൊണ്ടിരുന്നു. 1974-ൽ അദ്ദേഹം നടത്തിയ ഒരു സെമിനാറിൽ പങ്കെടുക്കവെയാണ് സഹപ്രവർത്തകനായ ആർതർ ഫ്രൈ ഈപശയെ കുറിച്ച് അറിയുന്നത്. തന്റെ പള്ളിയിലെ ഗായകസംഘത്തിൽ പാടുമ്പോൾ പാട്ടുപുസ്തകത്തിൽ അടയാളം വെക്കാൻ ഉപയോഗിക്കുന്ന പേപ്പറുകൾ താഴെ വീണുപോകുന്ന പ്രശ്നം നേരിട്ടിരുന്ന ആർതർ ഫ്രൈക്ക് സിൽവറിന്റെ പശ ഒരു വലിയ പ്രതീക്ഷയായി. സിൽവറിന്റെ ‘ശക്തി കുറഞ്ഞ പശ’ പുരട്ടിയ പേപ്പർ കഷണങ്ങൾ പുസ്തകത്തിൽ ഒട്ടിച്ചപ്പോൾ അത് കൃത്യമായി ഇരിക്കുകയും പുസ്തകം കേടാക്കാതെ തന്നെ മാറ്റാൻ സാധിക്കുകയും ചെയ്തു. ഇത് അവർക്ക് ഏറെ പ്രതീക്ഷ നൽകി . ഇരുവരും ചേർന്നുള്ള പരീക്ഷണങ്ങൾക്കൊടുവിൽ ‘പോസ്റ്റ്-ഇറ്റ് നോട്ട്സ്’ രൂപമെടുത്തു. 1977-ൽ ഈ ഉൽപ്പന്നം ആദ്യം വിപണിയിൽ ഇറക്കിയത് ‘പ്രസ്സ് ആൻഡ് പീൽ’ എന്ന പേരിലായിരുന്നു. പക്ഷേ, തുടക്കത്തിൽ ഇത് പരാജയമായിരുന്നു. കാരണം, എന്തിനാണ് ഇങ്ങനെ ഒട്ടിക്കാനും ഇളക്കാനും കഴിയുന്ന ഒരു കടലാസ് എന്ന് ജനങ്ങൾക്ക് മനസ്സിലായില്ല. തുടർന്ന് കമ്പനി സൗജന്യമായി ഓഫീസുകൾക്ക് ഇത് നൽകി. ഒരിക്കൽ ഇത് ഉപയോഗിച്ചവർക്ക് പിന്നീട് ഇത് ഇല്ലാതെ പറ്റില്ലെന്ന അവസ്ഥ വന്നതോടെ ‘പോസ്റ്റ്-ഇറ്റ് നോട്ട്സ്’ 1980-കളിൽ ഒരു ആഗോള വിജയമായി മാറി. ഇന്ന് ലോകമെമ്പാടുമുള്ള ഓഫീസുകളിലും വീടുകളിലും ഒഴിച്ചുകൂടാനാവാത്ത ഒന്നായി ഇത് മാറിയിരിക്കുന്നു.

സ്പെൻസർ സിൽവറിന്റെ ജീവിതത്തിലെ വലിയൊരു ശക്തി അദ്ദേഹത്തിന്റെ ഭാര്യ ലിൻഡ ആയിരുന്നു. 56 വർഷത്തോളം നീണ്ട ദാമ്പത്യജീവിതമായിരുന്നു അവരുടേത്. അലിസൺ, ജെന്നിഫർ എന്നീ രണ്ട് പെൺമക്കളായിരുന്നു അവർക്കുണ്ടായിരുന്നത്. ശാസ്ത്രജ്ഞൻ എന്നതിലുപരി സിൽവർ ഒരു മികച്ച ചിത്രകാരൻ കൂടിയായിരുന്നു. വിരമിച്ച ശേഷം അദ്ദേഹം തന്റെ സമയം ഭൂരിഭാഗവും പെയിന്റിംഗിനായി മാറ്റിവെച്ചു. 37 പേറ്റന്റുകൾ സ്വന്തമായുള്ള അദ്ദേഹം തന്റെ കണ്ടുപിടുത്തങ്ങളിലൂടെ കോടിക്കണക്കിന് ഡോളർ കമ്പനിക്ക് നേടിത്തന്നെങ്കിലും ലാളിത്യം നിറഞ്ഞ ജീവിതമാണ് നയിച്ചത്. രസതന്ത്ര മേഖലയിലെ അദ്ദേഹത്തിന്റെ നൂതനമായ പരീക്ഷണങ്ങൾക്കുള്ള അംഗീകാരമായി 1998-ൽ അദ്ദേഹത്തിന് ക്രിയേറ്റീവ് ഇൻവെൻഷൻ വിഭാഗത്തിൽ അമേരിക്കൻ കെമിക്കൽ സൊസൈറ്റി അവാർഡ് (ACS Award) ലഭിച്ചു. 2011-ൽ പോസ്റ്റ്-ഇറ്റ് നോട്ട്സിന്റെ കണ്ടുപിടിത്തത്തിന് അദ്ദേഹത്തെയും ആർതർ ഫ്രൈയെയും നാഷണൽ ഇൻവെന്റേഴ്സ് ഹാൾ ഓഫ് ഫെയിം (National Inventors Hall of Fame) പട്ടികയിൽ ഉൾപ്പെടുത്തി ആദരിച്ചു. 2021 മെയ് 8-ന് 80-ാം വയസ്സിൽ അദ്ദേഹം ഹൃദയസംബന്ധമായ അസുഖങ്ങളെത്തുടർന്ന് അന്തരിച്ചു.

## ഗഗനചാരികൾ

ആശ റാണി

# ജീൻ-പിയറി ബ്ലാഞ്ചാർഡ്: ആകാശസീമകൾ കീഴടക്കിയ സാഹസികൻ

ആദ്യകാല വ്യോമയാന ചരിത്രത്തിലെ സുപ്രധാന വ്യക്തിത്വമായിരുന്നു ഫ്രഞ്ചുകാരനായ ജീൻ-പിയറി ബ്ലാഞ്ചാർഡ് (Jean-Pierre Blanchard, 1753–1809). ബലൂൺ യാത്രകളിൽ വിപ്ലവം സൃഷ്ടിച്ച ഒരു സാഹസികനും കണ്ടുപിടുത്തക്കാരനുമായിരുന്നു അദ്ദേഹം. പറക്കലിനോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശം വ്യോമയാന ചരിത്രത്തിൽ പുതിയ അധ്യായങ്ങൾ എഴുതിച്ചേർത്തു. അദ്ദേഹം നോർമണ്ടിയിലെ ലെസ് ആൻഡെലിസിലെ (Les Andelys) ഒരു ദരിദ്ര കർഷക കുടുംബത്തിലാണ് ജനിച്ചത്. ബ്ലാഞ്ചാർഡിന്റെ പിതാവ് ഒരു സാധാരണ ലാത്ത് മെഷീൻ ഓപ്പറേറ്റർ (ടേണർ) ആയിരുന്നു. ജീൻ-പിയറി ബ്ലാഞ്ചാർഡിന്റെ ഔദ്യോഗിക വിദ്യാഭ്യാസം വളരെ പരിമിതമായിരുന്നു. ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ച അദ്ദേഹം സ്വപ്രയത്നത്തിലൂടെ വിദ്യ നേടിയ ഒരു സ്വയംപഠിതാവ് ആയിരുന്നു. സ്കൂൾ പഠനത്തേക്കാൾ യന്ത്രസാമഗ്രികളോടും സാങ്കേതിക വിദ്യകളോടുമായിരുന്നു അദ്ദേഹത്തിന് താല്പര്യം. കുട്ടിക്കാലം മുതൽക്കുതന്നെ അച്ഛന്റെ പണിശാലയിൽ നിന്ന് വിവിധ ഉപകരണങ്ങൾ ഉപയോഗിക്കാനും യന്ത്രങ്ങൾ നിർമ്മിക്കാനും അദ്ദേഹം പഠിച്ചു. 12-ാം വയസ്സിൽ തന്നെ അദ്ദേഹം സാധാരണ എലിപ്പെട്ടികളിൽ നിന്ന് വ്യത്യസ്തമായ ഒരു ചെറിയ പിസ്റ്റൾ (Firing pistol) ഘടിപ്പിച്ച ഒരു ‘എലിപെട്ടി’ വികസിപ്പിച്ചു. എലി കെണിയിൽ അകപ്പെടുമ്പോൾ പിസ്റ്റൾ തനിയെ പ്രവർത്തിക്കുകയും എലിയുടെ മരണം ഉടൻ ഉറപ്പാക്കുകയും ചെയ്യുന്ന രീതിയിലായിരുന്നു ഇതിന്റെ രൂപകൽപ്പന. 1779-ൽ നിർമ്മിച്ച ‘വെലോസിപീഡ്’ (Velocipede) ആണ് അദ്ദേഹത്തിന്റെ ആദ്യകാലത്തെ ശ്രദ്ധേയമായ മറ്റൊരു കണ്ടുപിടുത്തം. ഇന്നത്തെ സൈക്കിളിന്റെ ഒരു പ്രാകൃതരൂപമായിരുന്നു ഇത്. പെഡലുകളോ ഇന്നത്തെപ്പോലെയുള്ള ചെയിൻ സംവിധാനമോ ഇല്ലാതിരുന്ന അക്കാലത്ത്, സ്വന്തം ശക്തി ഉപയോഗിച്ച് ചലിപ്പിക്കാവുന്ന ഇത്തരം ഒരു വാഹനം വലിയൊരു വിപ്ലവമായിരുന്നു. ഈ സൈക്കിൾ പരീക്ഷണത്തിന് ശേഷമാണ് അദ്ദേഹം വെള്ളം പമ്പ് ചെയ്യാനുള്ള ഹൈഡ്രോളിക് യന്ത്രം കണ്ടുപിടിച്ചത്. നോർമണ്ടിയിലെ പ്രശസ്തമായ കോട്ടയായ ഷാറ്റോ ഗൈലാർഡിലേക്ക് സീൻ നദിയിൽ നിന്ന് വെള്ളം എത്തിക്കുക എന്നതായിരുന്നു ദൗത്യം. നദിയിൽ നിന്ന് കോട്ട സ്ഥിതി ചെയ്യുന്ന കുന്നിൻ മുകളിലേക്ക് ഏകദേശം 400 അടി (120 മീറ്റർ) ഉയരമുണ്ടായിരുന്നു.



അക്കാലത്തെ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇത്രയും ഉയരത്തിലേക്ക് വെള്ളം പമ്പ് ചെയ്യുക എന്നത് തന്റെ പമ്പ് ഉപയോഗിച്ച് അദ്ദേഹം സാധ്യമാക്കി. അതിനുശേഷം യന്ത്രങ്ങൾ നിർമ്മിക്കുന്നതിൽ അതിയായ താല്പര്യമുണ്ടായിരുന്ന ബ്ലാഞ്ചാർഡ്, പക്ഷികളെപ്പോലെ ചിറകടിച്ചു പറക്കാൻ കഴിയുന്ന ഒരു ‘പറക്കും യന്ത്രം’ (Flying machine) നിർമ്മിക്കാനാണ് ശ്രമിച്ചത്. എന്നാൽ മോണ്ട്ഗോൾഫിയർ സഹോദരന്മാർ ബലൂൺ കണ്ടുപിടിച്ചതോടെ അദ്ദേഹം ബലൂൺ യാത്രകളിലേക്ക് ശ്രദ്ധ തിരിച്ചു. 1784 മാർച്ച് 2-ന് പാരീസിലെ പ്രസിദ്ധമായ ചാംപ് ഡി മാർസിൽ (Champ de Mars) നിന്നാണ് അദ്ദേഹം ആദ്യമായി ഒരു ഹൈഡ്രജൻ ഗ്യാസ് ബലൂണിൽ ആകാശത്തേക്ക് ഉയർന്നത്. ബലൂൺ ഉയരുന്നതിന് തൊട്ടുമുമ്പ്, തനിക്കും യാത്രയിൽ പങ്കുചേരണമെന്ന് ആവശ്യപ്പെട്ട് ഒരാൾ വാളുമായി ബ്ലാഞ്ചാർഡിനെ തടയാൻ ശ്രമിച്ചു. ഈ ബഹളത്തിനിടയിൽ ബലൂണിന്റെ നിയന്ത്രണ സംവിധാനങ്ങൾക്ക് ചെറിയ കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. എന്നിരുന്നാലും അദ്ദേഹം തന്റെ യാത്ര മാറ്റാൻ തയ്യാറായില്ല. അന്നത്തെ കാലത്ത് ബലൂണുകൾ കാറ്റിന്റെ ദിശയിലായിരുന്നു സഞ്ചരിച്ചിരുന്നത്. എന്നാൽ, ബലൂണിന്റെ ദിശ മാറ്റാൻ കഴിയുന്ന തരം പറക്കുന്ന യന്ത്രങ്ങൾ (Wings/Oars) ഘടിപ്പിച്ചാണ് ബ്ലാഞ്ചാർഡ് ഇത് പരീക്ഷിച്ചത്. പക്ഷെ ഈ പരീക്ഷണം പൂർണ്ണമായി വിജയിച്ചില്ല എങ്കിലും ഈ യാത്രയിലൂടെയാണ് ആകാശമാർഗ്ഗം ദിശ നിയന്ത്രിക്കാൻ സാധിക്കുന്ന ‘പറക്കുന്ന യന്ത്രങ്ങൾ’ നിർമ്മിക്കാനുള്ള തന്റെ പരീക്ഷണങ്ങൾ അദ്ദേഹം ലോകത്തിന് മുന്നിൽ അവതരിപ്പിച്ചത്. ഈ യാത്രയിൽ അദ്ദേഹം ഏകദേശം ഒരു മണിക്കൂറിലധികം ആകാശത്ത് ചിലവഴിക്കുകയും സെൻ നദി കടന്ന് പാരീസിന് പുറത്തുള്ള സ്യൂറസ് എന്ന സ്ഥലത്ത് സുരക്ഷിതമായി ഇറങ്ങുകയും ചെയ്തു. തുടർന്ന് ലണ്ടനിലേക്ക് മാറിയ അദ്ദേഹം, അവിടെ ലിറ്റിൽ ചെൽസിയിൽ നിന്നാണ് രണ്ടാമത്തെ പറക്കൽ നടത്തിയത്. ജോൺ ഷെൽഡൻ എന്ന ശാസ്ത്രജ്ഞനും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഏകദേശം 115 കിലോമീറ്റർ ദൂരമാണ് അന്ന് അവർ പിന്നിട്ടത്. തുടർന്ന് 1784 നവംബർ 30ന് ലണ്ടനിൽ വെച്ച് തന്നെയായിരുന്നുമൂന്നാമത്തെ യാത്രയും. ഈ യാത്രയിൽ തന്റെ സഹയാത്രികനായിരുന്ന അമേരിക്കൻ ഡോക്ടർ ജോൺ ജെഫ്രിസിനെയും കൂട്ടിയാണ് ഇംഗ്ലണ്ടിനും ഫ്രാൻസിനും ഇടയിലുള്ള ഇംഗ്ലീഷ് ചാനൽ ബലൂണിൽ പറന്ന് കടന്ന ആ ചരിത്രയാത്ര നടത്തിയത്.

1785 ജനുവരി 7-ന് നടത്തിയ ഇംഗ്ലീഷ് ചാനൽ യാത്ര ആധുനിക വ്യോമയാന ചരിത്രത്തിലെ ഏറ്റവും സാഹസികമായ അധ്യായങ്ങളിൽ ഒന്നാണ്. യാത്രയ്ക്കിടയിൽ ബലൂണിന്റെ ഉയരം പെട്ടെന്ന് കുറയാൻ തുടങ്ങി. ബലൂൺ കടലിൽ വീഴാതിരിക്കാൻ അവർ കൂടെയുണ്ടായിരുന്ന മണൽച്ചാക്കുകൾ, ഭക്ഷണസാധനങ്ങൾ, നങ്കൂരം, മറ്റു ഉപകരണങ്ങൾ എന്നിവയെല്ലാം കടലിലെറിഞ്ഞു. ഭാരം കുറയ്ക്കാൻ കഴിയാത്ത ഘട്ടം വന്നപ്പോൾ അവർ തങ്ങൾ ധരിച്ചിരുന്ന ഓവർകോട്ടുകളും മറ്റ് വസ്ത്രങ്ങളും വരെ കടലിലെറിഞ്ഞതായി ചരിത്രം പറയുന്നു.

ഏകദേശം രണ്ടര മണിക്കൂർ നീണ്ട യാത്രയ്ക്കൊടുവിൽ കേവലം അടിവസ്ത്രങ്ങൾ മാത്രം ധരിച്ചാണ് അവർ ഫ്രാൻസിലെ ഗൈൻസ് എന്ന വനപ്രദേശത്ത് സുരക്ഷിതമായി ലാൻഡ് ചെയ്തു. ഈ യാത്രയ്ക്കിടയിൽ ജെഫ്രിസ് അമേരിക്കൻ സ്ഥാനപതിയായിരുന്ന ബെഞ്ചമിൻ ഫ്രാങ്ക്ളിന് അയക്കാനുള്ള ഒരു കത്ത് കരുതിയിരുന്നു. ഇത് ലോകത്തിലെ ആദ്യത്തെ അന്താരാഷ്ട്ര എയർമെയിൽ ആയി കണക്കാക്കപ്പെടുന്നു. നേട്ടത്തിന് ഫ്രഞ്ച് രാജാവായിരുന്ന ലൂയി പതിനാറാമൻ ബ്ലാഞ്ചാർഡിന് ആജീവനാന്ത പെൻഷനും വലിയൊരു തുകയും പാരിതോഷികമായി നൽകി ആദരിച്ചു. ജീൻ-പിയറി ബ്ലാഞ്ചാർഡ് 1792 ഡിസംബർ 9ന് ഫ്രാൻസിൽ നിന്നും അമേരിക്കയിലെ ഫിലാഡൽഫിയയിൽ എത്തി. അമേരിക്കയിൽ എത്തിയതിന് ഒരു മാസത്തിന് ശേഷം, 1793 ജനുവരി 9-ന്, അദ്ദേഹം അമേരിക്കയിലെ ആദ്യത്തെ ബലൂൺ യാത്ര നടത്തി. ഫിലാഡൽഫിയയിലെ വാൾനട്ട് സ്ട്രീറ്റ് ജയിലിന്റെ മുറ്റത്ത് നിന്നാണ് അദ്ദേഹം തന്റെ ഹൈഡ്രജൻ ബലൂണിൽ ആകാശത്തേക്ക് ഉയർന്നത്. അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് വാഷിംഗ്ടൺ, ഭാവി പ്രസിഡന്റുമാരായ ജോൺ ആഡംസ്, തോമസ് ജെഫേഴ്സൺ, ജെയിംസ് മാഡിസൺ, ജെയിംസ് മൺറോ എന്നിവരും ഈ ചരിത്ര നിമിഷത്തിന് സാക്ഷികളായിരുന്നു. ഏകദേശം നാല് വർഷത്തോളം അമേരിക്കയിൽ വിവിധ പ്രകടനങ്ങൾ നടത്തിയ ശേഷം 1797-ലാണ് അദ്ദേഹം യൂറോപ്പിലേക്ക് മടങ്ങിയത്.

1808 ഫെബ്രുവരിയിൽ ഹേഗിൽ വെച്ച് തന്റെ 60-ാമത്തെ ബലൂൺ യാത്ര നടത്തിക്കൊണ്ടിരിക്കെ ബ്ലാഞ്ചാർഡിന് വായുവിൽ വെച്ച് ഹൃദയാഘാതം സംഭവിച്ചു. ഇതിനെത്തുടർന്ന് അദ്ദേഹം ബലൂണിന്റെ കൊട്ടയിൽ നിന്നും ഏകദേശം 60 അടി ഉയരത്തിൽ നിന്ന് താഴേക്ക് വീണു. ഈ വീഴ്ചയിൽ അദ്ദേഹത്തിന് ഗുരുതരമായി പരിക്കേറ്റു. ഏകദേശം ഒരു വർഷത്തോളം ആ പരിക്കുകളുമായി ചികിത്സയിൽ കഴിഞ്ഞ അദ്ദേഹം 1809 മാർച്ച് 7-ന് അന്തരിച്ചു.

# വഴിപാടും നേർച്ചകളും കൃത്യമായി പാലിക്കണമെന്ന് രാമായണ പ്രഭാഷണത്തിൽ ബി.എസ് ബാലചന്ദ്രൻ



വഴിപാട് നേർച്ച തുടങ്ങിയവ നിസ്സാരമായി കാണാവുന്നവയല്ലെന്ന് രാമായണം നമ്മെ ഓർമ്മിപ്പിക്കുന്നതായി ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ ചൂണ്ടിക്കാട്ടി.

അവയുടെ ഗൗരവവും പാലിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും വളരെ വലുതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാമായണ പ്രഭാഷണ പരമ്പരയിൽ സംബന്ധിച്ച് പ്രഭാഷണം നടത്തുകയായിരുന്നു ബി.എസ്. ബാലചന്ദ്രൻ

ഇതിന് ഉപോൽബലകമായി രാമായണത്തിലെ പ്രസക്തമായ സംഭവത്തെക്കുറിച്ചും അദ്ദേഹം വിശദീകരിക്കുകയുണ്ടായി.

വനവാസം കഴിഞ്ഞ് മടങ്ങിയെത്തിയശേഷം കൊട്ടാരത്തിൽ വിശ്രമിക്കവേ ഒരുനാൾ സീതാദേവി ശ്രീരാമനോട് പറഞ്ഞു: "അല്ലയോ നാഥാ... വനവാസത്തിലായിരിക്കേ നാം ഒരു നേർച്ച നേർന്നിരുന്നത് ഇനിയും പാലിക്കാനായിട്ടില്ല.."

ശ്രീരാമൻ മുഖമുയർത്തി മൈഥിലിയെ നോക്കി ആരാഞ്ഞു: "എന്താണു ദേവി നേർച്ച; ദേവി ഇതേവരെ അക്കാര്യം സൂചിപ്പിക്കുകപോലുമുണ്ടായിട്ടില്ലല്ലോ...?"

സീതാദേവി: 'വനവാസം കഴിഞ്ഞ് കൊട്ടാരത്തിലെത്തിയാലുടൻ ഗംഗാദേവിക്ക് ബലിപൂജകൾ നൽകിക്കൊള്ളാം' എന്നതായിരുന്നു അന്ന് നാം നേർന്നത്. എന്നാൽ വനവാസം കഴിഞ്ഞ് മടങ്ങിയെത്തിയപ്പോൾ വളരെ കാലമായി പിരിഞ്ഞിരുന്ന ബന്ധുജനങ്ങളെയെല്ലാം കാണുകയും അവരോടെല്ലാം ഇടപെടുകയും ചെയ്യുന്ന സന്തോഷനിർഭരമായ നിമിഷങ്ങൾക്കിടെ നാം അക്കാര്യം വിസ്മരിച്ചുപോയി. നേർച്ചയുടെ കാര്യം വിസ്മരിച്ചത് ഗുരുതരമായ തെറ്റ് തന്നെയാണ്. അതിൽ നാം അത്യന്തം പശ്ചാത്തപിക്കുന്നു. ആയതിന് വേണ്ട പരിഹാരക്രിയകൾ നടത്താനും നാം തീരുമാനിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ വൈകാതെ നേർച്ച ഉടനെ നടത്തണം എന്നതാണ് നമ്മുടെ ആഗ്രഹം.

ശ്രീരാമൻ: "അതിനെന്താ ദേവീ; നമുക്ക് ഉടനെ തന്നെ അത് നടത്താം. ഭവതി തയ്യാറായിക്കൊള്ളുക"


സീതാദേവി: "ദേവാ നമുക്ക് മറ്റൊരാഗ്രഹം കൂടിയുണ്ട്" എന്താണത്? എന്ന അർത്ഥത്തിൽ ശ്രീരാമൻ സീതാദേവിയുടെ മുഖത്തേയ്ക്ക് നോക്കവേ ദേവി തുടർന്നു. "നാം കുടുംബസമേതം പോയി നേർച്ച നടത്തണമെന്നതാണ് നമ്മുടെ മോഹം ദേവാ..."

ശ്രീരാമൻ: "അങ്ങിനെ തന്നെയാവട്ടെ ദേവീ...."

സീതാദേവി: "ഗംഗാനദിയും സരയൂനദിയും കൂടി ചേരുന്ന സ്ഥലത്ത് പോയി വഴിപാട് കഴിക്കണമെന്നും നമുക്കാഗ്രഹമുണ്ട്."

ഉടനെ തന്നെ ശ്രീരാമൻ മന്ത്രിമാരെ വിളിച്ച് യാത്രയ്ക്കുള്ള ഒരുക്കങ്ങൾ നടത്താൻ നിർദ്ദേശം നൽകി.

ഒരുക്കങ്ങൾ പൂർത്തിയാക്കി എല്ലാവരുമായി യാത്രതിരിച്ചു. അവർ മുൽഗല മുനിയുടെ ആശ്രമത്തിലെത്തി. നേർച്ചാക്രിയകളുടെ സഹായത്തിനായാണ് ശ്രീരാമൻ മുൽഗല മുനിയുടെ ആശ്രമത്തിലെത്തിയത്. എന്നാൽ ആശ്രമത്തിൽ ആരും ഉണ്ടായിരുന്നില്ല. മഹർഷി അവിടെയല്ല താമസമെന്ന് ആശ്രമ പരിസരവും മറ്റും വീക്ഷിച്ചപ്പോൾ ശ്രീരാമന് മനസ്സിലായി.



അതേസമയം തന്റെ പൂർവ്വകാല ആശ്രമത്തിൽ ശ്രീരാമദേവൻ എത്തിയിരിക്കുന്ന കാര്യം ദിവ്യദൃഷ്ടിയിലൂടെ മുൽഗല മുനി മനസ്സിലാക്കി. ഉടനെ തന്നെ മഹർഷി താൻ ഇപ്പോൾ താമസിക്കുന്ന ഗംഗയുടെ തെക്കേ കരയിലുള്ള പുതിയ ആശ്രമത്തിൽ നിന്നും പഴയ ആശ്രമത്തിലെത്തി. മഹർഷി ശ്രീരാമനെ വന്ദിച്ചു നിൽക്കേ ശ്രീരാമൻ ആരാഞ്ഞു: "അല്ലയോ മഹർഷേ അവിടുന്ന് ഇപ്പോൾ ഇവിടെയല്ല താമസമെന്നും മനസ്സിലാക്കുന്നു. ഇവിടെ നിന്നും താമസം മാറ്റുവാനുള്ള കാരണം വ്യക്തമാക്കിയാലും.."

മുൽഗലമുനി: "അല്ലയോ ദേവാ..... മുമ്പ് ഇവിടെയായിരുന്നു ഗംഗാനദിയും സരയൂ നദിയും ഒന്നുചേർന്നിരുന്നത്. എന്നാൽ കാലക്രമേണ രണ്ട് പുഴകളും ഗതിമാറി ഒഴുകി. അതിനാലാണ് നാം ഇവിടെനിന്നും താമസം മാറ്റിയത്..."

മുൽഗലമുനിയുടെ വാക്കുകൾ കേട്ട ഉടൻതന്നെ ശ്രീരാമൻ ലക്ഷ്മണനോടായി പറഞ്ഞു: "ഭ്രാതാവ് ലക്ഷ്മണ, ശരമെയ്ത് സരയുവിനെ ഇവിടേയ്ക്ക് കൊണ്ടുവരൂ.."

ഉടനെ തന്നെ ലക്ഷ്മണൻ ആവനാഴിയിൽ നിന്നും ശരം വലിച്ചെടുത്ത് നെറ്റിയിൽ ചേർത്തു പ്രാർത്ഥിച്ചുകൊണ്ട് തെക്കുഭാഗം ലക്ഷ്യമാക്കി എയ്തു. പരന്നുകിടന്ന സരയൂ നദി രണ്ടായി പിളരുകയും ഒരു കൈവഴി മുൽഗലമുനിയുടെ ആശ്രമസ്ഥലത്തേയ്ക്കെത്തി ഗംഗയുമായി ചേരുകയും ചെയ്തു.

സീതാദേവിയുടെ മുഖം സന്തോഷത്താൽ വിടർന്നു. ശ്രീരാമനും സീതയും ചേർന്ന് ഇരു നദികളേയും പൂജിച്ചു. ഫലങ്ങളും മധുരപലഹാരങ്ങളും ചോറും നിവേദിച്ചു. തുടർന്ന് പത്തുനാൾ അവിടെ തങ്ങിയശേഷമാണ് അവർ മടങ്ങിയത്.

ഇതിനിടെ നേർച്ച വൈകിയതിനുള്ള പരിഹാരക്രിയകളും മുൽഗല മുനിയുടെ കാർമ്മികത്വത്തിൽ നടത്തിയിരുന്നു.

## ആൽബം



ബി.എസ്.ബാലചന്ദ്രനും, ആനത്തലവട്ടം ആനന്ദനും

## സംസ്കാര ഭാരതം കാവ്യസദസ്സ്

# മികച്ച കവിതയ്ക്കുള്ള പുരസ്കാരം ബീന കെ.എൽന്



സംസ്കാരഭാരതം കാവ്യസദസ്സിന്റെ ഉദ്ഘാടനം ഡോ. വി. രാജകൃഷ്ണൻ നിർവ്വഹിക്കുന്നു

**തിരുവനന്തപുരം:** സംസ്കാരഭാരതം കാവ്യസദസ്സിന്റെ ഉദ്ഘാടനം ചലച്ചിത്ര സംവിധായകനും സാഹിത്യനിരൂപകനുമായ ഡോ. വി. രാജകൃഷ്ണൻ നിർവ്വഹിച്ചു.

കാവ്യസദസ്സിൽ അവതരിപ്പിക്കപ്പെട്ട കവിതകൾ അടങ്ങിയ പുസ്തകത്തിന്റെ പ്രകാശന കർമ്മവും നടന്നു. അരുവിക്കര വിൽഫ്രഡ് പുസ്തകം ഏറ്റുവാങ്ങി. അവതരിപ്പിക്കപ്പെട്ട കവിതകളിലെ മികച്ച കവിതയ്ക്കുള്ള പുരസ്കാരത്തിന് ബീന. കെ.എൽ അർഹയായി. ഡോ. രാജകൃഷ്ണൻ ബിന കെ. എൽന് പുരസ്കാരം സമ്മാനിച്ചു.

ചടങ്ങിൽ ബി.എസ്.എസ് വൈസ് ചെയർമാൻ ബി.എസ്. ഗോപകുമാർ അദ്ധ്യക്ഷനായിരുന്നു. സംസ്കാരഭാരതം ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. സ്മിതാ മനോജ് കൃതജ്ഞത രേഖപ്പെടുത്തി.



മികച്ച കവിതയ്ക്കുള്ള പുരസ്കാരം ബീന കെ.എൽ ഏറ്റുവാങ്ങുന്നു



സംസ്കാരഭാരതം കാവ്യസദസ്സ്: കവിതാ പുസ്തകത്തിന്റെ പ്രകാശനം ഡോ. വി. രാജകൃഷ്ണൻ നിർവ്വഹിക്കുന്നു

# സംസ്കൃതം: ചരിത്രം പ്രാധാന്യം

(1 –ാം പേജിൽ നിന്നും തുടർച്ച)

കണ്ണികളിലൊന്നായി കണക്കാക്കപ്പെടുന്ന കമ്പ്യൂട്ടർ പ്രോഗ്രാമിംഗിന് ഏറ്റവും അനുയോജ്യമായി കണ്ടിരിക്കുന്നത് സംസ്കൃതമാണ്.!

വേദസംസ്കൃതം പ്രൗഢവും സംഗീതാത്മകവുമാണ്. കാലാന്തരത്തിൽ വേദ സംസ്കൃതത്തിന് പലവിധമായ വ്യതിയാനങ്ങൾ സംഭവിച്ചു. പ്രദേശങ്ങളുടെ പ്രത്യേകതകൾ, സാമൂഹ്യമാറ്റങ്ങൾ, വിജ്ഞാന വ്യതിയാനങ്ങൾ തുടങ്ങിയവ മൂലമുള്ള സ്വാഭാവിക പരിണാമങ്ങളുടെ അനന്തര ഫലമായിരുന്നു അത്. ഈ വ്യതിയാനങ്ങളിലൂടെ 'പാഞ്ചാലി', 'മാഗധി', 'പൈശാചി' തുടങ്ങിയുള്ള ഉൾപ്പിരിവുകളുണ്ടായി.

സംസ്കൃതം പ്രധാനമായും 'ദേവനാഗരി' അക്ഷരമാല പ്രകാരം എഴുതാനാരംഭിച്ചുവെങ്കിലും ഗുരുമുഖി, തമിഴ് എന്നിവ ഒഴികെയുള്ള ഇന്ത്യയിലെ മറ്റ് അക്ഷരമാലകളും ഉപയോഗിക്കാതിരുന്നില്ല. 'തായ്','ടിബറ്റൻ' അക്ഷരമാലകളും ഇതിൽപ്പെടും. ഗ്രന്ഥ, ശാരദ, സിദ്ധം എന്നീ അക്ഷരമാലകൾ സംസ്കൃതത്തിൽ മാത്രമാണ് ഉപയോഗിക്കുന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനപാദം മുതൽ സംസ്കൃതം ലാറ്റിൻ അക്ഷരമാല ഉപയോഗിച്ച് എഴുതാൻ തുടങ്ങി. സംസ്കൃതത്തിലെ 36 വ്യഞ്ജനങ്ങളുടെയും 16 സ്വരാക്ഷരങ്ങളുടെയും ശബ്ദം തുടക്കംമുതൽ തന്നെ സ്ഥിരവും കൃത്യവുമാണ്. അവ ഒരിക്കൽപോലും മാറ്റുകയോ പരിഷ്ക്കരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഉച്ചാരണത്തിലും മാറ്റമില്ല.

ആയുർവ്വേദം, ജ്യോതിഷം, ഗണിതം, യോഗ, കല, അഭിനയം തുടങ്ങിയുള്ള മിക്കവാറുമെല്ലാ പ്രധാന വിഷയങ്ങളേയും സംബന്ധിച്ചുള്ള അറിവിന്റെ വലിയ ശേഖരമാണ് സംസ്കൃതത്തിലുള്ളത്.

സംസ്കൃതം ഏറെ പ്രശോഭിക്കുന്ന വിഭാഗങ്ങളിലൊന്നാണ് സാഹിത്യം. വാൽമീകി മഹർഷി ചൊല്ലിയ രാമായണവും വ്യാസമുനി ചൊല്ലിയ മഹാഭാരതവും ധർമ്മ-നീതികളുടേയും ജീവിത തത്വങ്ങളുടേയും കൊടിക്കൂറകളുയർത്തുന്നു. ലോക പ്രശസ്തിയാർജ്ജിച്ച കാവ്യങ്ങളും നാടകങ്ങളും പുരാണങ്ങളും വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളും ജ്യോതിശാസ്ത്ര കൃതികളുമെല്ലാം സംസ്കൃതത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്.

ആയുർവേദ ചികിത്സാവിധികളെക്കുറിച്ച് വിവരിക്കുന്നതും ചരകാചാര്യർ രചിച്ചതുമായ 'ചരകസംഹിതയും' വാഗ്ഭടൻ രചിച്ച 'അഷ്ടാംഗഹൃദയവും' സുശ്രുതാചാര്യൻ രചിച്ചതും ശസ്ത്രക്രിയകളെക്കുറിച്ച് വിവരിക്കുന്നതുമായ 'സുശ്രുത സംഹിത'യും മാധവാചാര്യ രചിച്ച രോഗത്തിനുള്ള കാരണങ്ങളെക്കുറിച്ച് വിവരിക്കുന്നതുമായ 'മാധവസിദാന'വുമെല്ലാം ആയുർവേദത്തിലെ സംസ്കൃത രചിതമായ അമൂല്യ ഗ്രന്ഥങ്ങളാണ്.

വിശ്വപ്രസിദ്ധമായ കാളിദാസ കൃതികളെക്കുറിച്ച് പ്രത്യേകമായി ചൂണ്ടിക്കാട്ടപ്പെടേണ്ടതായുണ്ട്. കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം, വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം തുടങ്ങിയ നാടകങ്ങളും രഘുവംശം, കുമാരസംഭവം എന്നീ മഹാ കാവ്യങ്ങളും മേഘദൂതം, ഋതുസംഹാരം തുടങ്ങിയുള്ള ഖണ്ഡകാവ്യങ്ങളും ലോക പ്രശസ്ത സൃഷ്ടികളാണ്. പുരാണകൃതികളെ അടിസ്ഥാനമാക്കിക്കൊണ്ട് പ്രകൃതിഭംഗിയും പ്രേമവും കോർത്തിണക്കി രചിക്കപ്പെട്ട ഈ സംസ്കൃത കൃതികളെ ലോകോത്തര ഗ്രന്ഥങ്ങളായി കണക്കാക്കപ്പെടുന്നു.

ഗണിതശാസ്ത്രത്തിൽ 'ആര്യഭടീയം' എഴുതിയ ആര്യഭടനും, ജ്യോതിശാസ്ത്രത്തിൽ ലഘുജാതകം, ബ്രഹത്ജാതകം തുടങ്ങിയുള്ളവ എഴുതിയ വരാഹമിഹിരനുമെല്ലാം നൽകിയിട്ടുള്ള വിലപ്പെട്ട സംഭാവനകൾ സംസ്കൃതത്തിലൂടെയാണ് പ്രചരിതമായത്.

സംഗീതമേഖലയിലെ സംസ്കൃതത്തിന്റെ സാന്നിധ്യവും ഏറെ ശ്രദ്ധേയമാണ്. കർണ്ണാടക സംഗീതത്തിലും ഹിന്ദുസ്ഥാനി സംഗീതത്തിലുമുള്ള സുപ്രധാന കൃതികളെല്ലാം സംസ്കൃതത്തിലുള്ളതാണ്.

നാടകം, നൃത്തം തുടങ്ങിയ മേഖലകളിലും സംസ്കൃതം ചെലുത്തിയിട്ടുള്ള സ്വാധീനം ചെറുതൊന്നുമല്ല. ഭാരതീയ നാടക കലയുടെ അടിസ്ഥാനമെന്ന് വിശേഷിപ്പിക്കാവുന്നതും ഭരതമുനിയാൽ രചിക്കപ്പെട്ടതുമായ 'നാട്യശാസ്ത്ര'ത്തെ ഇത്തരുണത്തിൽ സ്മരിക്കാതെ പോകാനാവില്ല. നാട്യകല, നൃത്തം, സംഗീതം എന്നിവയ്ക്ക് ഇതിലൂടെ ശാസ്ത്രീയാടിസ്ഥാനമുണ്ടായി. ഭാവപ്രകാശത്തിന് ഏറ്റവും അനുയോജ്യമായ ഭാഷയാണിതെന്നത് അപാരമായ പദസമ്പത്തിലൂടെ വ്യക്തമാകുന്നു. മലയാളം ഉൾപ്പെടെ മിക്ക ഇന്ത്യൻ ഭാഷകളിലേയും പല പദങ്ങളും സംസ്കൃതത്തിൽ നിന്നും ഉൽഭവിച്ചതോ കടമെടുത്തതോ ആണെന്നും കാണാം.

മലയാളത്തിൽ നാം ഉപയോഗിക്കുന്ന പദങ്ങളിൽ ഏറിയ പങ്കും സംസ്കൃതത്തിൽ നിന്ന് വന്നതാണ്. മലയാളത്തിലെ എഴുപത് ശതമാനത്തോളം വാക്കുകളും സംസ്കൃതമാണെന്നാണ് ഇതുസംബന്ധിച്ച് പഠനം നടത്തിയവരുടെ അഭിപ്രായം.

മലയാളത്തിൽ സാധാരണയായി പറയുകയും കേൾക്കുകയും ചെയ്യുന്ന പ്രയോഗമാണ 'മനസ്സാ വാചാ കർമ്മണാ' എന്നത്. ഇത് സംസ്കൃതമാണ്. മാതാ, പിതാ, ഗുരു, ശിഷ്യൻ, പുത്രൻ, പുത്രി, പ്രഭാതം, പ്രദോഷം, ഐശ്വര്യം, ഹേതു, പൂജ്യം, ഫലം, പ്രദക്ഷിണം, പ്രതിദിനം, നാദം, നേത്രം, കേന്ദ്രം, ജീവൻ, ഉദ്യോഗം, ആകാശം, അത്താണി, പക്ഷം, തത്വം, യുഗം, മുഖം, ശരീരം, വിരഹം, സഖാവ്, ചാരായം, വസ്ത്രം, പന്തയം, ഭൂമി, സാധു, വാഹനം, വായു, പാത്രം, സുഖം, ദുഃഖം, സന്തോഷം, ചൂത്, പ്രയാസം, മുത്ത്, ആഘോഷം, ശംഖ്, ദണ്ഡം, അനുരാഗം, അഗ്നി, വാടക, ശുണ്ഠി അങ്ങിനെ നീണ്ടുപോകുന്നു നിത്യേന നാം ഉപയോഗിക്കപ്പെടുന്ന വാക്കുകളുടെ നിര. എഴുപത് ശതമാനത്തോളം വാക്കുകളെന്ന് പറയുമ്പോൾ തന്നെ അതിന്റെ അളവ് എത്രയുണ്ടാവുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

വ്യാകരണശുദ്ധിയും അഗാധമായ അർത്ഥതലങ്ങളും ഈ ഭാഷയുടെ പ്രത്യേകതയാണ്. വേദങ്ങളുടെയും ശാസ്ത്രങ്ങളുടേയും കാവ്യങ്ങളുടേയും ഉറവിടവും ദേവന്മാരുടെ ഭാഷയെന്ന് കരുതപ്പെടുന്നതുമായ സംസ്കൃതം ആത്മീയ ഉണർവ്വും അതിലൂടെ മനസ്സമാധാനവും നൽകുന്നു എന്നതാണ് പ്രത്യേകത.

ജ്ഞാനത്തിന്റെ ഉത്തേജക വസ്തുവായും സംസ്കാരത്തിന്റെ ചാലകശക്തിയായും മഹത്തായ പൈതൃകത്തിന്റെ താക്കോലായും ആത്മീയതയുടെ വാഹകമായും സംസ്കൃതത്തെ കണക്കാക്കാം.



'പ്രതിഭകൾക്കൊപ്പം' പരിപാടിയിൽ പരബ്രഹ്മ സ്വരൂപാനന്ദ പ്രഭാഷണം നടത്തുന്നു

# 'പ്രതിഭകൾക്കൊപ്പം' പരിപാടിയിൽ അഥിതിയായി പരബ്രഹ്മ സ്വരൂപാനന്ദ

ഭാരത് സേവക് സമാജ് സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയായ 'പ്രതിഭകൾക്കൊപ്പം' പരിപാടിയിൽ ഏപ്രിൽമാസത്തെ അതിഥിയായി ബ്രഹ്മസ്വരൂപ വിദ്യാപീഠം അധിപതി പരബ്രഹ്മസ്വരൂപാനന്ദ. ഉത്തരാഖണ്ഡ് ഋഷികേശിലെ മഹാ അവതാർ ബാബാജിയുടെ ശിഷ്യനാണ് പരബ്രഹ്മസ്വരൂപാനന്ദജി.

മനുഷ്യശരീരത്തിന്റെ വികാരങ്ങളേയും വിചാരങ്ങളേയും നിയന്ത്രിക്കുന്നത് സൂക്ഷ്മമായ മനസ്സും മനസ്സിലെ ചിന്തകളുമാണെന്ന ഉന്നതമായ ദർശനത്തെ മുൻനിറുത്തിയുള്ള പ്രവർത്തനമാണ് സ്വരൂപാനന്ദജിയുടേത്.

ചടങ്ങിൽ ബി.എസ്.എസ് ദേശീയ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അധ്യക്ഷനായിരുന്നു. ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ലീനാമാത്യു കൃതജ്ഞത പ്രകാശിപ്പിച്ചു.

# ബി.എസ്.എസിന്റെ സത്സംഗ പരിപാടിയിൽ പ്രഭാഷകനായി കെ. സുദർശനൻ



ബി.എസ്.എസ് സംഘടിപ്പിച്ച സത്സംഗത്തിൽ സാഹിത്യകാരൻ കെ. സുദർശനൻ പ്രഭാഷണം നടത്തുന്നു. ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ, ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ എന്നിവർ വേദിയിൽ

**തിരുവനന്തപുരം:**തിരുവനന്തപുരം: മനുഷ്യനെ സദ്പ്രവർത്തികളിലേയ്ക്കും സദ്ചിന്തകളിലേയ്ക്കും നയിക്കുക, മനുഷ്യമനസ്സുകളിൽ സദ്ഗുണങ്ങൾ സന്നിവേശിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംഘടിപ്പിക്കപ്പെടുന്ന സത്സംഗ പരിപാടിക്ക് ഭാരത് സേവക് സമാജ് തുടക്കം കുറിച്ചു.

കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കപ്പെട്ട സത്സംഗ പരിപാടിയിൽ സാഹിത്യകാരനും പ്രഭാഷകനുമായ കെ. സുദർശനനായിരുന്നു പ്രഭാഷകൻ.

ബി.എസ്.എസ് ദേശീയ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ, ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

ആശാറാണി എ.എസ്, രഞ്ജിനി പ്രശാന്ത് എന്നിവർ പരിപാടിയുടെ ഏകോപനം നിർവ്വഹിച്ചു.

Edited, Printed and Published by B.S. Balachandran on behalf of Satbhavana Publishing Chamber, Sri Nikethan, Thycaud P.O, Thiruvananthapuram 695014. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar